# സത്യദൂതൻ

2023 ഏപ്രിൽ | ലക്കം 04

വില ₹ 30



## വിശുദ്ധഖുർആൻ മനുഷ്യനെ പൂർണ്ണനാക്കുന്നു

## ഐക്യരാഷ്ട്ര സഭയുടെ  ഇസ്‌ലാമോഫോബിയ വിരുദ്ധ ദിനം

ഉടൻ പുറത്തിറങ്ങുന്നു!!

ഖുർആനിക ദർശനങ്ങളുടെ
അകം പൊരുൾ തുറന്നു കാട്ടുന്ന കൃതി.

# കേവലനീതി കാരുണ്യം ബന്ധുത്വം
# മൂന്ന് സക്രിയ തത്വങ്ങൾ

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
(ഖലീഫത്തുൽ മസീഹ് IV)

വിവ: എ. എം മുഹമ്മദ് സലീം

*മനുഷ്യനിലും പ്രകൃതിയിലും പ്രതിഫലിക്കുന്ന
ദൈവികഗുണങ്ങളുടെ
അസാധാരണവും അത്യുജ്ജ്വലവുമായ
ആവിഷ്ക്കാരം*




The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2023 ഏപ്രിൽ
ഹി.ശ.1403- ശഹാദത്ത്
1444 റംസാൻ - ശവ്വാൽ
പുസ്തകം 95 ലക്കം 04
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം
**സൂര്യസമാനം പ്രകാശിക്കുന്ന പൂർണ്ണമനുഷ്യൻ**



**7**
പ്രഭാഷണം
**വിശുദ്ധഖുർആൻ മനുഷ്യനെ പൂർണ്ണനാക്കുന്നു**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2023 മാർച്ച് 17-ാം തീയതി യുകെയിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**11**
**നീതിയുടെ ലംഘനം**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**16**
**യേശു: വിശ്വാസ നിഗൂഢതകളുടെ മറനീക്കപ്പെടുന്നു**
എ.എം. മുഹമ്മദ് സലീം

**23**
**ഏകദൈവ വിശ്വാസവും സാർവ്വജനീന മാനവ ഐക്യവും**
മൗലാനാ മുഹമ്മദ് ഉമർ (മർഹൂം), കോഴിക്കോട്

**28**
**ദിവ്യജ്ഞാനവും ദൈവസംപ്രാപ്തിയും**
മഹമൂദ് കൽക്കുളം

**31**
**ആദമിന്ന് മുമ്പും മനുഷ്യൻ ജീവിച്ചിരുന്നു**
ചൗധരി ഖാലിദ് സൈഫുല്ലാഹ് ഖാൻ, സിഡ്നി

**33**
ഭാഗം - 38
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**40**
കുറിപ്പുകൾ
**ഐക്യരാഷ്ട്ര സഭയുടെ ഇസ്‌ലാമോഫോബിയ വിരുദ്ധ ദിനം**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 80755 86837**
Email-salimqld@gmail.com



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അവരുടെ കൂടിയാലോചനകളിൽ മിക്കതിലും യാതൊരു നന്മയുമില്ല. ദാന ധർമം ചെയ്യുന്നതിനോ നല്ല കാര്യങ്ങൾക്കായോ ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുന്നതിനോ കൂടിയാലോചന ചെയ്യുന്നവരുടെ തൊഴിച്ച് അല്ലാഹുവിന്റെ തൃപ്തി അന്വേഷിച്ച് കൊണ്ട് ആരെങ്കിലും അങ്ങനെയുള്ള കൂടിയാലോചന ചെയ്യുന്നതായാൽ നാം അവന്ന് മഹത്തായ പ്രതിഫലം നൽകുന്നതാണ്. (4:115)

## നബിവചനം



തിരുനബി(സ)ടെ അടുക്കൽ ഒരാൾ തന്റെ ഹൃദയത്തിന്റെ കാഠിന്യത്തെ പറ്റി സങ്കടം പറഞ്ഞു. ഒരു അനാഥകുട്ടിയെ ലാളിക്കുവാനും അഗതിക്ക് ആഹാരം നൽകാനും നബി (സ) അദ്ദേഹത്തെ ഉപദേശിക്കുകയാണ് ചെയ്തത്. (നബി വചനം)

## വാഗ്ദത്ത മസീഹിന്റെ വചനം



ഐക്യം അഥവാ മൈത്രി എത്രയും അമൂല്യമായതാകുന്നു. മറ്റ് യാതൊരു മാർഗേണയും ദൂരീകരിക്കാൻ കഴിയാത്ത വിപത്തുകളേയും ഐക്യം മുഖേന വിജയിക്കാൻ സാധിക്കുന്നത് ആർക്കും ഗോപ്യമായതല്ല. ഐക്യത്തിന്റെ അനുഗ്രഹീത സ്ഥലങ്ങളിൽ നിന്നും നാം നമ്മെ അകറ്റിക്കളയുന്നത് ഒരിക്കലും ബുദ്ധിപൂർവ്വകമായിരിക്കില്ല. (പൈഗാമെ സുൽഹ്)

എഡിറ്റോറിയൽ

# ഈദിന്റെ സുവിശേഷവും താക്കീതും


ശരീരത്തെ ഞെരിപ്പോടാക്കി മാറ്റി ആത്മാവിനെ സ്ഫുടം ചെയ്തെടുക്കുന്ന ഒരു മാസത്തെ വ്രതത്തിന്റെ ശുഭപര്യാവസാനം ആഘോഷിക്കുന്ന ആത്മീയോത്സവ ദിനമാണ് ഈദുൽ ഫിത്ർ. ആഹാരം കഴിച്ച് അവസാനത്തെ നോമ്പ് തുറക്കുന്നത് മുതൽ ആരംഭിക്കുന്ന സന്തോഷ സുദിനം, ശരീരത്തിന്റെയും ആത്മാവിന്റെയും വിഭവ സമൃദ്ധിയുടെ ഉത്സവമാണ്. അതാണ് ഈദുൽ ഫിത്ർ.

ആവർത്തിച്ചു വരുന്നത്, ആഘോഷം, ഉത്സവം എന്നെല്ലാം അർത്ഥമുള്ള 'ഈദ്'എന്ന പദം ഖുർആനിൽ ഉപയോഗിച്ച സന്ദർഭം നാം ഓർക്കേണ്ടതുണ്ട്. പരമ ഭക്തരും അൽപ്പാഹാരികളും കൊടിയ ദരിദ്രരുമായ ഈസാ നബി(അ)യുടെ അനുയായികളായിരുന്നു ഹവാരികൾ അഥവാ എസ്സിനികൾ. ദിവ്യവെളിപാടുകൾക്കൊണ്ടനുഗ്രഹീതരും അവധദുതപദം പൂകിയ സാത്വികരുമായ ഹവാരികൾ ആകാശീയവും ആത്മീയവുമായ വിഭവങ്ങൾ കാംഷിച്ചുകൊണ്ട് തങ്ങളുടെ മാർഗ്ഗദർശകനായ ഈസാ(അ)നബിയോട് ചോദിച്ചു **'ഓ മർയമിന്റെ മകൻ ഈസാ ഞങ്ങൾക്ക് ആകാശത്തിൽ നിന്ന് ഭക്ഷണത്തളിക ഇറക്കിത്തരാൻ താങ്കളുടെ നാഥനു സാധിക്കുമോ?'** അദ്ദേഹം പറഞ്ഞു: **'നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ അല്ലാഹുവിനെ ഭയപ്പെടുവീൻ'.** അവർ പറഞ്ഞു: **'അതിൽ നിന്ന് ഞങ്ങൾ ഭക്ഷിക്കുകയും ഞങ്ങൾക്ക് മനസ്സമാധാനം ഉണ്ടാക്കുകയും നീ ഞങ്ങളോട് സത്യമാണ് പറഞ്ഞതെന്ന് ഞങ്ങൾക്ക് ബോദ്ധ്യമാവുകയും ഞങ്ങളതിന്ന് സാക്ഷ്യം വഹിക്കുന്നവരായി തീരുകയും ചെയ്യണമെന്ന് ഞങ്ങളാഗ്രഹിക്കുന്നു.'**

**ഈസബ്നു മറിയം പറഞ്ഞു: 'ഞങ്ങളുടെ നാഥനായ അല്ലാഹുവേ ഞങ്ങൾക്ക് ആകാശത്തുനിന്നും ഒരു ഭക്ഷണത്തളിക ഇറക്കിത്തന്നാലും! അത് ഞങ്ങളുടെ മുൻഗാമികൾക്കും പിൻഗാമികൾക്കും ഉത്സവവും (ഈദ്) നിന്നിൽ നിന്നുള്ള ഒരു ദൃഷ്ടാന്തവുമായിരിക്കണം. നീ ഞങ്ങൾക്ക് ആഹാരം നൽകേണമേ നീ ആഹാരം നൽകുന്നവരിൽ അത്യുത്തമനാണല്ലോ' അല്ലാഹു പറഞ്ഞു:'തീർച്ചയായും ഞാൻ നിങ്ങൾക്ക് അത് ഇറക്കിത്തരുന്നതാണ്. എന്നാൽ അതിന്ന് ശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്ന പക്ഷം മുഴുലോകത്തിലും വെച്ച് ആരെയും ശിക്ഷിക്കാത്തവിധത്തിലുള്ള ശിക്ഷ ഞാൻ അവനെ ശിക്ഷിക്കുന്നതാണ്'(അൽമായിദ 113-115)**

ഈസാ നബി(അ)യുടെ പ്രാർത്ഥനാ ഫലമായി തന്റെ അനുയായികൾക്ക് ആത്മീയവും ഭൗതികവുമായ പെരുന്നാളായി ആഘോഷിക്കാവുന്ന സമൃദ്ധമായ വിഭവം അല്ലാഹു നൽകി. ഹവാരികൾ അത് നന്ദിയോടെ ഭുജിച്ചു. ക്രൂരന്മാരായ റോമാചക്രവർത്തിമാർക്ക് കീഴിലും ക്രിസ്ത്യാനികൾ ത്യാഗോജ്ജ്വലമായ ജീവിതം നയിച്ചു. സന്തുഷ്ടിയോടെ കാലയവനികക്കുള്ളിൽ മറഞ്ഞു. യേശുവിന്റെ അനുയായികളായ ഹവാരികളെ ബൈബിൾ വിട്ടുകളഞ്ഞെങ്കിലും ആ ഭക്ത സമൂഹത്തിന്റെ ചരിത്രം ഖുർആൻ അനശ്വരമാക്കി. ആധുനിക ചരിത്രഗവേഷണങ്ങൾ എസ്സീനികൾ എന്നറിയപ്പെടുന്ന ഖുംറാൻ നിവാസികളായ ഹവാരിയീങ്ങളുടെ ചരിത്രം പുറത്ത് കൊണ്ട് വരികയും അവരുടെ സാത്വിക ജീവിതത്തിന്റെ വിസ്മയകരമായ യശോധാവല്യം ലോകത്ത് പ്രകാശിതമാവുകയും ചെയ്തിരിക്കുന്നു.

പ്രസ്തുത ഖുർആൻ വചനങ്ങൾ നന്ദികേട് കാണിക്കുന്നവരെക്കുറിച്ച് താക്കീത് നൽകിയിരിക്കുന്നത് ശ്രദ്ധേയമാണ്. യേശുവിന്റെ പിൽക്കാലത്തെ അനുയായികൾ പാശ്ചാത്യ ക്രൈസ്തവ നാഗരികത യേശുവിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളിൽ നിന്നും വഴിപിരിഞ്ഞു. ഭൗതികമായ ആ വിഭവ സമൃദ്ധി അവർ അനുഭവിച്ചെങ്കിലും നന്ദികേടിന്റെ പെരുന്നാളാണ് പിന്നീടവർ ആഘോഷിച്ചത്. പ്രത്യേകിച്ച് കഴിഞ്ഞ മൂന്ന് നൂറ്റാണ്ടുകളായി അവർ അധിനിവേശത്തിന്റെയും അടിമപ്പെടുത്തലിന്റെയും ചൂഷണത്തിന്റെയും അതിരുകടന്ന ആസ്വദനങ്ങളുടെയും ഭൗതികോത്സവങ്ങൾ ആഘോഷിക്കുകയാണ്. ഖുർആന്റെ താക്കീത് അവർ ഓർക്കുക. **'മുഴുലോകത്തിലും വെച്ച് ആരെയും ശിക്ഷിക്കാത്ത വിധത്തിലുള്ള ശിക്ഷ ഞാൻ അവനെ ശിക്ഷിക്കുന്ന താണ്'** ലോകത്തിന്റെ ഭൗതിക സമ്പത്തിന്റെ മുഖ്യ ഭാഗം ആസ്വദിക്കുന്ന പാശ്ചാത്യ ക്രൈസ്തവ ദേശങ്ങളിലാണ് ഒന്നും രണ്ടും ലോക മഹായുദ്ധങ്ങൾ നടന്നത്. ഇതിൽ ഖുർആന്റെ 'ലോക' പ്രയോഗം ശ്രദ്ധേയമാണ്. ആ നാടുകൾക്ക് മീതെ വീണ്ടും നിഴലിട്ട് കൊണ്ടിരിക്കുന്ന ഭയാനകവും സർവ്വ നാശകരവും ആസന്നവുമായ ഒരു യുദ്ധം ഖുർആൻ വചനത്തിൽ അടങ്ങിരിക്കുന്ന പൂർണ്ണാർത്ഥത്തിലുള്ള ഒരു ശിക്ഷയുടെ സൂചനയാണോ? ആ നാശത്തിൽ നിന്നും അല്ലാഹു ലോകത്തെ രക്ഷിക്കട്ടെ. യേശുവിന്റെ ത്യാഗിവര്യന്മാരായ അനുയായികൾക്ക് അല്ലാഹു പ്രതിഫലമായി നൽകിയ മനസ്സമാധാനം തരുന്ന 'ഈദ്' നമുക്കും ആഘോഷിക്കുവാനുള്ള സൗഭാഗ്യം അല്ലാഹു നൽകട്ടെ.



ഹദ്റത്ത് അഹ്മദ് (അ)

# സൂര്യസമാനം പ്രകാശിക്കുന്ന പുർണ്ണമനുഷ്യൻ

സൂര്യനിൽ എന്ന പോലെ മനുഷ്യാത്മാവിലും ഒരു തേജസ്സ് അഥവാ, വിവേക ബുദ്ധിയുടെയും ജ്ഞാനത്തിന്റെയും പ്രകാശം സ്ഥിതി ചെയ്യുന്നുണ്ട്. അതുമൂലം അവന് മുഴുലോകത്തെയും പ്രകാശ മാനമാക്കിത്തീർക്കുവാൻ സാധിക്കുന്നതാണ്. ചന്ദ്രനെപോലെ അവൻ സർവ്വ തേജോകേന്ദ്രമായ ദൈവത്തിൽ നിന്നുള്ള ആത്മദർശനവും ദിവ്യ വെളിപാടുമാകുന്ന പ്രകാശം സ്വീകരിക്കുകയും മനുഷ്യ പൂർണ്ണത സിദ്ധിക്കാതെ അന്ധകാരത്തിൽ വർത്തിക്കുന്നവർക്ക് തൽപ്രഭാപൂരം വിതരണം ചെയ്യുകയും ചെയ്യുന്നു. അതിനാൽ പ്രവാചക പട്ടം വെറും ഭോഷ്കാണെന്നും സർവ്വോന്നതനായ ദൈവത്തിൽ നിന്നുള്ള ദൗത്യവും ധർമ്മനിയമവും തത്ത്വഗ്രന്ഥവുമെല്ലാം സ്വാർത്ഥത പുലർത്തുന്നതിന്നുള്ള കുതന്ത്രമാണെന്ന് പറയുന്നത് തീരെ ബുദ്ധിപൂർവ്വകമല്ല.

പകൽ പ്രകാശ പൂർണ്ണമായിരിക്കുന്നത് കൊണ്ട് സകല മാർഗ്ഗങ്ങളും പാതകളും അവയുടെ ഉയർച്ചയും താഴ്ച്ചയും കുന്നും കുഴിയുമെല്ലാം തെളിഞ്ഞു കാണുമാറാകുന്ന പ്രകാരം, അദ്ധ്യാത്മ പ്രഭയുടെ അഹസ്സാകുന്ന പരിപൂർണ്ണ മനുഷ്യന്റെ ആവിർഭാവത്താൽ എല്ലാമാർഗ്ഗവും ദൃഷ്ടി ഗോചരമായി ഭവിക്കുന്നതാണ് ആ സൽപുമാൻ സത്യത്തിന്റെയും സൽഗതിയുടെയും ഉജ്ജ്വല ദിനമായിരിക്കുന്നതിനാൽ സത്യാസത്യങ്ങളെ വേർതിരിച്ച് നേരായ മാർഗ്ഗം കാണിച്ചു തരുന്നു. ഇതേപ്രകാരം, രാത്രിയാകട്ടെ ക്ഷീണിതർക്കും ബലഹീനർക്കും വിശ്രമം നൽകുന്നു എന്നത് പ്രത്യക്ഷമാണ്. പകൽ സമയം ജോലി ചെയ്ത് ക്ഷീണിക്കുന്ന തൊഴിലാളികൾ നിശയാകുന്ന ശയ്യയിൽ വിശ്രമിക്കുകയും സുഖമായി നിദ്ര കൊള്ളുകയും ചെയ്യുന്നു. തന്നെയുമല്ല, രാത്രി എല്ലാവരുടേയും കുറ്റങ്ങളും കുറവുകളും മറയ്ക്കുന്ന ഒരാവരണം കൂടിയാണ്. ഈ വിധം തന്നെ പരിപൂർണ്ണ ഗുണങ്ങളോടു കൂടിയ ദൈവ ദാസൻ ലോകത്തിന് സൗഖ്യവും ആശ്വാസവും പ്രദാനം ചെയ്യുവാനായിട്ടാണ് ആവിർഭവിക്കുന്നത്. ദൈവത്തിന്റെ പ്രേമാത്മകമായ ഭാഷണവും വെളിപാടും സിദ്ധിച്ച പുണ്യാത്മാവ് വിവേക ജ്ഞാനികളുടെ ആന്തരീയ രോഗങ്ങൾ നിഗ്രഹിച്ച് അവർക്ക് സൗഖ്യവും സമാശ്വാസവും നൽകുന്നു. മഹാബുദ്ധിമാന്മാർക്ക് പോലും കണ്ടെത്താൻ സാധിക്കാത്ത ആത്മീയ തത്ത്വങ്ങളും ജ്ഞാന രഹസ്യങ്ങളും ആ ദൈവദാസൻ മുഖേന വെളിപ്പെടുകയും സുഗ്രാഹ്യമായി ഭവിക്കുകയും ചെയ്യുന്നു. ദൈവവചനത്തിന്റെ വെളിപാട് മനുഷ്യന്റെ വിവേക ബുദ്ധിയെ തീക്ഷ്ണതരമാക്കുകയും അതിന്റെ ന്യൂനതകളെ മറച്ചുകളയുകയും അതിന്റെ വീഴ്ച്ചകൾ ലോകത്തിന്ന് വെളിപ്പെടാതിരിക്കാൻ സൂക്ഷിക്കുകയും ചെയ്യുന്നു. വിവേകികൾ ദൈവ വചനത്തിന്റെ പ്രകാശം സിദ്ധിക്കമൂലം ആന്തരീയ മായ തങ്ങളുടെ തെറ്റുകൾ തിരുത്തുകയും ദൈവത്തിന്റെ വിശുദ്ധ വെളിപാടിന്റെ സഹായത്താൽ ലോകാപവാദത്തിൽ നിന്ന് സ്വയം രക്ഷിക്കുമാറാകുകയും ചെയ്യുന്നു. അതിനാലാണത്രെ ഇസ്ലാമിലുണ്ടായ ഒരു തത്വജ്ഞാനിയും യവന ദാർശനികനായ പ്ളാറ്റോ (അഫ്ലാത്തുൻ) വിനെ പോലെ വിഗ്രഹത്തിന്ന് ബലിയർപ്പിക്കാതിരുന്നത്. ഏതാദൃശമായ പ്രകാശസിദ്ധിക്ക് ഭാഗ്യമില്ലാതിരുന്നതിനാൽ പ്ളാറ്റോ തെറ്റിദ്ധാരണകൾക്ക് വശഗതനായി ഭവിച്ചു. മഹാ തത്ത്വജ്ഞാനിയായിരുന്നിട്ടും അദ്ദേഹത്തിന്ന് അനഭിലഷണീയമായ ഈ മൗഢ്യം പിണയുക തന്നെ ചെയ്തു. എന്നാൽ ഇസ്ലാമിലെ ത്വജ്ഞാനികളെ ഇത്തരം വിവേക ശൂന്യമായ ക്രിയകളിൽ നിന്നും നിരോധിച്ചത്, നബി നായകൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ ഉപദർശനമാണെന്ന കാര്യം നിസ്സന്ദേഹമത്രേ. ഇങ്ങിനെ ദൈവവചനമാകുന്ന വെളിപാട് രാത്രിയെ പോലെ വിവേകികൾക്ക് ഒരാവരണമായി തീരുന്നു.

(ഇസ്ലാംമത തത്വജ്ഞാനം)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2023 മാർച്ച് 17-ാം തീയതി യുകെയിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# വിശുദ്ധഖുർആൻ മനുഷ്യനെ പൂർണ്ണനാക്കുന്നു




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

വിശുദ്ധ ഖുർആനനുസരിച്ച്, മതത്തിന്റെ സ്ഥാനം എന്താണ്, മനുഷ്യശക്തിയിൽ അതിന്റെ നിയന്ത്രണം എന്താണ്; എന്തായിരിക്കണം. ഹദ്റത് മസീഹ് മൗഊദ്[അ] പറയുന്നു: ബൈബിൾ തത്വോപദേശങ്ങളുടെ മർഗങ്ങളിൽനിന്ന് അകന്നു നിൽക്കുന്നതിനാൽ ഇതിന് ഉത്തരം നൽകിയിട്ടില്ല, വിശുദ്ധ ഖുർആൻ വളരെ വിശദമായി ആവർത്തിച്ച് ഈ പ്രശ്നം പരിഹരിക്കുന്നു. മനുഷ്യന്റെ സ്വാഭാവിക പ്രകൃതത്തെ മാറ്റിമറിച്ചുകൊണ്ട് ചെന്നായയെ ആടിനെപ്പോലെയാക്കുന്നത് മതത്തിന്റെ നിലപാടല്ല. അതായത് ശക്തിയുള്ളവനെ ദുർബലനാക്കി കാണിക്കുക എന്നത്. എന്നാൽ മതത്തിന്റെ ലക്ഷ്യം, മനുഷ്യന്റെ ഉള്ളിൽ സ്വാഭാവികമായി നിലനിൽക്കുന്ന കഴിവുകളെയും ശക്തികളേയും, യോഗ്യതകളേയും അതിന്റെ സ്ഥാനത്തും അവസരത്തിലും പ്രയോഗിക്കുക എന്നതിനുള്ള മർഗനിർദേശം നൽകുക എന്നതാകുന്നു. മനുഷ്യന്റെ സ്വാഭാവിക ശക്തിയെ മാറ്റിമറിക്കൽ മതത്തിന്റെ അധികാരത്തിൽപെട്ടതല്ല, മറിച്ച് അവസരോചിതമായി ഉപയോഗിക്കാൻ നിർദ്ദേശിക്കുകയാണ് ചെയ്യുന്നത്. ഒരു കഴിവിനു മാത്രം സമ്മർദം ചെലുത്താതെ എല്ലാ കഴിവുകളെയും ഉപയോഗിക്കാൻ ഉപദേശിക്കുക. സമുദ്ധാരണവും അഭിവൃദ്ധിയുമാണ് യഥാർഥ ലക്ഷ്യം. ഈ ഉദ്ദേശ്യത്തിനായി സാധ്യമായ വിധത്തിൽ പ്രവർത്തിക്കേണ്ടതാണ്.

അവിടുന്ന് പറയുന്നു: മുസ്ലിംകൾ ഖുർആനെ തികച്ചും മനസ്സിലാക്കിയിട്ടില്ല എന്നത് ശരിയാണ്. എന്നാൽ ഇപ്പോൾ ഖുർആന്റെ യഥാർഥ അർഥം വെളിപ്പെടുത്താനാണ് ദൈവം ഉദ്ദേശിക്കുന്നത്, ദൈവം അതിനായിട്ടാണെന്നെ നിയോഗിച്ചിട്ടുള്ളത്. അവന്റെ വെളിപാടിലൂടെ ഞാൻ വിശുദ്ധ ഖുർആനെ മനസ്സിലാക്കിയിരിക്കുന്നു. എതിരെ ഒരു എതിർപ്പും ഉന്നയിക്കാൻ കഴിയാത്തതാണ് വിശുദ്ധ ഖുർആന്റെ അധ്യാപനം.

അത് ഒരു തത്ത്വചിന്തകന് പോലും എതിർക്കാൻ അവസരം ലഭിക്കാത്ത തരത്തിൽ സുഗ്രാഹ്യമായ അധ്യാപനങ്ങളാൽ നിറഞ്ഞതാണ്. തുടർന്ന് ഖുർആന്റെ മഹത്വം വിവരിച്ചുകൊണ്ട് അവിടുന്ന് ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് പറയുന്നു: വിശുദ്ധ ഖുർആനെക്കുറിച്ച് ചിന്തിക്കുക. അതിൽ നന്മ തിന്മകളുടെ വിവരണമുണ്ട്. ഭാവി കാലത്തെക്കുറിച്ചുള്ള വാർത്തകളുണ്ട്. അതിന്റെ അനുഗ്രഹങ്ങളും ഫലങ്ങളും പുതുതായി ലഭിച്ചുകൊണ്ടിരിക്കുന്നതിനാൽ എതിർക്കാൻ കഴിയാത്ത ഒരു മതമാണ് അത് സമർപ്പിക്കുന്നത്. അല്ലാഹു എല്ലാ രോഗങ്ങൾക്കും പ്രതിവിധി പറഞ്ഞുതന്നതും എല്ലാ കഴിവുകൾക്കും പരിശീലനം നൽകിയതും പ്രത്യക്ഷമായി ട്ടുള്ള എല്ലാ തിന്മകളും നീക്കം ചെയ്യാനുള്ള വഴി പറഞ്ഞുതന്നതും വിശുദ്ധ ഖുർആന്റെ ബഹുമതി യാണ്. അതിനാൽ, വിശുദ്ധ ഖുർആൻ പാരായണം ചെയ്തും ദുആ ചെയ്തും കൊണ്ടിരിക്കുക. നിങ്ങളുടെ പെരുമാറ്റത്തെ അതിന്റെ അധ്യാപനങ്ങൾക്ക് കീഴിൽ നിലനിർത്താൻ ശ്രമിക്കുക.

ഖുർആനെ ചിന്തിക്കുന്നതിലേക്ക് ശ്രദ്ധതിരിച്ചു കൊണ്ട് പറയുന്നു: ചടങ്ങുകളിൽ നിന്നും ആചാരങ്ങളിൽ നിന്നും വിട്ടുനിൽക്കുക. ഇത് മൂലം ക്രമേണ ശരീഅത്തിൽ കൈകടത്തലുകൾ ആരംഭി ക്കുന്നു. അത്തരം സഹചര്യങ്ങൾക്കായി ചെലവഴിക്കുന്ന സമയം ഖുർആനിലേക്ക് ചിന്തിക്കുന്നതിനായി ഉപയോഗിക്കുകയാണ് ഏറ്റവും നല്ല മാർഗം. ഹുസൂർ തിരുമനസ്സ് പറഞ്ഞു: നൂതനാശയങ്ങളിൽ നിന്ന് മോചനം നേടണം, വിശുദ്ധ ഖുർആന്റെ പരിഭാഷയും വ്യാഖ്യാനവും വായിക്കുന്നതിലേക്ക് കൂടുതൽ ശ്രദ്ധിക്കുകയും വേണം. അടുത്ത ആഴ്ച റമദാൻ ആരംഭിക്കുന്നതിനാൽ ഈ റമദാനിൽ, പ്രത്യേകിച്ച്, വിശുദ്ധ ഖുർആൻ പാരായണം ചെയ്യാനും പഠിപ്പിക്കാനും മനസ്സിലാക്കാനും ശ്രമിക്കണം.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: ഹൃദയ കാഠിന്യം മയപ്പെടുത്താനുള്ള ഏക മാർഗം ഖുർആൻ വീണ്ടും വീണ്ടും വായിക്കുക എന്നതാണ്. പ്രാർത്ഥനയുള്ളിടത്തെല്ലാം ഈ അനുഗ്രഹം എന്നിലും ഉൾപ്പെടണമെന്ന് വിശ്വാസിയുടെ ഹൃദയം ആഗ്രഹിക്കുന്നു. വിശുദ്ധ ഖുർആന്റെ ഉദാഹരണം പൂന്തോട്ടം പോലെയാണ്; ഒരു പൂവ് ഒരിടത്ത് നിന്ന് പറിക്കുന്നു, പിന്നീട് മുന്നോട്ട് നീങ്ങി മറ്റൊരു രീതിയിലുള്ള പൂവ് പറിക്കുന്നു. അതുകൊണ്ട് ഓരോ സ്ഥലത്തിന്റെയും അനുയോജ്യ സാഹചര്യം പ്രയോജനപ്പെടുത്തേണ്ടതാണ്. ഒരു വ്യക്തി കൽപ്പനകളും വിലക്കുകളും നടപ്പാക്കുന്നതിലൂടെ ആത്മീയ വികാസത്തിലേക്ക് നയിക്കുന്നു. അല്ലാഹു കൽപ്പിച്ചത് ചെയ്യുകയും അവൻ വിലക്കിയതിനെ തടയാൻ ശ്രമിക്കുകയും വേണം. ഈ പൂന്തോട്ടത്തിൽ നിന്ന് മനുഷ്യൻ പറിച്ചെടുക്കുന്ന പൂക്കളാണ് ഇത്.

വിശുദ്ധ ഖുർആനേക്കാൾ കുറഞ്ഞ പദവിയാണ് ഹദീസുകൾക്കെന്ന് സ്വഹാബാക്കൾ വിശ്വസിച്ചിരുന്നു. ഹദീസുകൾ പിന്നീട് ശേഖരിക്കപ്പെട്ടതാണ് എന്നോർക്കുക. എന്നാൽ സ്വഹാബികളിൽ ചിലർ അത് എഴുതാറുണ്ടായിരുന്നു. ഹദ്റത്ത് ഉമർ(റ) ഒരു തീരുമാനം കേൾപ്പിക്കാൻ തുടങ്ങിയ അവസരത്തിൽ ഒരു വൃദ്ധ പറഞ്ഞു: (അതിനെപറ്റി) ഹദീസിൽ ഇങ്ങനെയാണ് എഴുതിയിട്ടുള്ളത്. പക്ഷേ ഒരു വൃദ്ധക്കുവേണ്ടി ഞാൻ അല്ലാഹുവിന്റെ ഗ്രന്ഥത്തെ ഉപേക്ഷിക്കുന്നതല്ലെന്ന് അദ്ദേഹം പറയുകയുണ്ടായി. അതിനാൽ ഇതാണ് യാഥാർഥ്യം; നമ്മൾ ഇതിനെയാണ് അംഗീകരിക്കേണ്ടത്. അങ്ങനെയല്ല എങ്കിൽ, പിന്നെ അനാചാരങ്ങൾ പെരുകുന്നതാണ്. അതുകൊണ്ട് തന്നെയാണ് മുസ്‌ലിംകൾക്കിടയിൽ അനാചാരങ്ങൾ വ്യാപിക്കുന്നതും വിശുദ്ധ ഖുർആന്റെ യഥാർഥ അധ്യാപനങ്ങളിൽ നിന്ന് അവർ ദൂരപ്പെടുന്നതും. മുസ്‌ലിംകളിൽ ഭൂരിപക്ഷവും അജ്ഞരാണ്. നാമധാരികളായ പണ്ഡിതന്മാർ നയിക്കുന്ന ദിശയിലേക്ക് അവർ പോകുകയും അനാചാരങ്ങൾ വ്യാപിക്കുകയും ചെയ്യുന്നു. എന്നിട്ടും നമ്മെപറ്റി വിശുദ്ധ ഖുർആനെ വളച്ചൊടിക്കുന്നു എന്ന് അവർ ആരോപിക്കുകയും ചെയ്യുന്നു.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: ഹൃദയ കാഠിന്യം മയപ്പെടുത്താനുള്ള ഏകമാർഗം ഖുർആൻ വീണ്ടും വീണ്ടും വായിക്കുക എന്നതാണ്. പ്രാർത്ഥനയുള്ളിടത്തെല്ലാം ഈ അനുഗ്രഹം എന്നിലും ഉൾപ്പെടണമെന്ന് വിശ്വാസിയുടെ ഹൃദയം ആഗ്രഹിക്കുന്നു. വിശുദ്ധ ഖുർആന്റെ ഉദാഹരണം പൂന്തോട്ടം പോലെയാണ്; ഒരു പൂവ് ഒരിടത്ത് നിന്ന് പറിക്കുന്നു, പിന്നീട് മുന്നോട്ട് നീങ്ങി മറ്റൊരു രീതിയി ലുള്ള പൂവ് പറിക്കുന്നു. അതു കൊണ്ട് ഓരോ സ്ഥലത്തിന്റെയും അനുയോജ്യ സാഹചര്യം പ്രയോജനപ്പെടുത്തേണ്ടതാണ്. ഒരു വ്യക്തി കൽപ്പനകളും വിലക്കുകളും നടപ്പാക്കുന്നതിലൂടെ ആത്മീയ വികാസത്തിലേക്ക് നയിക്കുന്നു. അല്ലാഹു കൽപ്പിച്ചത് ചെയ്യുകയും അവൻ വിലക്കിയതിനെ തടയാൻ ശ്രമിക്കുകയും വേണം. ഈ പൂന്തോട്ടത്തിൽ നിന്ന് മനുഷ്യൻ പറിച്ചെടുക്കുന്ന പൂക്കളാണ് ഇത്.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: മുസ്‌ലിംകൾ വിശുദ്ധ ഖുർആനെ പിന്തുടരുകയും മുറുകെ പിടിക്കുകയും ചെയ്യുന്നില്ലെങ്കിൽ അവർക്ക് ഒരു തരത്തിലുള്ള പുരോഗതിയും കൈവരിക്കാൻ കഴിയില്ല. അവിടുന്ന് പറയുന്നു: ഖുർആൻ രത്നങ്ങളുടെ കലവറയാകുന്നു. ആളുകൾക്ക് അതിനെക്കുറിച്ച് അറിവില്ല. ആളുകൾ ആവേശത്തോടും ഉത്സാഹത്തോടും കൂടി വിശുദ്ധ ഖുർആനിലേക്ക് ശ്രദ്ധിക്കുന്നില്ല എന്നത് വ്യസനകരം തന്നെയാണ്.

പറയുന്നു: ഖുർആൻ വാദങ്ങൾക്ക് തെളിവുകൾ നൽകുന്നു. സുദൃഢവും സുശക്തവുമായ തെളിവുകൾ ഇല്ലാതെ അത് ഒരു കാര്യവും പറയുന്നില്ല. വിശുദ്ധ ഖുർആന്റെ വാക്ചാതുര്യത്തിന് ഒരു ആകർഷണീയത ഉണ്ട്. അതിന്റെ അധ്യാപനത്തിൽ യുക്തിയും ആകർഷണീയതയും ഉള്ളതുപോലെ തന്നെ അതിന്റെ തെളിവുകളും ഫലപ്രദമാണ്. അതുകൊണ്ട് മറ്റൊരു ഗ്രന്ഥത്തിനും ഖുർആനുമായി മത്സരിക്കാനാവില്ല. നിങ്ങൾ ഖുർആൻ വായിക്കുകയും വിശുദ്ധ ഖുർആനിൽ എന്തെങ്കിലും കാണുകയും ചെയ്യുമ്പോൾ അതിന്റെ തെളിവ് അവിടെ നോക്കുക... ഓർക്കുക, ജാലവിദ്യ ഓടിപ്പോകുന്ന തരത്തിൽ നാം ഖുർആനെ സമർപ്പിക്കുന്നു. അസത്യത്തിനോ ജാലവിദ്യക്കോ അതിനു മുന്നിൽ നിൽക്കാനാവില്ല. ഒരു അസത്യത്തിനും മുന്നിൽ നിൽക്കാൻ ധൈര്യപ്പെടാത്ത മഹത്തായ ആയുധമാണ് വിശുദ്ധ ഖുർആൻ. അത് മൂർച്ചം നഷ്ടപ്പെടാത്ത ഒരു സ്വർഗീയ ആയുധമാണ്. അതിനാൽ, നമ്മുടെ ആത്മീയവും ജ്ഞാനപരവുമായ അവസ്ഥ മെച്ചപ്പെടുത്താനും എതിരാളികളെ നിഷ്പ്രഭമാക്കാനും വിശുദ്ധ ഖുർആനെക്കുറിച്ച് ചിന്തിക്കുന്നതിൽ നാം കൂടുതൽ ശ്രദ്ധ ചെലുത്തണം.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: സമൂഹങ്ങൾക്കിടയിൽ സമാധാനത്തിന് അടിത്തറ പാകുകയും എല്ലാ ജനതയുടെയും പ്രവാചകരെ അംഗീകരിക്കുകയും ചെയ്ത ആദരണീയമായ ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. ലോകമെമ്പാടുമുള്ള ഗ്രന്ഥങ്ങളിൽ നിന്നും ഖുർആനുള്ള ബഹുമതി, അത് لَا نُفَرِّقُ بَيْنَ أَحَدٍ مِّنْهُمْ وَنَحْنُ لَهُ مُسْلِمُونَ എന്ന അധ്യാപനം നൽകിയിരിക്കുന്നു എന്നതാണ്. അതായത്, ലോകത്തിലെ എല്ലാ പ്രവാചകന്മാരിലും ഞങ്ങൾ വിശ്വസിക്കുന്നുവെന്നും ചിലരെ വിശ്വസിച്ച് മറ്റുള്ളവരെ തള്ളിപ്പറഞ്ഞുകൊണ്ട് അവരെ വേർതിരിക്കുന്നില്ലെന്നും മുസ്‌ലിംകളേ നിങ്ങൾ പറയണം. ഇത്തരത്തിൽ മറ്റെന്തെങ്കിലും അനുരഞ്ജന ഗ്രന്ഥമുണ്ടെങ്കിൽ അത് കാണിച്ചു തരണമെന്നും അദ്ദേഹം വെല്ലുവിളിച്ചു. വിശുദ്ധ ഖുർആനെ പിന്തുടരുന്നതിലൂടെ മോക്ഷത്തിന്റെ അടയാളങ്ങൾ ഈ ലോകത്ത് തന്നെ പ്രത്യക്ഷപ്പെടുന്ന ഒരു ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. ലോകത്ത് ദൈവത്തിലേക്ക് എത്തിച്ചേരുന്നതിന് തടസ്സമായിട്ടുള്ള എല്ലാ സംശയങ്ങൾക്കും പരിഹാരം ഉൾക്കൊള്ളുന്ന അതിന്റെ പരാമർശങ്ങൾ സൂക്ഷ്മവും യാഥാർഥ്യവുമാണ്. സംശയത്തിന്റെ കെണിയിൽ നിന്ന് മുക്തമായ ഉറപ്പുള്ളതും നിർണായകവുമായ വചനമാണ് വിശുദ്ധ ഖുർആൻ.

പറയുന്നു: ദൈവം ആദ്യം ഓരോ സമൂഹ ത്തേയും വെവ്വേറെ അയച്ചത് വ്യത്യസ്ത രീതികളിൽ പ്രവർത്തിക്കാനാണ്, എന്നിട്ട് ഏകനായ ദൈവം അവർ ഒന്നാകണമെന്ന് ആഗ്രഹിച്ചു. തുടർന്ന് അവരെയെല്ലാം ഒരുമിച്ച് കൊണ്ടുവരാൻ അവൻ ഖുർആൻ അയച്ചു. കഥകളുടെ രൂപത്തിലുള്ള അധ്യാപനങ്ങൾക്ക് അറിവിന്റെ രൂപം നൽകി വിശുദ്ധ ഖുർആൻ ആദ്യ ഗ്രന്ഥങ്ങളോടും പ്രവാചകന്മാരോടും ഔദാര്യം കാണിച്ചിരിക്കുന്നു. വിശുദ്ധ ഖുർആൻ വായിക്കാതെ ഒരാൾക്കും തന്നെ ഈ കഥകളിൽ നിന്ന് മുക്തി നേടാനാവില്ല. വിശുദ്ധ ഖുർആൻ വായിക്കുകയും അതിനെ കഥയായിതന്നെ കണക്കാക്കുകയും ചെയ്യുന്നവർ അതിനെ അപകീർത്തിപ്പെടുത്തുകയാണ് ചെയ്യുന്നത്. വിശുദ്ധ ഖുർആൻ ശുദ്ധമായ പ്രകാശവും ജ്ഞാനവും യുക്തിയുമാണെന്ന് ലോകത്തെ കാണിക്കാൻ നാം ആഗ്രഹിക്കുന്നതിനാൽ നമ്മുടെ എതിരാളികൾക്ക് നമ്മോട് തീവ്രമായ എതിർപ്പാണ്. ദൈവം തന്റെ കൃപയാൽ നമുക്ക് വെളിപ്പെടുത്തിതന്നിരിക്കുന്നത്, ഖുർആൻ ജീവനുള്ളതും പ്രകാശമാനവുമായ ഒരു ഗ്രന്ഥമാണ് എന്നതിനാൽ നാം എന്തിന് അവരുടെ എതിർപ്പിനെ വകവെക്കണം.?

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: ഖുർആനിൽ മഹത്തായ ജ്ഞാനങ്ങളടങ്ങിയിരിക്കുന്നു; അതിനെ സുവിശേഷങ്ങളിൽ അന്വേഷിക്കുന്നത് വ്യർത്ഥമാണ്. അതുകൊണ്ട് അതിന്റെ അർത്ഥങ്ങളിൽ ചിന്തിക്കാൻ എല്ലാവരും ശീലിക്കണം. അങ്ങനെ ദൈവവചനങ്ങളുടെ ഭംഗി നാം അറിയണം. വിശുദ്ധ ഖുർആനിൽ തുടക്കം മുതൽ അവസാനം വരെ കൽപ്പനകളുടെയും വിലക്കുകളുടെയും വിവരണം ഉണ്ട്. പാരായണം ചെയ്യുമ്പോൾ അവ കണ്ടെത്തി നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കണം, അപ്പോൾ മത്രമേ ദൈവത്തിന്റെ വചനത്തിൽ നിന്ന് നമുക്ക് യഥാർത്ഥ അനുഗ്രഹം ലഭിക്കുകയുള്ളു. ഖുർആനിൽ എല്ലാം ഉണ്ട്, എന്നാൽ ഉൾക്കാഴ്ച ഇല്ലെങ്കിൽ ഒന്നും നേടാനാവില്ല.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: വിശുദ്ധ ഖുർആൻ അറിവിന്റെ നിധിയാണ്. ലോകത്തിന്റെ അനുഗ്രഹവും അതോടൊപ്പം വരുന്നു. അതുകൊണ്ടാണ് അല്ലാഹു പ്രവാചകന്മാരെ അയച്ച് അവന്റെ അവസാന ഗ്രന്ഥം അവതരിപ്പിച്ചത്; അതിന്റെ ഫലങ്ങൾ അറിയുന്നതിലൂടെ ലോകം രക്ഷിക്കപ്പെടാൻ. അതിനാൽ,

വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾക്കനുസൃതമായി തന്റെ അവസ്ഥയെ ശരിയാക്കാൻ ശ്രമിക്കുന്നിടത്തെല്ലാം ഈ അധ്യാപനത്തെക്കുറിച്ച് ലോകത്തെ അറിയിക്കുകയും ആത്മീയവും ഭൗതികവുമായ നാശത്തിൽനിന്ന് അവരെ രക്ഷിക്കുകയും ചെയ്യേണ്ടത് ഓരോ അഹ്മദിയുടെയും ചുമതലയാണ്. തിരുനബി(സ) ഖാത്തമുന്നബിയ്യീനും വിശുദ്ധ ഖുർആൻ ഖാത്തമുൽ കുത്ബും ആണ്. തിരുനബി(സ) കാണിച്ചുതന്നതും വിശുദ്ധ ഖുർആൻ പഠിപ്പിച്ചതും ഉപേക്ഷിച്ച് രക്ഷ നേടാനാവില്ല എന്നതാണ് നമ്മുടെ മതം. സാധാരണ മുസ്‌ലിംകൾ ഇത് മനസ്സിലാക്കി കാലത്തിന്റെ ഇമാമിനെ തിരിച്ചറിയുന്നവരായി തീരട്ടെ.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് പാകിസ്ഥാൻ, ബുർക്കിന ഫാസോ, ബംഗ്ലാദേശ് എന്നിവിടങ്ങളിലെ അഹ്മദികൾക്കു വേണ്ടി ദുആക്ക് ആഹ്വാനം ചെയ്തുകൊണ്ട് പറഞ്ഞു: പാകിസ്ഥാനിലെയും ബുർക്കിന ഫാസോയിലെയും അഹ്മദികൾക്കുവേണ്ടിയും രാജ്യത്തിന്റെ പൊതുവായ അവസ്ഥക്കുവേണ്ടിയും പ്രാർത്ഥിക്കുക. ബംഗ്ലാദേശിലെ അഹ്മദികൾക്കു വേണ്ടി പ്രാർത്ഥിക്കുക. അല്ലാഹു അവരെയും കാത്തുരക്ഷിക്കട്ടെ. അവിടെ ഇന്ന് വീണ്ടും മുല്ലാക്കൾ കുഴപ്പം ഉണ്ടാക്കേണ്ടതായിരുന്നു. ലോകത്ത് എല്ലാ രാജ്യങ്ങളിലും ഉള്ള അഹ്മദികൾക്കു വേണ്ടിയും ദുആ ചെയ്യുക.

റമദാനുമായി ബന്ധപ്പെട്ട് ദുആക്ക് പ്രത്യേക ശ്രദ്ധ നൽകി പറഞ്ഞു: റമദാനും ഇപ്പോൾ ആരംഭിക്കുന്നു; അതിൽ ഞാൻ പറഞ്ഞതുപോലെ, വിശുദ്ധ ഖുർആൻ വായിക്കാനും മനസ്സിലാക്കാനും പ്രത്യേകം ശ്രദ്ധിക്കുന്നതോടൊപ്പം ദുആയിൽ പ്രത്യേകം ശ്രദ്ധിക്കുക. അല്ലാഹു നമുക്കെല്ലാവർക്കും ഇതിനു തൗഫീഖ് നൽകട്ടെ. റമദാനിന്റെ അനുഗ്രഹങ്ങൾ കരസ്തമാക്കാൻ തൗഫീഖ് നൽകട്ടെ. ആമീൻ.

# ആത്മീയജ്ഞാനം വർദ്ധിപ്പിക്കണം

**ഹദ്റത്ത് അഹ്ദ് (അ)**

ആത്മീയ മാർഗ്ഗദർശിയും അനുയായിയും തമ്മിലുള്ള ബന്ധത്തിന്ന് ഗുരുശിഷ്യ ബന്ധത്തിൽ മാതൃകയുണ്ട്. ശിഷ്യൻ ഗുരുവിൽ നിന്ന് പ്രയോജന മുൾക്കൊള്ളുന്നത് പോലെ മാർഗ്ഗദർശിയിൽ നിന്ന് അനുയായികൾ ഗുണമനുഭവിക്കുന്നു. എന്നാൽ ശിഷ്യൻ ഗുരുവുമായി ബന്ധം പുർത്തുന്നുവെങ്കിലും പാഠ്യരംഗത്ത് പുരോഗതിയോടെ മുന്നേറുന്നില്ലെങ്കിൽ ഒരു പ്രയോജനവുമടയാൻ സാദ്ധ്യമല്ല. ഇതേ അവസ്ഥയാണ് മുരീദു മാരുടേയും. ആയതിനാൽ ഈ ജമാഅത്തുമായി ബന്ധം ഉണ്ടാക്കിയ ശേഷം ദിവ്യജ്ഞാനവും അറിവും വർദ്ധിപ്പിക്കേണ്ടതാണ്. സത്യാന്വേഷി തന്റെ മുന്നേറ്റിലതെങ്കിലും ഒരു സ്ഥാനത്തെത്തി നിന്നു പോകാൻ പാടില്ല. അങ്ങനെയെങ്കിൽ ശൈത്വാനിക ദുർ ബോധനം അവനെ മറ്റു വഴികളിലേക്ക് തിരിച്ചു വിടുന്നതാണ്. കെട്ടിനിൽക്കുന്ന വെള്ളത്തിൽ നിന്ന് രൂക്ഷദുർഗന്ധം വമിക്കുന്നു. അപ്രകാരം സത്യവിശ്വസി തന്റെ പുരോഗതിക്കയി തീവ്രയത്നങ്ങൾ നടത്തുന്നില്ലെങ്കിൽ നിലം പതിച്ചു പോകുന്നതാണ്. ദീനിന്റെ തേട്ടങ്ങളുടെ പുരോഗതിയിൽ നിമജ്ഞനായിരിക്കുക എന്നത് സൗഭാഗ്യവാന്മാരു ടെ നിർബന്ധ കടമയാണ്. നമ്മുടെ നബി കരീം (സ) പോലെ വലിയൊരു പൂർണ്ണമനുഷ്യൻ ലോകത്ത് വേറെ ഉണ്ടായിട്ടില്ല. അവിടുത്തേക്ക് പോലും ***റബ്ബി സിദ്നീ ഇൽമീ***

(എന്റെ നാഥാ എനിക്ക് ജ്ഞാനം വർദ്ധിപ്പിച്ച് തരേണമേ) എന്ന് പ്രാർത്ഥിക്കുവാനുള്ള അദ്ധ്യാപനമാണ് നൽകപ്പെട്ടിരിക്കുന്നത്. അപ്പോൾ അതിനെക്കാൾ താൻ വലിയവനാണെന്ന് പെരുമ്പറയടിക്കുകയും തന്റെ മഅ്രിഫത്തിലും പാണ്ഡിത്യത്തിലും പരിപൂർണ്ണ വിശ്വാസമർപ്പിച്ച് ഒരിടത്തു തങ്ങിനിൽക്കുകയും ഇനി പുരോഗതി ആവശ്യമില്ലെന്ന് കരുതുകയും ചെയ്യാൻ മറ്റാരാണ് ഉള്ളത്? മനുഷ്യൻ അറിവിലും ദിവ്യജ്ഞാനത്തിലും പുരോഗതി പ്രാപിക്കുന്തോറും ഇനിയും അസംഗ്യം പ്രശ്നം പരിഹരിക്കപ്പെടാൻ അവൻ അറിഞ്ഞിടുന്നു. പ്രരംഭദശയിൽ തികച്ചും നിരർത്ഥകമായി ധരിച്ചു വെച്ച് കാര്യങ്ങൾ ഒടുക്കം സത്യാവസ്തുതയുടെ രൂപത്തിൽ തെളിഞ്ഞുകാണുന്നു. അതിനാൽ തന്റെ നില മാറ്റിയെടുക്കുന്നതോടൊപ്പം തന്റെ ജ്ഞാനവും വർദ്ധിപ്പിക്കേണ്ടത് അത്രത്തോളം അനിവാര്യമാണ്. (മൽഫൂസാത്ത്. വാ 2 പേ141)

# നീതിയുടെ ലംഘനം

പ്രപഞ്ച സംവിധാനമാകെ നീതിയിലധിഷ്ഠിതമാണ്. അത് ലംഘിക്കപ്പെടുമ്പോൾ പ്രകൃതി പ്രക്ഷുബ്ദമാവുന്നു. മനുഷ്യ വ്യവഹാരങ്ങളിലും നീതി ലംഘിക്കപ്പെടുമ്പോൾ ഈ തിരുത്തൽ സംവിധാനം ആവശ്യമായിവരുന്നു.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

(ഖലീഫത്തുൽ മസീഹ് നാലാമൻ)

ആരെങ്കിലും സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവും ധാർമികവുമായ തിന്മകളുടെ കാരണം തുറന്ന മനസ്സോടെ അന്വേഷിക്കുകയാണെങ്കിൽ അനീതിയായിരിക്കും അതിന്റെ മൂല കാരണമെന്ന് അയാൾക്ക് എല്ലായ്പ്പോഴും കണ്ടെത്തനാകും. നീതിയോട് ചേർന്ന് നിൽക്കാത്തിടത്തോളംകാലം ലോകത്തിന്ന് ശാന്തിയുടെ ഒരിടമായിത്തീരാൻ സാദ്ധ്യമല്ല. അനീതി, സ്വേച്ഛാധിപത്യം, മർദ്ദനം മുതലായവ സംഭവിക്കുമ്പോൾ തിന്മ പിറക്കുകയും നാശം ആരംഭിക്കുകയും ചെയ്യും.

മനുഷ്യൻ ദൈവത്തോട് അവന്റെ ബാദ്ധ്യതകൾ നിർവഹിക്കുന്നതിൽ നീതി പുലർത്തിയില്ലെങ്കിൽ അവൻ തന്റെ സഹജീവികളോടും നീതി കാണിക്കാൻ സാദ്ധ്യതയില്ല. ഒരുകാര്യം ഓർക്കേണ്ടതുണ്ട്. ഒരാൾ സ്വയം തന്നെ ശിക്ഷക്ക് വിധേയമാവുന്ന അനന്തരഫലം അനുഭവിക്കാതെ നീതിയുടെ താൽപര്യങ്ങളെ അവഗണിക്കാൻ ആർക്കും സാദ്ധ്യമല്ല. അത്തരം ശിക്ഷകൾ ആകാശത്ത് നിന്നിറങ്ങുന്നത് പോലെയുള്ള ദൈവത്തിന്റെ കോപവുമായി ബന്ധമുള്ളതല്ല. മറിച്ച് പ്രകൃതി നിയമങ്ങളെ ലംഘിക്കുന്നത് മൂലം സ്വാഭാവികമായുണ്ടാകുന്ന അനന്തരഫലമാണ്. യാതൊന്നും തന്നെ പ്രകൃതി നിയമത്തിന്റെ മേഖലക്ക് പുറത്തുള്ള കാര്യമല്ല.

ഇവിടെയും ദൈവത്തിന്റെ കാരുണ്യവും പൊറുമയും ഔദാര്യവുമെല്ലാം പ്രവർത്തനനിരതമാവുന്നതിനാൽ മനുഷ്യൻ അവന്റെ ഓരോ പാപത്തിന്റെ പേരിലും ശിക്ഷിക്കപ്പെടുന്നില്ല. അവന്റെ അതിലംഘനങ്ങൾ ഒരു നിശ്ചിത പരിധി കടക്കുമ്പോൾ ഔദാര്യത്തിന്റെ രക്ഷാകവചം പിൻവലിക്കപ്പെടുകയും അയാൾക്കും ശിക്ഷക്കും നടുവിൽ മറ്റൊന്നിന്നും നിൽക്കാൻ സാദ്ധ്യമല്ലാതെ വരികയും ചെയ്യുന്നു. ഇത് വിശുദ്ധ ഖുർആൻ ഇപ്രകാരം വിവരിക്കുന്നു:

**ഏതൊരു വിപത്ത് നിങ്ങളെ ബാധിക്കുന്നുവോ അത് നിങ്ങളുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ്. എന്നാൽ അധികവും അവൻ മാപ്പാക്കുന്നു. നിങ്ങളൊരിക്കലും ഭൂമിയിൽ (അല്ലാഹുവിന്റെ പദ്ധതി) പരാജയപ്പെടുത്തുന്നവരല്ല. അല്ലാഹുവിന്ന് പുറമെ നിങ്ങൾക്ക് വല്ല രക്ഷകനോ സഹായകനോ ഇല്ലതാനും. (സൂറ: അശ്ശൂറ: 42:31-32)**

മറ്റുവാക്കുകളിൽ പറഞ്ഞാൽ മനുഷ്യൻ സ്വയം തന്നെയാണ് അവന്റെ മേൽ നിർഭാഗ്യംകൊണ്ട് വരുന്നത്. എന്നാൽ പലപ്പോഴും ദൈവം മനുഷ്യന്റെ പാപങ്ങൾ പൊറുത്തു തരികയും അവന്റെ സ്വയംകൃത നശീകരണത്തിൽ നിന്നും അവനെ രക്ഷിക്കുകയും ചെയ്യുന്നു. യുദ്ധത്തിന്റെ ചരിത്രം പരിശോധിച്ചാൽ എല്ലാ സമാധാനഭംഗത്തിന്റെയും അടിയിലെ കാരണമായി വർത്തിക്കുന്നത് നീതിതത്വങ്ങളുടെ ലംഘനങ്ങളാണെന്ന് തീർച്ചയായും കണ്ടെത്താവുന്നതാണ്.

### ത്രിത്വ സിദ്ധാന്തം

ദൈവവുമായി ബന്ധപ്പെടുത്തി പറയുകയാണെങ്കിൽ ക്രിസ്ത്യാനികളുടെ ത്രിത്വസിദ്ധാന്തം മനുഷ്യന്റെ അതിഘോരമായ അനീതിയുടെ ഉചിതമായ ഉദാഹരണമായി കാണാവുന്നതാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

**അതിനാൽ ആകാശങ്ങൾ പൊട്ടിക്കീറുകയും ഭൂമി പിളർന്ന് പോകുകയും പർവ്വതങ്ങൾ തകർന്ന് വീഴുകയും ചെയ്തേക്കാം പരമകാരുണികന് ഒരു പുത്രനുണ്ടെന്ന് വാദിച്ച കാരണത്താൽ (സൂറ: മർയം 19: 91-92)**

മനുഷ്യ വ്യവഹാരങ്ങളിൽ യുദ്ധത്തിന്റെയും ക്രമരാഹിത്യത്തിന്റെയും കാരണങ്ങളെപ്പറ്റി അഗാധമായി ചിന്തിക്കുകയാണെങ്കിൽ മേൽപറഞ്ഞ ഖുർആനിക പ്രസ്താവനയുടെ ആശയം അവസാനം ഇവിടെ ആരോപിക്കാവുന്നതാണെന്ന് കാണാം. നാം ഇപ്പോൾ അത് വിവരിക്കുമ്പോൾ അത്

വ്യക്തമാവും

മേൽ ഖുർആൻ വചനം ഇങ്ങനെ പ്രസ്താവിച്ചിട്ടും ക്രിസ്തു മതത്തിന്റെ ചരിത്രത്തിൽ ക്രിസ്ത്യാനികൾ അവരുടെ വിശ്വാസം കാരണമായി നേരിട്ട് എന്തെങ്കിലു തരത്തിലുള്ള ദൈവ കോപത്തിന്നോ ദൈവത്തിന്റെ അപ്രീതിക്കോ പാത്രമായി എന്ന് നമുക്ക് കാണാൻ സാധിച്ചിട്ടില്ല. മറിച്ച് ലൗകികാർത്ഥത്തിൽ അവർ അനുഗൃഹീത രാജ്യങ്ങളായി കാണുന്നു. ലോകം മുഴുവനും അവർ ഒന്നിച്ച് ഭരിക്കുന്നു. അക്രൈസ്തവ രാജ്യങ്ങളുടെ ശാക്തിക സന്തുലനം പോലും അവരുടെ കൈകളിലൂടെയാണ് നിയന്ത്രിക്കപ്പെടുന്നത്. അത്കൊണ്ട് അവർ ലോകത്തിന്റെ പരമാധികാരമുള്ള യജമാനന്മാരായി ഗണിക്കപ്പെടുന്നു. കഴിഞ്ഞ ചില ദശാബ്ദങ്ങളിൽ മൂന്നാം ലോക രാജ്യങ്ങളിൽ നിന്നും ക്രമേണ സ്വാതന്ത്ര്യത്തോടു കൂടി ഉയർന്നു വന്ന ചില രാജ്യങ്ങളെ നാം കാണുകയുണ്ടായി. അത്പോലും നിലവിലുള്ള പാശ്ചാത്യ മേൽക്കോയ്മയിൽ വളരെ നിസ്സാരമായ മാറ്റങ്ങൾ മാത്രമേ വരുത്തിയിട്ടുള്ളൂ. ഈ വീക്ഷണകോണിൽ നോക്കുമ്പോൾ മേൽ പ്രതിപാദിച്ച ഖുർആനിക പ്രസ്താവനയുടെ യഥാർത്ഥ പ്രധാന്യം എന്താണ് ?

ക്രിസ്തുമതത്തെ പറ്റിയുള്ള പഠനം കാണിക്കുന്നത് യഥാർത്ഥത്തിൽ ദൈവത്തിന്റെ ഏകത്വത്തെ പറ്റിയുള്ള വിശ്വാസമായിരുന്നു ആദിമ ക്രിസ്ത്യാനികൾ അനുവർത്തിച്ചിരുന്നത്. ത്രിത്വ സങ്കൽപ്പവും ദൈവത്തിന്ന് ഒരു പുത്രനുണ്ട് എന്ന സങ്കൽപ്പവും മുഖ്യമായും സെന്റ് പോളിലൂടെ പിന്നീട് കടന്നു കൂടിയതാണ്. അന്ന് മുതൽ ഈ സമസ്യ പല പ്രത്യേക സങ്കൽപ്പങ്ങളായി ക്രിസ്തുമതത്തിൽ ഇതൾ വിരിയുകയുണ്ടായി. വിവിധ ക്രിസ്തീയ വിഭാഗങ്ങൾ വിവിധ വികാസ വീഥികൾ അവലംബിച്ചു. നാലാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഏറ്റവും വലിയ വിഭാഗം ഈ ഒരു പ്രശ്നത്തിൽ മേധാവിത്വം നേടാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഓരോ വിഭാഗവും ത്രിത്വ സങ്കൽപ്പത്തിലും അതിന്റെ അനുബന്ധ സിദ്ധാന്തങ്ങളിലും തങ്ങളാണ് ശരിയായ പാതയിലെന്ന് വാദിച്ചുകൊണ്ടിരുന്നു. ഇങ്ങനെയാണെങ്കിലും അവരെല്ലാം ഏകദൈവ വിശ്വാസത്തിലാണെന്ന് വാദിച്ചുകൊണ്ടിരുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ അവർ വിശ്വസിച്ചിരുന്ന ഏകദൈവം ഒരുതരത്തിലുള്ള വിഭജിത വ്യക്തിത്വമായിരുന്നു. മുഖ്യമായും ഈ ഒരു സമീപനം കാരണം വിശുദ്ധ ഖുർആൻ അവരെ ബിംബാരാധകർ എന്ന് മുദ്രകുത്തിയിട്ടില്ല. ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസം പ്രബോധിക്കുവാനുള്ള അവകാശം അവർക്ക് തുടർന്നും നൽകുകയുണ്ടായി.

ദൈവത്തിന്റെ ഏകത്വത്തെ പറ്റി അവർ അധരസേവ നടത്തുന്നുണ്ടെങ്കിലും അവരുടെ പ്രവൃത്തി ബിംബാരാധകരുടെത് പോലെയാണ്. ഖുർആനിലെ ഈ പ്രവചന പുലർച്ച ഏത് വിധത്തിലാണ് സംഭവിച്ചതെന്ന ചോദ്യമാണ് ഉയരുന്നത്. ഈ വചനത്തെ സംബന്ധിച്ച ആഴത്തിലുള്ള പഠനം വെളിവാക്കിത്തരുന്നത് ഇത് സംബന്ധിച്ച് ദൈവം ഈ വചനത്തിൽ പ്രകടിപ്പിച്ച അനിഷ്ടം ആഗോളീയമായ ഒരു കുഴപ്പമായിട്ടാണ് പ്രകടമാവുന്നത് എന്നാണ്.

ഇത് സൂചിപ്പിക്കുന്നത് സ്വയം തന്നെ പരസ്പരം ഭിന്നിച്ചു പോകുന്ന അപകടം ക്രിസ്തു മതത്തിന്റെ ഉള്ളിൽ തന്നെ അന്തർലീനമായിട്ടുണ്ട് എന്നാണ്. അതായത് കുറ്റത്തിന്ന് ഉചിതമായ ശിക്ഷയാണ് പ്രതിപാതിച്ചിരിക്കുന്നത്. ത്രിത്വം എന്നത് ദൈവത്തിന്റെ ഏക വ്യക്തിത്വത്തിൽ ഒരു ഭിന്നത സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്. അതിന്റെ ഫലമായി ത്രിത്വത്തിൽ വിശ്വസിക്കുന്നവരിൽ തന്നെ ഭിന്നത ഉടലെടുത്തു. ക്രൈസ്തവ രാഷ്ട്രങ്ങളുടെ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന കൊളോണിയൽ പോളിസി തന്നെ ഈ സമീപനത്തിന്റെ ഭാഗമായുണ്ടായതാണ്.

നവോത്ഥാന കാല സാഹചര്യത്തെപ്പറ്റി ആലോചിക്കുക. അതായത് യുക്തിയുടെയും താർക്കിക ജ്ഞാനത്തിന്റെയും സത്യാന്വേഷണത്തിന്റേയും ജനനം സന്ദർഭത്തിൽ പാശ്ചാത്യ ക്രിസ്തു മതത്തിന്ന് ഒരു പുതിയ ഉച്ഛാസത്തിന്ന് തുടക്കം കുറിക്കുകയായിരുന്നു. ഈ കാലഘത്തിൽ ക്രിസ്ത്യൻ മതസിദ്ധാന്തം സംശയിക്കപ്പെടുകയും ചോദ്യം ചെയ്യപ്പെടുകയും മനുഷ്യന്റെ ധിഷണയുമായി അത് സംഘട്ടനത്തിലാവുകയും ചെയ്തു. ഈ ധൈഷണിക വിപ്ലവത്തിന്നെതിരെ ക്രിസ്തു സഭ രൂക്ഷമായി പ്രതികരിക്കുകയും അവരുടെ മതസിദ്ധാന്തത്തിന്റെ സാധുതയെ ചോദ്യം ചെയ്തവരെ അപലപിക്കുകയും ശിക്ഷിക്കുകയും ചെയ്തു. ക്രിസ്തുസഭക്കെതിരെ അവർ ഉന്നയിച്ച ചോദ്യങ്ങൾക്ക് തത്വചിന്തകന്മാർക്കും ശാസ്ത്രജ്ഞന്മാർക്കും മറുപടി കണ്ടെത്താനായില്ല. അവർ ഒന്നടങ്കം മതത്തിൽ നിന്ന് വിട്ടകലാൻ ആരംഭിച്ചു. അവർ ചർച്ചിനെ സംബന്ധിച്ച് ആകെ നിരാശിതരായി. ശാസ്ത്രീയ യുക്തിയും മത സിദ്ധാന്തവും തമ്മിലുള്ള വിഭജനം പൂർണ്ണമായി.

ക്രിസ്തു മതം അങ്ങനെ അവഗണനയുടെ ഉച്ചകോടിൽ തള്ളപ്പെട്ടതിനാൽ യാതൊരു പ്രശ്നവും ഉണ്ടായില്ല. എന്നാൽ യുക്തിജ്ഞാനത്തിന്റേയും ഗവേഷണത്തിന്റേയും വിജ്ഞാനാന്വേഷണത്തിന്റേയും സൂര്യൻ പശ്ചിമ ചക്രവാളത്തിൽ ഉദിച്ചുയരാൻ തുടങ്ങി. അവർ കാര്യങ്ങൾ പൂർണ്ണമായും വ്യത്യസ്തമായ പരിപ്രേഷ്യത്തിൽ കാണാൻ തുടങ്ങി. ഭൂമി സ്ഥിരമായ നിൽക്കുകയല്ലെന്ന് തീർച്ചയായും അവർ തിരിച്ചറിയുകയായിരുന്നു. സൂര്യൻ യേശുവിന്റെ ജന്മഗ്രഹമായ ഭൂമിക്ക് പ്രണാമമർപ്പിച്ച് ചുറ്റും കറങ്ങുകയല്ല എന്ന് അവർ കണ്ടെത്തി. ശാസ്ത്രീയ

വിപ്ലവം പ്രപഞ്ച വീക്ഷണം തന്നെ മാറ്റി മറിച്ചു. യേശുവിന്റെ ജന്മ ഗ്രഹമായ ഭൂമിക്ക് യാതൊരു ബഹുമതിയുമില്ലാതെ അത് സൂര്യ നെ ഭ്രമണം ചെയ്യുകയാണെന്ന് അന്തിമമായി അവർ കണ്ടെത്തി.

ക്രിസ്ത്യൻ ബുദ്ധിജീവികൾ പ്രകൃതിയുടെ യാഥാർത്ഥ്യങ്ങൾ ഓരോന്നോരോന്നായി കണ്ടെത്തുക യായിരുന്നു. ക്രിസ്തു സഭക്കെതി രെ ഒരു തുറന്ന കലാപം ഉണ്ടാകു മെന്ന് അവർ ഭയപ്പെട്ടു. അവർ തങ്ങളുടെ ആശങ്കകൾ രഹസ്യത്തി ൽ സൂക്ഷിച്ചു. തുടർന്ന് അജ്ഞേ യവാദം ജന്മം കൊണ്ടു. പിന്നീട് ദൈവരഹിതമായ തത്വശാസ്ത്രങ്ങ ളും കമ്മ്യൂണിസവും ഉരുവം കൊണ്ടു. ഇതായിരുന്നു ഇതിന്റെ പ്രത്യക്ഷഫലം.

ത്രിത്വവാദം ക്രിസ്തീയ ലോക ത്തെ പരസ്പരം പോരടിക്കുന്ന രണ്ട് കേന്ദ്രങ്ങളായി വീണ്ടും വിഭജിച്ചു. അവരെ അത് കൂടുതൽ അകറ്റുക യും അവരുടെ സമീപനങ്ങൾ പരസ്പരം കഠിനതരമാക്കുകയുമു ണ്ടായി. വാസ്തവത്തിൽ പാശ്ചാ ത്യ ക്രിസ്തീയ ലോകം മാത്രമാണ് രണ്ടായി ധ്രുവീകകരിക്കപ്പെട്ടത് എന്നിരിക്കെ ലോകം മൊത്തം രണ്ടായി വിഭജിക്കപ്പെട്ടു എന്ന് പ്രസ്താവിക്കുമ്പോൾ ചിലർ നെറ്റി ചുളിച്ചേക്കാം. എന്നാൽ മാനവശ ക്തി പരിഗണിക്കുമ്പോൾ ഭിന്നിപ്പി ന്റെ ഗുരുത്വ കേന്ദ്രം സംയോജിത ക്രിസ്തീയ ശക്തികൾക്കകത്തും കമ്മ്യൂണിസ്റ്റ് ചേരിക്കകത്തുമാണ്. ആ പ്രദേശമാകട്ടെ പഴയ ക്രിസ്തു മതത്തിന്റെ ശക്തി കേന്ദ്രങ്ങളാണ്.

ഈ പരിപ്രേക്ഷ്യത്തിൽ രണ്ട് ലോകമഹായുദ്ധങ്ങളും മനുഷ്യന്റെ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായി ബന്ധപ്പെട്ട മാനവീയ ആശയങ്ങളുടെയും ആദർശങ്ങളുടെയും തത്വശാസ്ത്ര ങ്ങളുടെയും മേൽ വിപുലയായ ഒരു ആഘാതമേൽപ്പിച്ചു എന്ന് പറയാൻ സാധിക്കും.

## നീതിലംഘനത്തിന്റെ മുന്നറിയിപ്പ് സംവിധാനം

മനുഷ്യ ശരീരത്തിലെ നിയമ ലംഘനവുമായി ബന്ധപ്പെട്ട കാര്യ ക്ഷമമായ മുന്നറിയിപ്പ് സംവിധാന ത്തെപ്പറ്റി നമുക്ക് പരിശോധിക്കാം.

രോഗത്തിന്റെ നേരിയ ഒരു സൂചന പോലും മനുഷ്യശരീര ത്തെ ആകമാനം അസ്വസ്ഥമാക്കും. ബാഹ്യമായി നോക്കുമ്പോൾ നമുക്ക് ഇതൊരു അനാവശ്യമായ തടസ്സമാ യി തോന്നും. എന്നാൽ യഥാർ ത്ഥത്തിൽ അതിജീവനത്തിന്നും ജീവന്റെ സുരക്ഷക്കും ഇത് ഏറ്റവും അവശ്യമാണ്. എല്ലാ ജീവജാലങ്ങളിലും വേദനയുടെ അടയാളം ഉറങ്ങിക്കിടക്കുന്ന ശരീരത്തിന്റെ പ്രതിരോധ സംവിധാ നത്തെ ഉണർത്തുന്നു. വേദനയും അസ്വസ്ഥതയും ശരീരത്തിൽ പൊതുവേയുള്ള ഒരു മുന്നറിയിപ്പ് സംവിധാനം മാത്രമല്ല. ആസന്ന മായ അപകടം സ്ഥിതി ചെയ്യുന്ന ശരീരത്തിലെ പ്രത്യേക ഭാഗത്തേക്ക് പ്രതിരോധ സംവിധാനത്തെ അവ നയിക്കുകയും ചെയ്യും. അവ അപകടത്തെയും അത് സ്ഥിതി ചെയ്യുന്ന സ്ഥലത്തെയും കൃത്യമാ യി നിർവ്വചിക്കുന്നു. ആയതിനാൽ പ്രതിരോധ സംവിധാനം ആ ഭീഷണിയെ നേരിടാനുള്ള പ്രതി സംവിധാനം കൃത്യമായ അളവിലും സ്ഥലത്തും സ്വീകരിക്കുന്നു. ജീവന്റെ മുഴുവൻ പ്രതിരോധ സംവിധാനവും വേദനയുള്ള സ്ഥലത്ത് മാത്രമല്ല വ്യക്തിയുടെ ശരീരത്തിൽ ജീവനെ ഭീഷണിപ്പെടു ത്തുന്ന എല്ലാ അപകടങ്ങൾക്കെ തിരെയും ജാഗ്രതപ്പെടുന്നു.

അതിന്ന് ശേഷം വളരെ സങ്കീർ ണ്ണവും കുഴഞ്ഞു മറിഞ്ഞതുമായ പ്രതികരണം ഓരോ ജീവികളിൽ നിന്നുമുള്ള പ്രതിരോധ സംവിധാന ത്തിൽ നിന്നും ഉണ്ടാവുന്നു. ഇത് ഒരേ സമയം പ്രതിരോധ ഏജന്റിന്റെ ഉദ്പാദനവും അത് ആവശ്യമായ സ്ഥലത്തേക്ക് വഹിച്ച്കൊണ്ട് പോകുന്നതും ഉറപ്പ് വരുത്തുന്നു.

ഈ മുന്നറിയിപ്പ് സംവിധാനം മറ്റു മൃഗങ്ങളിൽ നിന്നും വ്യത്യ സ്തമായി പ്രത്യേകമായി നൽകിയി രിക്കുന്നത് മനുഷ്യർക്കാണ്. രോഗ ത്തെ സംബന്ധിച്ച് ഈ സൂക്ഷ്മ ഗ്രാഹിത്വം ശരീരത്തിന്ന് വേണ്ടി മാത്രമല്ല. മനുഷ്യൻ ധാർമികമായി സ്വയം ജാഗ്രത പാലിക്കാനും അപ്രകാരം ദൈവ ബന്ധത്തിൽ ജാഗ്രതപാലിക്കാനുമാണ് ഈ മുന്നറിയിപ്പ് വ്യവസ്ഥ. അങ്ങനെ ഈ സംവിധാനം മനുഷ്യനും ദൈവത്തിനും മദ്ധ്യേ ഒരു നിർണ്ണാ യക പങ്ക് നിർവ്വഹിക്കുകയും ചെയ്യുന്നു.

ഇത്പോലെ മതവും ധാർമിക പ്രവർത്തനവുമായി ബന്ധപ്പെട്ട് മുന്നറിയിപ്പിന്റെയും പ്രതിരോധത്തി ന്റേയും ഒരു സംവിധാനം മനുഷ്യ നിൽ പ്രവർത്തിക്കുന്നുണ്ട്. വിശുദ്ധ ഖുർആൻ, പ്രവാചകന്മാർ അവരു ടെ ശത്രുക്കളുടെ കൈകളാൽ നേരിട്ട പീഡനങ്ങളുമായി ബന്ധ പ്പെട്ട് മതങ്ങളുടെ ചരിത്രം വിവരി ക്കുന്നുണ്ട്. അത് പല കാലങ്ങളി ലായി ധാർമികവും സാമൂഹിക

ക്രിസ്ത്യൻ ബുദ്ധിജീവികൾ പ്രകൃതിയുടെ യാഥാർത്ഥ്യങ്ങൾ ഓരോന്നോരോന്നായി കണ്ടെത്തുക യായിരുന്നു. ക്രിസ്തു സഭക്കെതിരെ ഒരു തുറന്ന കലാപം ഉണ്ടാകുമെന്ന് അവർ ഭയപ്പെട്ടു. അവർ തങ്ങളുടെ ആശങ്കകൾ രഹസ്യത്തിൽ സൂക്ഷിച്ചു. തുടർന്ന് അജ്ഞേയവാദം ജന്മം കൊണ്ടു. പിന്നീട് ദൈവരഹിതമായ തത്വശാസ്ത്രങ്ങ ളും കമ്മ്യൂണിസവും ഉരുവം കൊണ്ടു. ഇതായിരുന്നു ഇതിന്റെ പ്രത്യക്ഷഫലം.

വുമായി മനുഷ്യനുണ്ടായ അധ:പതനത്തിന്റെ വിശദാംശങ്ങളാണ് വിവരിക്കുന്നത്. ആസന്നമായ നാശത്തിൽ നിന്നും മനുഷ്യസമൂഹത്തെ രക്ഷിക്കാൻ ദൈവദൂതന്മാർ നിയോഗിതരാവുമ്പോൾ ചിലപ്പോൾ അവർ അതികഠിനമായി എതിർക്കപ്പെടും. പക്ഷേ എതിരാളികൾ അവരുടെ അന്ധമായ എതിർപ്പിന്റെ അനന്തര ഫലം അനുഭവിക്കേണ്ടി വന്നു. അവർ അതിവേഗം ഉന്മൂലനം ചെയ്യപ്പെടുകയോ അല്ലെങ്കിൽ സമൂഹ ജീവിത വേദിയിൽ പ്രസ്താവ്യയോഗ്യരല്ലാത്ത വിധം സുദീർഘമായ കാലം കൊണ്ട് സാവകാശത്തിൽ ശിഥിലീകരിക്കപ്പെട്ട് അപ്രസക്തരാവുകയോ ചെയ്യും.

നീതിയുടെ താൽപര്യം അവഗണിച്ച അത്തരത്തിലുള്ള നിരവധി സംഭവങ്ങൾ വിശുദ്ധ ഖുർആൻ പ്രതിപാദിക്കുന്നുണ്ട്. ഇത് വരാനിരിക്കുന്ന തലമുറകൾക്ക് ഒരു മുന്നറിയിപ്പാണ്.

ഈ മുന്നറിയിപ്പ് സംവിധാനം മനുഷ്യന്റെ മുഴുവൻ വിശ്വാസലോകത്തും മതലോകത്തും പരന്നു കിടക്കുന്നു. ഇതിന്റെ സമുന്നത ബിന്ദുവിൽ വിശ്വാസം ദൈവത്തിന്റെ ഏകത്വത്തിന്നായുള്ള സമർപ്പണമാണെന്ന് സംഗ്രഹിച്ചു പറയാം. ഏറ്റവും താഴ്ന്ന വിതാനത്തിൽ ഒരു അവിശ്വാസിയിൽ നിന്നും ഒരു യഥാർത്ഥ സത്യവിശ്വാസിയെ തിരിച്ചറിയുന്ന ഒരാളുടെ ദൈനംദിന ജീവിതത്തിന്റെ സ്വഭാവചര്യകളുമാണെന്നും പറയാം.

ദൈനംദിന ജീവിതത്തിന്റെ സ്വഭാവചര്യകളിൽ മനുഷ്യന്ന് അപകടം വരുത്തുന്ന കാര്യങ്ങൾ വർജ്ജിക്കുന്ന സ്വഭാവം വികസിപ്പിച്ചെടുക്കാൻ പരിശുദ്ധ പ്രവാചകൻ വിശ്വാസിയെ താക്കീത് ചെയ്യുന്നുണ്ട്. ഈ വസ്തുത കൂടുതൽ വിശദീകരിച്ചു കൊണ്ട് പരിശുദ്ധ പ്രവാചകൻ ഒരു വഴിപോക്കന് ഹാനികരമായ ഭവിക്കുന്ന പലകാര്യങ്ങളെകുറിച്ചും പ്രതിപാദിക്കുകയുണ്ടായി. പ്രവാചകന്റെ താക്കീത് പ്രകാരം ഒരു വിശ്വാസി വഴിപോക്കന്ന് ഹാനിയുണ്ടാക്കുന്ന വിധം ഒരു ആണിയോ മുള്ളോ അതുപോലെയുള്ള എന്തെങ്കിലും വസ്തുക്കളോ വഴിയിൽനിന്ന് എടുത്ത് മാറ്റിയില്ലെങ്കിൽ അവന്റെ വിശ്വാസത്തിൽ അത്രത്തോളം കുറവുണ്ട് എന്ന് കണക്കാക്കാം. ദൈവവഴി അതുപോലെയുള്ള അപകടങ്ങളാൽ നിറഞ്ഞതാണ്. തുടക്കത്തിൽ ചെറുതായിരിക്കും ക്രമേണയാണ് വലിയ അനുപാതത്തിൽ അപകടങ്ങളുണ്ടാവുക.

ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെ കൗതുകകരമായ മേഖലയാണിത്. ഇത് സംബന്ധിച്ചുള്ള വിപുലവും ആഴത്തിലുമുള്ള പഠനം ഇസ്‌ലാമിനെ കുറിച്ച് ഒരാളുടെ പൊതുവായ ധാരണയുടെ ആഴവും പരപ്പും വർദ്ധിപ്പിക്കും. ഇതേകാര്യം തന്നെ മറ്റൊരവസരത്തിൽ പരിശുദ്ധ പ്രവാചകൻ വിശ്വാസികളെ താക്കീത് ചെയ്ത് കൊണ്ട് പറഞ്ഞു: 'മനുഷ്യന്ന് മറ്റുള്ള വസ്തുക്കളിൽ അവകാശങ്ങളുണ്ട്. അതുപോലെ കമ്പോള സ്ഥലങ്ങൾക്കും നിരത്തുകൾക്കും വഴികൾക്കും അവ ഉപയോഗിക്കുന്നവരുടെ മേൽ ചില അവകാശങ്ങളുണ്ട്.' കമ്പോള സ്ഥലത്തിന്റെ അവകാശം ചൂണ്ടിക്കാട്ടി പ്രവാചകൻ നമ്മെ ഓർമിപ്പിച്ചു: 'ഒരു ഉദ്ദേശ്യവുമില്ലാതെ വെറുതേ പൊതു ഇടങ്ങളിലും വഴികളിലും നിൽക്കുന്നത് പാടില്ലാത്തതാണ്.' അത് സ്വഛന്ദമായ ഗതാഗതത്തെ ബാധിക്കും അതുപോലെ പീടികകളും മറ്റും വികസിപ്പിക്കാൻ വേണ്ടി സ്വന്തം അതിര് വിട്ട് അതിക്രമിച്ചു കടക്കരുത്. ഇത് പ്രവാചകന്റെ താക്കീതിന്റെ സ്പിരിറ്റിന്നെതിരാണ്. പ്രവാചകൻ പറഞ്ഞു: 'വിശ്വസത്തിന്ന് എഴുപതോളം വിഭാഗങ്ങളുണ്ട്. അതിലേറ്റവും താഴെയുള്ളത് വഴിയിൽ നിന്നും തടസ്സങ്ങൾ എടുത്തുമാറ്റലാണ്.'

ഭൂമിയിൽ എങ്ങനെയാണ് ഇത് വിശ്വാസത്തിന്റെ ഘടകമായി മാറുന്നത് എന്ന് ഒരാൾ അത്ഭുത

ദൈനംദിന ജീവിതത്തിന്റെ സ്വഭാവചര്യകളിൽ മനുഷ്യന്ന് അപകടം വരുത്തുന്ന കാര്യങ്ങൾ വർജ്ജിക്കുന്ന സ്വഭാവം വികസിപ്പിച്ചെടുക്കാൻ പരിശുദ്ധ പ്രവാചകൻ വിശ്വാസിയെ താക്കീത് ചെയ്യുന്നുണ്ട്. ഈ വസ്തുത കൂടുതൽ വിശദീകരിച്ചു കൊണ്ട് പരിശുദ്ധ പ്രവാചകൻ ഒരു വഴിപോക്കന് ഹാനികരമായ ഭവിക്കുന്ന പലകാര്യങ്ങളെകുറിച്ചും പ്രതിപാദിക്കുകയുണ്ടായി. പ്രവാചകന്റെ താക്കീത് പ്രകാരം ഒരു വിശ്വാസി വഴിപോക്കന്ന് ഹാനിയുണ്ടാക്കുന്ന വിധം ഒരു ആണിയോ മുള്ളോ അതുപോലെയുള്ള എന്തെങ്കിലും വസ്തുക്കളോ വഴിയിൽനിന്ന് എടുത്ത് മാറ്റിയില്ലെങ്കിൽ അവന്റെ വിശ്വാസത്തിൽ അത്രത്തോളം കുറവുണ്ട് എന്ന് കണക്കാക്കാം. ദൈവവഴി അതുപോലെയുള്ള അപകടങ്ങളാൽ നിറഞ്ഞതാണ്. തുടക്കത്തിൽ ചെറുതായിരിക്കും ക്രമേണയാണ് വലിയ അനുപാതത്തിൽ അപകടങ്ങളുണ്ടാവുക.

പ്പെടുന്നുണ്ടാവില്ലേ? ഈ വിഷയത്തിൽ ഒരു രണ്ടാം വിചാരം നടത്തുകയാണെങ്കിൽ പ്രവാചകന്റെ ഈ പ്രസ്താവനയിലടങ്ങിയ വിവേകജ്ഞാനം എളുപ്പത്തിൽ മനസ്സിലാവും. ദൈവത്തിലുള്ള യഥാർത്ഥ വിശ്വാസം ദൈവത്തിൽ നിന്നും വിശ്വാസിക്ക് സുരക്ഷയും സംരക്ഷണവും ആവശ്യമായി വരുന്നു. അത് അയാളുടെ മറ്റു സഹജീവികളിലേക്കും പകരേണ്ടതുണ്ട്. ആരെങ്കിലും മറ്റുള്ളവർക്ക് സുരക്ഷയും സംരക്ഷണവും നൽകുന്ന തന്റെ ഉത്തരവാദിത്വത്തിൽ വീഴ്ച്ച വരുത്തിയെങ്കിൽ അയാൾ തന്റെ വിശ്വാസത്തിൽ വീഴച്ച് വരുത്തിയിരിക്കും.

ഇതിൽ നിന്നും വ്യക്തമാവുന്നത് ഇസ്ലാമിന്റെ അദ്ധ്യാപനങ്ങൾ മനുഷ്യന് ആവശ്യമായിവരുന്ന ഏറ്റവും താഴ്ന്ന തലം വരെ എല്ലാത്തിനെയും സ്പർശിക്കുന്നു എന്നാണ്. തീർച്ചയായും മിക്കവാറും എല്ലാ മുസ്ലിം രാജ്യങ്ങളും ഇന്ന് ഈ അടിസ്ഥാനപരമായ അദ്ധ്യാപനങ്ങൾ പൊതുവേ ലംഘിക്കപ്പെടുന്നു എന്നത് ഒരു വിരോധാഭാസവും ദുരന്തവുമാണ്. പലപ്പോഴും പാതകളും വീഥികളും അറ്റകുറ്റപ്പണികൾ നടത്താതെ ദുരിതം നിറഞ്ഞു നിൽക്കുന്ന അവസ്ഥയിലാണ്. ഗവൺമെന്റ് ഏജൻസികൾ പോലും മുഖ്യഹൈവേകളിൽ പൈപ്പുകൾ, കേബിളുകൾ മുതലായവ സ്ഥാപിക്കാൻ വേണ്ടി കിടങ്ങുകൾ കുഴിക്കുന്നു. ഗതാഗതത്തിന്ന് അപകടം വരുത്തുമാറ് ഒരു മുന്നറിയിപ്പ് അടയാളം സ്ഥാപിക്കാതെയും രാത്രി യാത്രക്കാർക്ക് ഒരു വെളിച്ചം വെക്കാതെയും റോഡുകൾ താറുമാറായ അവസ്ഥയിലാക്കുന്നു.

നിർഭാഗ്യകരമെന്ന് പറയട്ടെ മിക്കവാറും റോഡുകളിൽ അപകടം സംഭവിക്കുന്നതും ദുരന്തങ്ങൾ ഉണ്ടാകുന്നതും അതിലെ മുന്നറിയിപ്പ് സംവിധാനങ്ങൾ അവഗണിക്കുന്നത് മൂലമാണ്. ഉദാഹരണത്തിന്ന് ഒരിക്കൽ കീഴോട്ട് ഡിപ്പ് ചെയ്ത ഹെഡ് ലൈറ്റുമായി ഞാൻ ഇസ്ലാമാബാദിലൂടെ സഞ്ചരിക്കുകയായിരുന്നു. എന്തോ അസാധാരണമായ ഒന്ന് റോഡിന്ന് നടുവിലുണ്ടെന്ന് ഞാൻ മനസ്സിലാക്കി. ഒരു അലാറം മുന്നറിയിപ്പ് തന്നത് പോലെ ഞാൻ പെട്ടെന്ന് ബ്രേക്കിട്ടു. ഏതാനും അടി മുന്നിൽ ഒരു വലിയ കുഴി റോഡിന്ന് കുറുകെയായി കുഴിച്ചിരിക്കുന്നു. അവിടെ ഒരു അടയാളമോ മുന്നറിയിപ്പ് സംവിധാമോ ഇല്ല. ആവശ്യമായ വെളിച്ചവും ഇല്ല. കൂടുതൽ അപകടകരമായ വസ്തുത എന്താണെന്ന് വെച്ചാൽ ആ കുഴിയുടെ ചുറ്റുഭാഗത്ത് നിന്നും മണ്ണെടുത്തിട്ടുണ്ട്. അത് പകരം ഒരു അടയാളമായി വെച്ചതായിരിക്കാം. അല്ലാഹുവിന്റെ അനുഗ്രഹം ഒന്നുകൊണ്ട് മാത്രമാണ് ഞങ്ങൾ രക്ഷപ്പെട്ടത്. ഞാൻ എന്റെ കുടുംബവുമായി സഞ്ചരിക്കുകയായിരുന്നു. ഉടൻ തന്നെ ബ്രേയ്ക്ക് ചവിട്ടിയിട്ടില്ലായിരുന്നുവെങ്കിൽ ഞങ്ങൾ തീർച്ചയായും ഗുരുതരമായ ഒരു അപകടത്തിൽ പതിക്കുമായിരുന്നു. അടുത്ത ദിവസം തന്നെ ഞങ്ങൾ കേട്ടത് അതേ കുഴിയിൽ ഒരു ജർമ്മൻ ടൂറിസ്റ്റ് അദ്ദേഹത്തിന്റെ മെർസിഡസ് ഓടിച്ചു പോവുമ്പോൾ വീഴുകയുണ്ടായി എന്നാണ്. ഭാഗ്യത്തിന്ന് ഗുരുതരമായ പരിക്കുകളൊന്നു മുണ്ടായില്ല.

മറ്റൊരു സംഭവം ഞാൻ പാകിസ്താനിലെ ശേഖ്പുരാ - ഗുജ്റൻവാലാ റോഡിൽ സഞ്ചരിക്കുമ്പോൾ നടന്നതാണ്. ഈ സംഭവത്തിൽ റോഡ് കിളച്ചിട്ടിരിക്കുന്നു. എന്നാൽ മണ്ണും കോൺക്രീറ്റും സ്ഥലത്ത് നിന്നും മാറ്റിയിട്ടില്ല. ഞാൻ ഇരുട്ടിൽ യാത്രചെയ്യുകയായിരുന്നു. റോഡിലെ മൺകൂനയിൽ എന്റെ ദൃഷ്ടി പതിഞ്ഞു. കൃത്യ സമയത്ത് തന്നെ ബ്രേക്ക് നിയന്ത്രിക്കാൻ ഞാൻ ശ്രമിച്ചു. ആ അപകടം പിടിച്ച സ്ഥലത്ത് നിന്നും ഏതാനും അടി അകലെ എന്റെ കാർ നിർത്തുവാൻ എനിക്ക് സാധിച്ചു. ഇവിടെയും ഡ്രൈവർമാർക്ക് അപകടത്തിന്റെ മുന്നറിയിപ്പ് നൽകുന്ന യാതൊരു മുന്നറിയിപ്പുമില്ലായിരുന്നു. ഞങ്ങൾ കാറിൽ നിന്നിറങ്ങി. കുറച്ച് അടുത്ത് നിന്ന് രംഗം വീക്ഷിച്ചു. ആ ഭീകരരംഗം അപ്പോഴാണ് ഞങ്ങൾ കണ്ടത്. കുഴിയെടുത്ത സ്ഥലം വളരെ വലുതായിരുന്നു. ഒരു ബസ്സ് മുഴുവനും അതിൽ വീണു കിടക്കുന്നുണ്ടായിരുന്നു. ബസ്സിന്റെ അവശിഷ്ടങ്ങൾ അവിടെ കാണാമായിരുന്നു. ദിനേന സംഭവിക്കുന്ന ഇത്തരം അപകടങ്ങളിൽ നിന്നുമുള്ള രണ്ട് സംഭവങ്ങളാണ് ഞാൻ ഇവിടെ ഉദ്ധരിച്ചത്.

ജനങ്ങളിൽ നിന്നും നീതി പ്രാഥമിക രൂപത്തിൽ തന്നെ തടയപ്പെടുമ്പോൾ അതിന്റെ പ്രത്യാഘാതം വമ്പിച്ചതായിരിക്കാമെന്ന് ഇത്കൊണ്ട് തന്നെ സ്ഥാപിക്കാനാവും. അത്തരം സമൂഹങ്ങളിൽ മറ്റു മൗലികാവകാശങ്ങളുടെ സ്ഥിതി എന്തായിരിക്കുമെന്ന് നമുക്ക് സങ്കൽപ്പിക്കാനാവും. അതായത് ആ സന്ദേശത്തിന്റെ കാതൽ എന്താണെന്ന് വെച്ചാൽ മുസ്ലിം സമൂഹം നീതിയുടെ മുന്നറിയിപ്പുകൾ അത് ഏറ്റവും താഴ്ന്ന വിതാനത്തിലായാൽ പോലും അവഗണിക്കാൻ പാടില്ല എന്നാണ്.

alislam.org

Humanity First

humanityfirst.org

# യേശു: വിശ്വാസ നിഗൂഢതകളുടെ മറനീക്കപ്പെടുന്നു

ലോകത്തിലെ ഏറ്റവും പ്രബലമതങ്ങളായ ക്രിസ്ത്യാനികളുടെയും മുസ്‌ലിംകളുടെയും മത വിശ്വാസങ്ങളിൽ സുപ്രധാന പങ്ക് വഹിക്കുന്ന ഒരു മത പുരുഷനാണ് ക്രിസ്തു അഥവാ ഈസാ നബി(അ). രണ്ടു മതവിഭാഗങ്ങളും വ്യത്യസ്തവും വൈവിധ്യമാർന്നതുമായ വിശ്വാസങ്ങളാണ് യേശുവിനെ കുറിച്ച് വെച്ച് പുലർത്തുന്നത്. അനേകം ദിവ്യാത്ഭുതങ്ങൾ പ്രവർത്തിച്ച ക്രിസ്തു യുഗാന്ത്യസംഭവങ്ങളുടെ ഭാഗമായി വീണ്ടും ആകാശത്തുനിന്നും അവരോഹിതനാകുമെന്ന് ഇരു മതങ്ങളിലെയും ബഹുഭൂരിപക്ഷം ആളുകളും വിശ്വസിക്കുന്നു. രഹസ്യങ്ങളും നിഗൂഢതകളും ചൂഴ്ന്ന് നിൽക്കുന്ന ക്രിസ്തുവിന്റെ യഥാർത്ഥ ജീവിത കഥയെന്ത്?

**എ. എം. മുഹമ്മദ് സലീം**

നൂറ്റാണ്ടുകൾ നീണ്ട അവ്യക്തതകൾക്കും നിഗൂഢതകൾക്കും ശേഷം യേശുവിനെ സംബന്ധിച്ച ഒരു ചരിത്ര പ്രശ്നത്തിന്ന് സുവ്യക്തമായ ഒരു വിധി തീർപ്പ് ലോകസമക്ഷം സമർപ്പിക്കപ്പെടുകയുണ്ടായി. കുരിശു സംഭവത്തിന്ന് ശേഷം കുരിശിൽ നിന്നും മോചിതനായ യേശു കാണാതെ പോയ ഇസ്റയേൽ ഗോത്രങ്ങളെ തേടി പലസ്തീനിൽ നിന്നും കിഴക്കൻ ദിക്കിലേക്ക് യാത്രയാവുകയും ഒടുവിൽ ഭാരതത്തിലെ കശ്മീരിൽ എത്തി ചേരുകയും വിജയശ്രീലാളിതനായി അവിടെവെച്ച് ദിവംഗതനാവുകയും ചെയ്തു. കശ്മിരിലെ റോസാബാലിലെ കബറിടം യേശുവിന്റെ പരിശുദ്ധ ശരീരം അടക്കം ചെയ്ത ശിലാകുടീരമാണ് അഹ്മദീയ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് അഹ്മദ്(അ) നൂറ് വർഷങ്ങൾക്ക് മുമ്പ് പ്രഖ്യാപിച്ചുകൊണ്ട് ക്രിസ്തുവിന്റെ അപ്രകാശിത ജീവിതത്തിലേക്ക് വെളിച്ചം വിതറുകയുണ്ടായി. ആ വെളിപ്പെടുത്തലുകൾ ആധുനിക ധൈഷണിക ലോകത്ത് അറ്റമില്ലാത്ത ചർചകളും ഗവേഷണങ്ങളും സംവാദങ്ങളും ഉയർത്തിവിട്ടിരിക്കയാണ്.

കാശ്മീരിലെ പ്രസ്തുത കബർ നൂറ്റാണ്ടുകളായി ഒരു മുസ്‌ലിം കുടുംബമാണ് പാലിച്ചു പോരുന്നത്. യഹൂദ മാതൃകയിൽ നില കൊള്ളുന്ന ആ കബർ ഒരു മുസ്‌ലിം സിദ്ധന്റെതല്ല എന്നത് പ്രഥമ ദൃഷ്ടിയിൽ തന്നെ വ്യക്തമാണ്. യേശുവിന്റെ നിഗൂഢമായ ജീവിതത്തിന്റെ സന്നിഗ്ദ്ധതകൾക്ക് ഒരു ശാശ്വത പരിഹാരം എന്ന നിലക്ക് സമർപ്പിക്കപ്പെട്ട സമൂർത്തവും വസ്തു നിഷ്ഠവുമായ ഈ ചരിത്ര ശേഷിപ്പിനു മുമ്പിൽനിന്നും ഒഴിഞ്ഞു മാറാൻ ആർക്കും സാദ്ധ്യമല്ല. യേശുവിന്റെ ഈ കബർ ഗവേഷണത്തിന്നു വിധേയമാക്കുകയാണെങ്കിൽ അനിഷേധ്യവും അവിതർക്കിതവുമായ തെളിവുകൾ ലഭ്യമാകുമെന്ന് ഹദ്റത്ത് അഹ്മദി (അ)ന്റെ പ്രഖ്യാപനം ചരിത്ര വിസ്മയങ്ങളുടെ അത്ഭുതകരമായ രഹസ്യങ്ങൾ അടക്കം ചെയത ഈ കബറിടത്തെ ഗവേഷകരുടെയും മതവിജ്ഞാനികളുടെയും തീർത്ഥാടന കേന്ദ്രമാക്കി മാറ്റിയിരിക്കുന്നു.

ബെത്‌ലഹേമിലെ കാലിത്തൊഴുത്തിൽ കന്യാമറിയത്തിന്റെ പുത്രനായി ജനിച്ച ആ മഹാത്മാവ് കാൽവരിയിലെ മരക്കുരിശിൽ മൃത്യുന്മുഖനായി നിസ്സഹായനായി തൂങ്ങിക്കിടന്നപ്പോൾ ആ പുണ്യ പൂമാന്റെ തിരുവക്ത്രത്തിൽ നിന്നും

മനമുരുകിയ വിലാപം പുറത്തേക്ക് വന്നു:*'ഏലീ, ഏലീ ലാമാ ശബകതാനി'* എൻ ദൈവമേ എൻ ദൈവമേ നീ എന്താണ് എന്നെ കൈവിട്ടത്? യഹൂദ പ്രമാണിമാർ ആ പുണ്യാത്മാവിന്റെ ചുറ്റും നിന്ന് പരിഹാസപൂർവ്വം ആരവം മുഴക്കി. കാർക്കിച്ചു തുപ്പി. ഞാണങ്ങാക്കോൽ കൊണ്ട് തലക്കടിച്ചു. അവർ പറഞ്ഞു:*'മന്ദിരം പൊളിച്ചു മൂന്നു നാൾ കൊണ്ട് പണിയുന്നവനെ നിന്നെ തന്നെ രക്ഷിക്ക. ദൈവ പുത്രൻ എങ്കിൽ ക്രൂശിൽ നിന്നും ഇറങ്ങി വാ.'* ശാസ്ത്രിമാരും യഹുദ മൂപ്പന്മാരും പരമ പരിശുദ്ധനായ ആ പുണ്യാത്മാവിനെ നോക്കി പുഛത്തോടെ പരിഹസിച്ചു പറഞ്ഞു: *'ഇവൻ ഇസ്റയേലിന്റെ രാജാവാകുന്നു എങ്കിൽ ഇപ്പോൾ കുരിശിൽ നിന്നും അവൻ ഇറങ്ങി വരട്ടെ, ദൈവത്തിന്ന് ഇവനെ വേണമെങ്കിൽ ദൈവം ഇപ്പോൾ ഇവനെ വിടുവിക്കട്ടെ.'* പക്ഷേ ദൈവത്തിന്റെ ആ സംപ്രീത ദാസനെ ദൈവം കൈവെടിഞ്ഞില്ല.! ലോകത്തെ അതിശയിപ്പിച്ച് കൊണ്ട് യഹുദ പരിശകളുടെ കുതന്ത്രങ്ങളും പീഢനങ്ങളും അതിജീവിച്ച യേശു കുരിശിൽ നിന്നും ഇറങ്ങിവന്നു!! സത്യത്തിന്റെ വിജയമെന്നോണം ഫലസ്തീൻ മണ്ണിലൂടെ അദ്ദേഹം നടന്നുപോയി. ഇസ്രയേൽ ഗോത്രങ്ങളെ തേടി വിദുരമായ കിഴക്കൻ ദിക്കുകളിലേക്ക് പദയാത്രികനായി സഞ്ചരിച്ചു. ദൈവം തന്നെയേൽപ്പിച്ച മഹത്തായ ദൗത്യം നിർവ്വഹിച്ച് വിജയശ്രീലാളിതനായ രാജകുമാരനെ പോലെ ആ മഹാത്മാവ് ദിവംഗതനായി. *'ഒരു പ്രവാചകനും തന്റെ നാട്ടിൽ ബഹുമാനിതനല്ല.'* എന്ന യേശുവിന്റെ വചനത്തെ തന്നെ സാർത്ഥകമാക്കുമാറ് യഹുദികൾ ശപ്തനാക്കാൻ നോക്കിയ തന്റെ ദാസനെ ദൈവം ശാന്തിയുടെയും സൗഭാഗ്യങ്ങളുടെയും വിജയങ്ങൾ നൽകി മറ്റൊരു രാജ്യത്ത് അനുഗ്രഹിച്ചു. വിസ്മയങ്ങളും ഉത്കണ്ഠകളും അത്ഭുതങ്ങളും നിറഞ്ഞ ആ മഹാത്മാവിന്റെ ചരിത്രം ദൈവത്തിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ട ചിന്തനീയമായ ഒരു വിവാദ വിഷയമാണ്. ആ ചരിത്രം പറയുമ്പോൾ വിശ്വാസികൾ പ്രക്ഷുബ്ധരായി ആരവം മുഴക്കുമെന്ന് ഖുർആൻ പറയുന്നു: *'മർയമിന്റെ മകന്റെ സംഭവം ഒരു ദൃഷ്ടാന്തമായി വിവരിക്കപ്പെടുമ്പോൾ നിന്റെ ജനതയതാ ആരവം മുഴക്കുന്നു.'(വി.ഖുർആൻ 43:58)*

*'തൂങ്ങിമരിച്ചവൻ ദൈവസന്നിധിയിൽ ശാപഗ്രസ്തൻ.' (ആവ: 21:22)* എന്ന പഴയ നിയമത്തിലെ പ്രമാണമനുസരിച്ച് മിശിഹയായ യേശുവിനെ കുരിശിൽ തറച്ച് ശപ്തനാക്കാനുള്ള യഹൂദികളുടെ ഗൂഢാലോചനയായിരുന്നു ക്രൂശീകരണ ശ്രമം. കുരിശിൽവെച്ച് ക്രിസ്തുവിനുണ്ടായ മോഹാലസ്യം മരണമായി തെറ്റിദ്ധരിക്കപ്പെടുകയാണുണ്ടായത്. യേശു ജീവിച്ചിരുന്നപ്പോൾ അദ്ദേഹത്തെ ഉപദ്രവിച്ച് നടന്ന പൗലുസാണ് കുരിശുമരണ സിദ്ധാന്തത്തിന്റെ ഏറ്റവും വലിയ വാക്താവ്. ഗലാതൃർക്കെഴുതിയ കത്തിൽ പൗലൂസ് എഴുതി: *'മരത്തിൽ തൂങ്ങുന്നവൻ ശപിക്കപ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നത് പോലെ ക്രിസ്തു നമുക്ക് വേണ്ടി ശാപമായിത്തീർന്നു.' (ഗലാ:3:13)*

വാസ്തവത്തിൽ യേശു കുരിശിൽ വെച്ച് മരിച്ചു എന്ന് അറിയുമ്പോൾ അത് ക്രിസ്തുവിനെ പീഢിപ്പിച്ച ശത്രുക്കളുടെ വാദത്തിന്നു അതായത് യേശു ശപ്തനാണെന്ന യഹൂദികളുടെ ആരോപണത്തിന്നു സാധുകരണമാണ് എന്ന സത്യം ക്രിസ്തീയ സഹോദരന്മാർ മനസ്സിലാക്കണം. കുരിശിൽ വെച്ച് മരിച്ച ശേഷം അദ്ദേഹം പുനരുത്ഥാനം ചെയ്ത് വാനലോകത്തേക്ക് ഉയർന്നുപോയി എന്ന ക്രിസ്ത്യാനികളും ക്രൂശിക്കപ്പെടാതെ ആകാശത്തേക്ക് ഉയർന്നുപോയി എന്ന ഭൂരിപക്ഷ മുസ്ലിംകളും യേശു ശപ്തനായിരുന്നതിനാൽ കുരിശിൽ വെച്ച് മരിച്ചു എന്ന യഹൂദികളിൽ പെട്ടവരും വിശ്വസിക്കുന്നു.

## ക്രിസ്ത്യൻ മുക്തിശാസ്ത്രം

മജ്ജ്ജയും മാംസവുമുള്ള ശരീരവുമായി ജീവിക്കുകയും ഭക്ഷണം കഴിച്ചും വെള്ളം കുടിച്ചും, വേദനയും വിശപ്പും സഹിക്കുകയും ചെയ്ത ക്രിസ്തു കുരിശിൽ വെച്ച് മരിച്ചതിന്ന് ശേഷം പുനരുത്ഥാനം ചെയ്ത് സ്വർഗ്ഗസ്ഥനായി എന്ന വിശ്വാസം സാമാന്യ ബുദ്ധിക്കും പ്രകൃതി നിയമങ്ങൾക്കും നിരക്കുന്നതാണോ? ക്രിസ്തീയ മുക്തിശാസ്ത്രത്തിന്റെ ഈ ശൃംഖല സ്വർഗ്ഗത്തിൽ വെച്ച് വിലക്കപ്പെട്ട കനി ഭക്ഷിച്ച് പറുദീസ നഷ്ടപ്പെട്ട് പാപികളായി തീർന്ന ആദം ദമ്പതിമാരിൽ നിന്നും ആരംഭിക്കുന്നു. പാപം ആദം ദമ്പതിമാരിലൊതുങ്ങിയില്ല. അവരുടെ സന്തതികളിലേക്കും സന്തതി പരമ്പരകളിലേക്കും പാപം അനസ്യൂതമായി സംക്രമിച്ചു. അങ്ങിനെ പാപികളായിതീർന്ന മനുഷ്യസന്തതികളെ ശിക്ഷിക്കാതെ പൊറുത്തു കൊടുക്കുക എന്നത് ദൈവനീതിക്ക് യോജിച്ചതല്ല. ദൈവത്തിന്റെ കാരുണ്യം മനുഷ്യനെ ശിക്ഷിക്കാൻ അനുവദിക്കുന്നുമില്ല. ഈ പ്രഹേളികക്ക് ഒരു പരിഹാരമായി ദൈവം ആവിഷ്ക്കരിച്ച പദ്ധതിയാണ് ഏകജാതനായ തന്റെ സ്വന്തം പുത്രനെ അയച്ചു. പാപത്തിന്ന് പരിഹാരമായി കുരിശിൽ ബലിയാവുക എന്നത്. ഈ ദൈവിക പദ്ധതിയുടെ ഭാഗമായി രണ്ടായിരം വർഷം മുമ്പ് ക്രിസ്തു ഭൂമിയിൽ വരികയും മനുഷ്യവംശത്തിന്റെ പാപ പരിഹാരാർത്ഥം കുരിശ് മരണം വരിക്കുകയും ചെയ്തു. മൂന്നാം ദിവസം പുനരുത്ഥാനം ചെയ്ത ക്രിസ്തു പിന്നീട് സ്വർഗ്ഗാരോഹണം നടത്തി പിതാവായ ദൈവത്തിന്റെ വലത് ഭാഗത്ത് ഉപവിഷ്ടനായി ദൈവികമായ ലോക ഭരണം നടത്തി വരുന്നു. മനുഷ്യന്റെ യുക്തി ചിന്തക്കും ധാർമ്മിക ബോധത്തിനും നിരക്കുന്ന ഒന്നല്ല പൗലൂസിന്റെ ഈ ക്രിസ്ത്യൻ മുക്തി ശാസ്ത്രം എന്ന് ചിന്താശീലർക്ക് എളുപ്പത്തിൽ തിരിച്ചറിയാൻ സാധിക്കും.

## ക്രിസ്തുവിനെ സംബന്ധിച്ച ചരിത്ര ശൂന്യത

കുരിശ് സംഭവാനന്തരം യേശുവിന്ന് എന്തു സംഭവിച്ചു എന്ന ചരിത്ര പ്രശ്നത്തിന്ന് വസ്തുനിഷ്ഠമായും യുക്തിപരമായും ഒരു വിശദീകരണമോ ചരിത്ര ഗവേഷണമോ ക്രിസ്തു കേന്ദ്രിതമായ ക്രൈസ്തവ മതത്തിന്റെ ഭാഗത്തുനിന്നും ഇതുവരെ ഉണ്ടായിട്ടില്ല. ഏല്ലാ ശാസ്ത്ര-ചരിത്ര ഗവേഷണങ്ങൾക്കും നേതൃത്വം നൽകുന്ന പാശ്ചാത്യ ധൈഷണിക ലോകം ക്രിസ്തുമത സ്വാധീനത്താൽ ഈ വിഷയത്തിൽ മൗനം ദീക്ഷിക്കുകയാണ്. ഭൂമിയിൽ ജീവിച്ച ഒരു ചരിത്രപുരുഷനായ ക്രിസ്തുവിനെ സംബന്ധിച്ച് ക്രൈസ്തവ വിശ്വാസം മനുഷ്യ യുക്തിക്കും വസ്തുനിഷ്ഠമായ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും വിധേയമാക്കിയാൽ യേശുവിനെ സംബന്ധിച്ച് ചരിത്ര സത്യം പുറത്ത് വരികയും യേശുവിനെ സംബന്ധിച്ച ക്രൈസ്തവ വിശ്വാസം സത്യത്തിനും യുക്തിക്കും നിരക്കുന്നതല്ല എന്ന് തെളിയുകയും അവയെല്ലാം കെട്ടുകഥപോലെ നിരർത്ഥകമാണെന്ന് തെളിയും. കുരിശു മരണവും പുനരുത്ഥാനവും സ്വർഗ്ഗാരോഹണവും സംബന്ധിച്ച് പാശ്ചാത്യ ക്രൈസ്തവ ലോകത്തിന്റെ മുൻവിധി തന്നെയാണ്. ക്രിസ്തുവിന്റെ ദിവ്യാത്ഭുതങ്ങളും അതിശയങ്ങളും വിവരിക്കുന്ന കോടിക്കണക്കിന്ന് മതസാഹിത്യങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ ചരിത്രപരതയെ തൃപ്തിപ്പെടുത്തുന്ന വിധം ശാസ്ത്രീയവും യുക്തിസഹവും വസ്തുനിഷഠവുമായ ഒരു ചരിത്ര രചന ക്രിസ്തുവിനെ സംബന്ധിച്ച് ഇന്നോളം എഴുതപ്പെടാത്തത് അത്കൊണ്ടാണ്. ഒരു കാര്യം നാം പ്രത്യേകം ഓർക്കണം ചരിത്രത്തിന്റെ കാലഗണന എ.ഡി (Anno Domi)എന്നും ബി. സി (Before Christ)എന്നും വിഭജിക്കപ്പെട്ടിരിക്കുന്നത് ക്രിസ്തുവിനെ ആധാരമാക്കിയാണ്. ചരിത്രത്തിന്റെ ഈ വിഭാജക വ്യക്തി തന്നെ ചരിത്രത്തിന്നതീതനായിരിക്കുന്ന വൈചിത്രമാണ് ഇവിടെ കാണാൻ സാധിക്കുന്നത്. അതായത് ചരിത്രത്തെ വിഭജിച്ച യേശുവിന്റെ ചരിത്രം തന്നെ അവ്യക്തശൂന്യമായി തുടരുന്നു. ദൈവപുത്രനായ യേശു പ്രകൃത്യാതീമായ നിരവധി അത്ഭുതങ്ങൾ കാണിച്ചു അവസാനം കുരിശിൽ വെച്ച് മരിച്ചുവെന്നും അതിന്ന് ശേഷം ഉയിർത്തെഴുന്നേറ്റ് ആകാശത്തേക്ക് ഉയർന്നുപോയി എന്ന വിശ്വാസത്താൽ പരിവേഷ്ടിതനായ ഒരു വ്യക്തിയുടെ ജീവിതമാണ്, അങ്ങേയറ്റം വസ്തുനിഷഠമാകേണ്ട ചരിത്രത്തിന്റെ കാലനിർണ്ണയത്തിന്ന് മാനദണ്ഡമായി സ്വീകരിച്ചിരിക്കുന്നത്.

## യേശുവിന്റെ ദൗത്യം ഇസ്റായേൽ ഗോത്രത്തിന്ന് മാത്രം

മറ്റെല്ലാ ഇസ്റയേലി പ്രവാചകന്മാരെയും പോലെ യേശുവും ഒരു ഗോത്ര പ്രവാചകനായിരുന്നുവെന്ന് വ്യക്തമായി പ്രതിപാതിക്കുന്ന നിരവധി വചനങ്ങൾ ബൈബിളിൽ കാണാം **'ജാതികളുടെ അടുക്കൽ പോകാതെയും ശമര്യക്കാരുടെ പട്ടണത്തിൽ പ്രവേശിക്കാതെയും ഇസ്റായേൽ ഗോത്രത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കൽമാത്രം ചെല്ലുവീൻ' (മത്തായി:10:5.6) 'ഇസ്റായേൽ ഭവനത്തിലെ കാണാതെപോയ ആടുകളുടെ അടുത്തേക്ക് മാത്രമാണ് എന്നെ അയച്ചിട്ടുള്ളത്.' (വിശുദ്ധ ഖുർആൻ 15:24) മറിയയുടെ മകൻ ഈസ പറഞ്ഞ സന്ദർഭം: 'അല്ലയോ ഇസ്റ യേൽ സന്തതികളെ, ഞാൻ നിങ്ങളി ലേക്ക് അയക്കപ്പെട്ട പ്രവാചകനാകുന്നു.'(വിശുദ്ധ ഖുർആൻ 61:7)** എന്ന് ഖുർആനും പറയുന്നു. യേശുവിന്റെ ദൗത്യം യഹുദ ജനതക്ക് മാത്രമുള്ളതാകുന്നു. എന്നാൽ അക്കാലത്ത് ഫലസ്തീനിൽ രണ്ട് ഗോത്രങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അവരാകട്ടെ ക്രിസ്തുവിന് മുമ്പ് ഉദ്ദേശം അഞ്ച്നുറ്റാണ്ടുകൾക്ക് മുമ്പ് ഫലസ്തീനിൽ തിരിച്ചു വന്നവരുടെ പരമ്പരയിൽ പെട്ടവരായിരുന്നു. ബാക്കി പത്ത് ഗോത്രങ്ങളിലും പെട്ട ബഹുഭൂരിപക്ഷം യഹുദികളും ഇന്ത്യവരെ വ്യാപിച്ചു കിടന്ന രാജ്യങ്ങളിൽ പ്രവാസികളായി ചിതറിപ്പാർത്തു കിടക്കുകയയിരുന്നു. യേശുവിന്റെ പ്രേഷിത പ്രവർത്തനങ്ങൾ പൂർത്തിയാവണമെങ്കിൽ കിഴക്കൻ രാജ്യങ്ങളിൽപരന്നു കിടക്കുന്ന ഇസ്റയേൽ ഗോത്രങ്ങളിലെല്ലാം അദ്ദേഹത്തിന്റെ ദൗത്യം എത്തേണ്ടതുണ്ട്. എന്നകാര്യം അവിതർക്കിതമായിരുന്നു. അതാണ് യേശു ബൈബിളിൽ പറഞ്ഞത്: **'ഈ തൊഴുത്തിൽ പെടാത്ത വേറേയും ആടുകൾ എനിക്കുണ്ട് അവയെ എനിക്ക് കൊണ്ട്വരണം അവ എന്റെ സ്വരം കേൾക്കും അങ്ങിനെ ഒരു ആട്ടിൻ കൂട്ടവും ഇടയനുമാവും.' (യോഹ: 10:16)** താൻ ഫലസ്തീനിൽ നിന്നും വിദൂരസ്ഥമായ ഒരു ദേശത്തേക്ക് പ്രവാസത്തിന്ന് പോകുന്നതാണെന്ന് യേശു ശിഷ്യരോടു പറഞ്ഞിട്ടുണ്ടായിരുന്നു. **'എന്റെ പിതാവിന്റെ ഭവനത്തിൽ പല പാർപ്പിടങ്ങളുമുണ്ട്. .... ഞാൻ നിങ്ങൾക്ക് സ്ഥലമൊരുക്കാൻ പോകുന്നു..' (യോഹ: 14:2)**

അറാമിക്ക് ശൈലിയനുസരിച്ച് **'ഉയർത്തപ്പെടേണ്ടതാകുന്നു'**എന്നു ഇവിടെ പറഞ്ഞിരിക്കുന്നതിന്നു മനുഷ്യപുത്രൻ ഇവിടെ നിന്നും പോവേണ്ടത് അത്യാവശ്യമാകുന്നു എന്നാണ് അർത്ഥം നൽകേണ്ടതെന്ന് വിശ്രുത സെമിറ്റിക്ക് ഭാഷാ വിദഗ്ദൻ ചാൾസ് കട്ലർ ടോറി ഫോർ ഗോസ്പൽസ് (Charls Cutler Tourey - Four Gospels) എന്ന പുസ്തകത്തിൽ തെളിയിച്ചിട്ടുണ്ട്. (P.214) അക്കാലത്തെ യഹൂദർ യേശുവിന്റെ വാക്കുകൾക്ക് അർത്ഥം കൽപ്പിച്ചതും അങ്ങിനെ തന്നെയായിരുന്നു. യേശു തന്റെ

യഹൂദർക്കിടയിലെ ദൗത്യത്തിന് മറ്റൊരിടത്തേക്ക് പോകുന്നതിനെ പറ്റിയാണ് പറയുന്നതെന്നു തന്നെയാണ് അവരും ധരിച്ചത്. ആകാശത്തേക്ക് പോകുമെന്നല്ല. **'ഞാനിനി കുറച്ചു കാലം നിങ്ങളുടെ കൂടെ ഉണ്ടായിരിക്കും. പിന്നെ എന്നെ അയച്ചവന്റെ അടുക്കൽ പോകും. നിങ്ങൾ എന്നെ അന്വേഷിക്കും കണ്ടെത്തുകയില്ലതാനും ഞാനിരിക്കുന്നിടത്തു നിങ്ങൾക്ക് വരാൻ കഴിയുകയില്ല എന്ന് യേശു പറഞ്ഞു. അപ്പോൾ യഹുദന്മാർ പരസ്പരം ചോദിച്ചു. 'നമുക്ക് കണ്ടെത്താൻ കഴിയാത്ത വിധം ഇവൻ എവിടെക്ക് യാത്ര പോവാൻ ഭാവിക്കുന്നു? യവനന്മാർ ചിതറിപ്പോവുന്നവരുടെ അടുക്കെ യാത്രയായി. ഗ്രീക്കുകാരെ ഇടയിൽ കുടിയേറിപ്പാർക്കുന്ന നമ്മുടെ ജനത്തിന്റെ അടുക്കൽ ചെന്ന് ഗ്രീക്കുകാരെ പഠിപ്പിക്കാനാണോ ഇവന്റെ ഉദ്ദേശം.' (യോഹ: 7:35,36)**

## കുരിശ് സംഭവം

**'തൂങ്ങി മരിച്ചവൻ ശപിക്കപ്പെട്ടവൻ'** (ആവ: 21;22) എന്ന ബൈബിൾ പ്രമാണമനുസരിച്ച് ദൈവ പ്രേഷിതനായ യേശുവിനെ ശപ്തനെന്ന് വരുത്തി തീർക്കാൻ യഹുദർ ശ്രമിച്ചു കൊണ്ടിരുന്നു. അവരുടെ കുതന്ത്രങ്ങളുടെ ഫലമായി യേശു കുരിശിക്കപ്പെട്ടുവെങ്കിലും സത്യവാനായ ആ ദൈവദൂതനെ കുരിശിൽ കൊല്ലാൻ അവർക്ക് കഴിഞ്ഞില്ലെന്ന് ഖുആൻ വെളിപ്പെടുത്തുന്നു. **'വാസ്തവത്തിൽ അവർ അദ്ദേഹത്തെ വധിച്ചിട്ടില്ല. കുരിശിച്ചു കൊന്നിട്ടുമില്ല. മറിച്ച് ക്രൂശിക്കപ്പെട്ടവനേപോലെ സദൃശീകരിക്കപ്പെടുകയാണുണ്ടായത്.'(4:158)** യേശുവിന്റെ കുരിശ് സംഭവത്തെക്കുറിച്ച് സുക്ഷ്മവും ബുദ്ധിപരവുമായ ബൈബിൾ പരായണം ഈ വസ്തുതയെ ബലപ്പെടുത്തുകയാണ് ചെയുന്നത്. ഉദ്വേഗജനകമായ ഒരു ദൈവിക പദ്ധതിയുടെ ഭാഗമെന്ന നിലയിൽ കുരിശു സംഭവത്തെ അതിജീവിച്ച യേശുവിന്റെ ചരിത്രം ബൈബിൾ പഴയ നിയമത്തിലെ ഉജ്ജ്വലമായ ചില പ്രവചനങ്ങളുടെ പുലർച്ചകൂടിയാണ്. യേശുവിനെ വിചാരണ ചെയ്ത പീലാത്തോസിന്റെ മൗനാനുമതിയോടെ ക്രിസ്തുവിന്റെ ഉന്നതരായ ചില രഹസ്യ ശിഷ്യന്മാരുടെ ശ്രമഫലമായി ദൈവാനുഗ്രഹത്താൽ അദ്ദേഹം കുരിശുമരണത്തിൽ നിന്നും രക്ഷപ്പെട്ടു എന്നതാണ് വാസ്തവം. യേശു കുരിശിൽ വെച്ച് മരിച്ചിട്ടില്ല എന്നതിന്ന് ബൈബിൾ നൽകുന്ന സുചനകൾ എന്താണെന്ന് നോക്കാം.

## പിലാത്തോസിന്റെ വിമുഖത

യേശുവിന്റെ ക്രൂശീകരണം എന്ന ആവശ്യവുമായി പീലാത്തോസിനെ സമീപ്ച്ച യഹുദികളോട്, വിചാരണക്ക് ശേഷം **'ഞാൻ ഈ മനുഷ്യനിൽ കുറ്റമൊന്നും കാണുന്നില്ല.' (ലുക്കോ:23:19)** എന്ന് പീലാത്തോസ് പറഞ്ഞു. അതിനിടെ, വിചാരണക്ക് വിധേയനായിക്കൊണ്ടിരുന്ന യേശുവിനെ രക്ഷിക്കണമെന്ന സന്ദേശമുൾക്കൊള്ളുന്ന ഒരു സ്വപ്നം പീലാത്തോസിന്റെ ഭാര്യ കാണുകയുണ്ടായി. **'അവൻ ന്യായസനത്തിലിരിക്കുമ്പോൾ തന്റെ ഭാര്യ ആളയച്ചു. ആ നീതിമാന്റെ കര്യത്തിൽ ഇടപെടരുത്. അവൻ നിമിത്തം ഇന്നും ഞാൻ സ്വപ്നത്തിൽ വളരെ കഷ്ടം സഹിച്ചു. എന്നുപറയുകയുമുണ്ടായി.'(മത്താ 27:19)** യേശുവിനെ രക്ഷിക്കണമെന്ന ഉദ്ദേശത്തോടെ പിലാത്തോസ് വിചാരണ വെള്ളിയാഴ്ച്ച വൈകുന്നത് വരെ നീട്ടി കൊണ്ടു പോയി. ശനിയാഴ്ച്ച (വെള്ളിയാഴ്ച്ച സന്ധ്യക്ക് ശേഷം യഹൂദർക്ക് ശബത്ത് ദിനമാണ്) ശബത്ത് ദിവസം മനുഷ്യ ശരീരം കുരിശിൽ തൂങ്ങാൻ പാടുള്ളതല്ല എന്നാണ് ജൂത നിയമം. വെള്ളിയാഴ്ച മൂന്നാം മണി നേരത്ത് ക്രുശിക്കപ്പെട്ട യേശു (മാർക്കോ: 15: 15) കേവലം മൂന്നു മണിക്കൂർ മാത്രമാണ് കുരിശിൽ തറക്കപ്പെട്ടു കിടന്നത്. ക്രൂശിതൻ ദിവസങ്ങളോളം ആ നിലയിൽ കിടന്നു കൊണ്ടാണ് മരണത്തിന്ന് വിധേയനാവുക. മൂന്നു മണിക്കൂർ മാത്രം കുരിശിൽ കിടന്ന അരോഗദൃഢഗാത്രനും യുവാവുമായ യേശു മരിക്കാനുള്ള സാദ്ധ്യത വളരെ വളരെ കുറവാണ്. ബൈബിളിലെ മറ്റു വചനങ്ങളിൽ ഈ വസ്തുത അനായാസം വായിച്ചെടുക്കാം

## യോനാ പ്രവാചകന്റെ അടയാളം

യേശുവിന്റെ സത്യസന്ധതക്ക് തെളിവാവശ്യപ്പെട്ട യഹൂദരോട് യോനായുടെ അടയാളം തന്നിൽ പുലരുമെന്നാണ് യേശു പ്രഖ്യാപിച്ചത് **'ദുഷ്ടതയും വ്യഭിജാരദോഷവുമുള്ള തലമുറ അടയാളം തിരയുന്നു. യോനാ പ്രവാചകന്റെ അടയാളമല്ലാതെ അതിന് അടയാളം ലഭിക്കുകയില്ല. യോന കടലാനയുടെ വയറ്റിൽ മൂന്ന് രാവും മൂന്ന് പകലും ഇരുന്നത് പോലെ മനുഷ്യപുത്രൻ മുന്ന് രാവും മുന്ന് പകലും ഭുമിയുടെയുള്ളിൽ ഇരിക്കും' (മത്താ: 12:39,40)** യേശു സത്യവാദിയാണെന്ന് തെളിയണമെങ്കിൽ യേശുവിന്റെ ഈ പ്രവചനം സത്യമായി പുലരേണ്ടിയിരിക്കുന്നു. യോനക്ക് എന്താണ് സംഭവിച്ചതെന്ന ബൈബിൾ വ്യക്തമാക്കിയിട്ടുണ്ട്.

**'യോനയെ വിഴുങ്ങേണ്ടതിന്ന് യഹോവ ഒരു മഹാമത്സ്യത്തെ കൽപ്പിച്ചയച്ചിരുന്നു. അങ്ങിനെ യോന മൂന്നു രാവും മൂന്നു പകലും മത്സ്യത്തിന്റെ വയറ്റിൽ കിടന്നു. എന്നാൽ യഹോവ മത്സ്യത്തോട് കൽപ്പിച്ചു. അത് യോനയെ കരക്ക് ഛർദിച്ചു കളഞ്ഞു.'(യോന 1:17, 2: 10)** യോനാ കടലാനയുടെ വയറ്റിൽ പ്രവേശിച്ചും കിടന്നതും പുറത്ത് വന്നതും ജീവനോടെയാണന്ന കാര്യത്തിൽ തർക്കമില്ല. ഇത് യേശുവിൽ പുലരണമെങ്കിൽ തീർച്ചയായും യേശുവും ഭുമിയുടെ ഉള്ളിൽ (കല്ലറ) പ്രവേശിച്ചതും കിടന്നതും പുറത്തുവന്നതും ജീവനോടെ ആയിരിക്കണം.

### ഗെതശമനയിലെ പ്രാർത്ഥന

ശപിക്കപ്പെട്ട കുരിശു മരണത്തിൽ നിന്നും രക്ഷിക്കാൻ വേണ്ടി യേശു ദൈവത്തോട് പ്രാർത്ഥിച്ചിട്ടുണ്ടായിരുന്നു. **'പിതാവേ നിനക്ക് എല്ലാം കഴിയും ഈ പാനപാത്രം എന്നിൽ നിന്നും നീ അകറ്റേണമേ' (മാർക്കോ: 14:35)** എന്ന് യേശു മനമുരുകി പ്രാർത്ഥിച്ചതായി ബൈബിൾ തന്നെ വ്യക്തമാക്കുന്നു. **'തന്റെ പ്രാർത്ഥന എപ്പോഴും ദൈവം കേൾക്കുന്നു.'** (യോ:11:42) എന്ന് യേശു തന്നെ വ്യക്തമാക്കിയിരിക്കേ അങ്ങേയറ്റം ദുർഘടാവസ്ഥയിൽ യേശു നടത്തിയ പ്രാർത്ഥന ദൈവം സ്വീകരിച്ചില്ല എന്ന് പറയാമോ? സ്വീകരിച്ചില്ലെങ്കിൽ യേശു പാപിയാണെന്ന് പറയുന്നതിന്ന് തുല്യമല്ലേയത്? കാരണം പാപികളുടെ പ്രാർത്ഥനയാണ് ദൈവം കേൾക്കാതിരിക്കുക എന്നാണ് ബൈബിളിന്റെ അദ്ധ്യാപനം. (യോഹ:9:31)

യേശുവിന്റെ പ്രാർത്ഥന ദൈവം കേൾക്കുകയും ആ മഹാത്മാവിനെ ശപിക്കപ്പെട്ട മരണത്തിൽ നിന്നും രക്ഷിക്കുകയും ചെയ്തു എന്നത് ബൈബിൾ സശ്രദ്ധം പഠിച്ചാൽ ഏതൊരു സഹൃദയനും എളുപ്പത്തിൽ മനസ്സിലാക്കാവുന്നത്. താൻ ശപിക്കപ്പെട്ട കുരിശു മരണത്തിൽ നിന്നും രക്ഷിക്കപ്പെടുമെന്ന് യേശു ഉറച്ചു വിശ്വസിച്ചിരുന്നു. അദ്ദേഹം സ്വയം തന്നെ കുരിശു മരണത്തിനു സന്നദ്ധനായി എന്നതിന്റെ യാതൊരു സൂചനയും ബെബിളിൽ നിന്നും ലഭ്യമല്ല.

### മഹാശബ്ദം

മുമ്പ് പറഞ്ഞത് പോലെ കേവലം മുന്ന് മണിക്കൂറിൽ കുറഞ്ഞ സമയം മാത്രമാണ് യേശു കുരിശിൽ കിടന്നത്. കുരിശിൽ മൂർച്ചിതനായി കാണപ്പെട്ട യേശു മരിച്ചു എന്ന് അവിടെ കൂടിയിരുന്നവർ കരുതുകയുണ്ടായി. ബൈബിൾ പറയുന്നു. **'യേശു മഹാ ശബ്ദത്തോടെ പ്രാണൻ വെടിഞ്ഞു' (മത്താ:27:48)** എന്നാണ് മത്തായി വിവരിക്കുന്നത്. മരണാസന്നനായ ഒരാൾ മഹാശബ്ദം പുറപ്പെടുവിക്കാറില്ല. യേശു ബോധരഹിതനാവുന്ന അവസരത്തിലാണ് അങ്ങിനെ ശബ്ദം പുറപ്പെടുവിച്ചത് എന്ന് വ്യക്തമാണ്. ബോധരഹിതനാകാൻ കാരണം ക്രുശീകരണവേളയിൽ ശിഷ്യന്മാർ നൽകിയ മയക്കുമരുന്ന് ചേർത്ത വീഞ്ഞായിരുന്നു. (യോഹ: 19:29)

### പീലാത്തോസിന്റെ ആശ്ചര്യം

യേശു മരിച്ചു എന്ന വാർത്ത കേട്ടപ്പോൾ ആശ്ചര്യത്തോടെ **'അവൻ മരിച്ചുവോ'** (മാർക്കോ: 15:44) എന്നുള്ള പീലാത്തോസിന്റെ ചോദ്യവും യേശു സ്വാഭാവികമായും മരിക്കാൻ സമയമായിട്ടില്ല എന്നതിലേക്കാണ് സുചന നൽകുന്നത്. ബൈബിൾ വിവരണ പ്രകാരം അൽപ്പ നേരത്തേക്ക് മാത്രമാണ് ക്രിസ്തു കുരിശിൽ കിടന്നത്. കൂടാതെ യേശുവിന്റെ കൂടെ ക്രുശിച്ച കള്ളന്മാർ മരിക്കാതിരുന്നത് കൊണ്ട് അവരുടെ കാലുകൾ പടയാളികൾ തല്ലി ഒടിക്കുകയുണ്ടായി. പടയാളികൾ കുരിശിൽ മോഹാലസ്യപെട്ടു കിടന്നിരുന്ന യേശുവിന്റെ കാലുകൾ ഒടിച്ചില്ല. ബൈബിൾ പറയുന്നു: **'അതിനാൽ അവർ അവന്റെ കാലുകൾ ഒടിച്ചില്ല.' (യോ:19:32-34)**

### രക്തവും വെള്ളവും തുള്ളിച്ചു വന്നു

പടയാളികളിലൊരാൾ യേശുവിന്റെ വിലാപുറത്ത് കുന്തം കൊണ്ട് കുത്തിയപ്പോൾ രക്തവും വെള്ളവും തുള്ളിച്ചു വന്നതും **(യോഹ 19:34)** യേശു അപ്പോൾ മരിച്ചിരുന്നില്ല എന്നതിന്ന് മതിയായ തെളിവാണ്. മരിച്ച ശരീരത്തിൽ നിന്ന് രക്തം ശക്തിയായി പ്രവഹിക്കുകയില്ലല്ലോ?

### ശരീരം ശിഷ്യന്മാരെ ഏൽപ്പിക്കുന്നു

മരിച്ചു എന്നു കരുതിയ യേശുവിന്റെ ശരീരം യേശുവിന്റെ ശത്രുക്കളായ യഹൂദർക്കല്ല വിട്ടു കൊടുത്തത് അദ്ദേഹത്തിന്റെ രഹസ്യ ശിഷ്യനായിരുന്ന അരിമത്യക്കാരൻ ജോസഫിനായിരുന്നു വിട്ടു കൊടുത്തത്. വായു സഞ്ചാരമുള്ളതും വിശാലവുമായ കല്ലറയിൽ ചികിത്സക്കുള്ള മരുന്നുമായി വൈദ്യനായ നിക്കോദമസും എത്തിയിരുന്നു. നൂറ് റാത്തൽ മൂറും അകിലും കൊണ്ടുള്ള ഒരു കൂട്ട് അദ്ദേഹം കൊണ്ടു വന്നിരുന്നു. **(യോഹ:19:39)** ഈ മരുന്ന് കൂട്ട് മൃതദേഹ ശുശ്രൂഷക്കുള്ളതല്ല എന്ന് വളരെ വ്യക്തം യഹൂദർ ഒരിക്കലും മൃതദേഹശുശ്രൂഷക്ക് അകിലും മൂറും ഉപയോഗിക്കാറില്ല. പൗരാണിക കാലം മുതൽ ശരീരത്തിന്നേറ്റ ക്ഷതങ്ങൾക്ക് ചികിത്സിക്കാൻ തയ്യാർ ചെയ്യപെടുന്ന മരുന്നായിട്ടാണ് അകിലും മൂറും അറിയപ്പെടുന്നത്. വൈദ്യ ശാസ്ത്ര ഗ്രന്ഥങ്ങളിൽ ***മർഹമെ ഈസാ*** (യേശുവിന്റെ ലേപനം (Oitment Of Jesus)എന്ന പേരിൽ രേഖപ്പെട്ടുകിടക്കുന്നു.

തീവ്ര പരിചരണത്തിന്റെ ഫലമായി യേശുവിന്ന് അൽപ്പം ആശ്വാസമായപ്പോൾ കല്ലറയിൽ നിന്നും പുറത്ത് വന്ന് രഹസ്യത്തിൽ ശിഷ്യന്മാരെ സന്ദർശിക്കുകയുണ്ടായി.. ജൂതന്മാർ അദ്ദേഹത്തെ വീണ്ടും അറസ്റ്റ് ചെയ്യാതിരിക്കാൻ വേണ്ട എല്ലാ മുൻകരുതലുകളും അദ്ദേഹം എടുത്തുകൊണ്ടിരുന്നു. അദ്ദേഹം പൊതു സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെട്ടതേയില്ല. **(അപ്പോ:10:41)** വിശന്നപ്പോൾ ശിഷ്യന്മാരോട് ഭക്ഷണം ആവശ്യപ്പെടുകയും അവരോടൊപ്പം ഭക്ഷിക്കുകയും ചെയ്തു. **(ലൂക്കോസ്: 4:42)** തന്നെ ഭൂതമെന്ന് സംശയിച്ച ശിഷ്യനോട് **'ഇത് ഞാൻ തന്നെയാണ് എന്റെ കൈയ്യും കാലുകളും കാണുക. എന്നെ തൊട്ടുനോക്കുക. എനിക്കുള്ളത് പോലെ മാംസവും അസ്ഥിയും ഭൂതത്തിനില്ലല്ലോ ഇതു പറഞ്ഞ് അവൻ തന്റെ കൈകളും കാലുകളും അവർക്ക് കാണിച്ചു കൊടുത്തു.'(ലൂക്കോസ്: 24:39)** എന്നു പറഞ്ഞു. മറ്റു ശിഷ്യന്മാർ

തന്നെ കണ്ടു എന്നതിൽ സന്ദേഹം പ്രകടിപ്പിച്ച തോമസിനോട് തന്റെ ആണിപ്പഴുതിൽ വിരലിട്ടു പരിശോധിക്കാൻ യേശു പറഞ്ഞു. **(യോഹ: 20:25)**

ഇങ്ങനെ സാധാണ മനുഷ്യർ ചെയ്യാറുള്ള തിന്നുക, കുടിക്കുക, ഉറങ്ങുക എന്നിങ്ങനെ എല്ലാ കൃത്യങ്ങളും നിർവ്വഹിച്ച യേശു, കുരിശു സംഭവത്തിന്ന് ശേഷം തേജോമയരൂപിയായ ആത്മീയ ശരീരമായി മാറി എന്ന വാദം എങ്ങിനെ ശരിയാവും?. മാത്രവുമല്ല അങ്ങിനെയായിരുന്നുവെങ്കിൽ വീണ്ടും അറസ്റ്റ് ചെയ്യപ്പെട്ടേക്കുമെന്ന് കരുതിയോ മരണത്തെ ഓർത്തോ അദ്ദേഹത്തിന്ന് തെല്ലും ഭയപ്പെടേണ്ട കാര്യമില്ലായിരുന്നു. ശത്രുക്കളുടെ മുന്നിൽ പ്രത്യക്ഷപ്പെട്ട് താൻ മരണത്തിന്ന് ശേഷം ഉയിർത്തെഴുന്നേറ്റ ആത്മീയ ശരീരമാണെന്നും നിങ്ങൾക്കെന്നെ ഒന്നും ചെയ്യാൻ കഴിയുകയില്ലെന്നും നിർഭയനായി ആളുകളുടെ മുമ്പിൽ പരസ്യമായി പ്രഖ്യാപിക്കാമായിരുന്നു. അങ്ങിനെ കുടുതൽ പേരെ തന്നിൽ വിശ്വസിപ്പിക്കാനും അദ്ദേഹത്തിന്ന് സാധിച്ചേനേ ഇതിനെല്ലാം വിരുദ്ധമായി രഹസ്യത്തിൽ ഭയപ്പാടോടെ ശിഷ്യന്മാരെ സന്ദർശിക്കുകയാണ് യേശു ചെയ്തത്.

## യേശു: കാണാതെപോയ ഇസ്റയേൽ ഗോത്രങ്ങളെ തേടി

യഹൂദർ പന്ത്രണ്ട് ഗോത്രങ്ങളായിട്ടായിരുന്നല്ലോ അറിയപ്പെട്ടിരുന്നത്. ഫലസ്തീനിൽ ഈ പന്ത്രണ്ട് യഹൂദ ഗോത്രങ്ങളും ശലമോന്റെ കാലം വരെ ഒരുമിച്ചാണ് കഴിഞ്ഞിരുന്നത്. ശലമോന്റെ ഭരണത്തിന്ന് ശേഷം യഹൂദ ജനതയിൽ ജീർണ്ണത തലപൊക്കുകയും ശിഥിലമാവുകയും ചെയ്തു. പിന്നീട് അസീറിയ, ബാബിലോൺ, പേർഷ്യ, ഗ്രീക്ക് മുതലായ സാമ്രാജ്യങ്ങളുടെ പരാക്രമശാലികളായ വിശ്വസാമ്രാട്ടുകൾ ഫലസ്തീൻ ആക്രമിച്ചു കീഴടക്കി. (ബി.സി.8,7,6 നൂറ്റാണ്ടുകളിൽ) അടിമകളാക്കി അവരെ കിഴക്കൻ ദിക്കുകളിലേക്ക് കൊണ്ടുപോയി എന്നത് സുദീർഘമായ ചരിത്രമാണ്. അവിടെയുള്ള യഹൂദി ഗോത്രങ്ങളെയെല്ലാം കിഴക്ക് ഇന്ത്യവരെ വ്യാപിച്ചു കിടക്കുന്ന പ്രവിശാലവും വിദൂരസ്ഥവുമായ പ്രദേശങ്ങളിൽ വ്യാപിക്കുകയുണ്ടായി. ഇസ്റയേലി ഗോത്രങ്ങളുടെ ഈ ചിതറിത്തെറിക്കലിനെയാണ് (ഡയസ്പ്പോറ-Diaspora)എന്ന് പറയുന്നത്. ക്രിസ്തു ഫലസ്തീനിൽ അവതരിക്കുമ്പോൾ പേർഷ്യൻ രാജാവായ സൈറസിന്റെ കാലത്ത് തിരിച്ചുവന്ന രണ്ട് യഹുദ ഗോത്രത്തിൽപ്പെട്ടവരുടെ പരമ്പര മാത്രമാണ് ഫലസ്തീനിൽ ഉണ്ടായിരുന്നത് എന്ന് പറഞ്ഞുവല്ലോ. ബാക്കി പത്ത് ഗോത്രങ്ങളും **'കാണാതെ പോയ പത്ത് ഗോത്രങ്ങൾ'** എന്നാണ് അറിയപ്പെടുന്നത്. (The lost ten tribes) അവരൊരിക്കലും ഇസ്റായേലിലേക്ക് തിരിച്ചു വന്നിട്ടില്ല. വാസ്തവത്തിൽ കാണാതെ പോയ ഈ ഇസ്റായേൽ ഗോത്രങ്ങളിലും തന്റെ ദിവ്യദൗത്യമെത്തിക്കാനാണ് യേശു ഇന്ത്യവരെ സഞ്ചരിച്ചത്. ബൈബിൾ വചനം ഓർക്കുക.. **'ഈ തൊഴുത്തിൽ പെടാത്ത വേറേയും ആടുകൾ എനിക്കുണ്ട് അവയെ എനിക്ക് കൊണ്ട്വരണം അവ എന്റെ സ്വരം കേൾക്കും അങ്ങിനെ ഒരു ആട്ടിൻ കൂട്ടവും ഇടയനുമാവും.' (യോഹ: 10: 16)**

## യേശു ഇന്ത്യയിൽ

കുരിശു മരണത്തിൽ നിന്നും ദൈവകൃപയാൽ അത്ഭുതകരമായി രക്ഷപ്പെട്ട യേശു തന്റെ നിയോഗോദ്ദേശ്യം പൂർത്തിയാക്കാനായി ശിഷ്യന്മാരോട് വിടപടഞ്ഞ് ചിതറിപ്പാർത്തുകഴിയുന്ന യഹൂദ ഗോത്രങ്ങളെ തേടി സിറിയ, ഇറാഖ്, ഇറാൻ, അഫ്ഗാനിസ്ഥൻ വഴി പുരാതന കാലത്തെ ഉത്തര മഹാപഥം എന്ന റിയപ്പെടുന്ന സിൽക്ക് റൂട്ടിലൂടെ കശ്മീരിലെത്തുകയും അവിടെ

ഇങ്ങനെ സാധാണ മനുഷ്യർ ചെയ്യാറുള്ള തിന്നുക, കുടിക്കുക, ഉറങ്ങുക എന്നിങ്ങനെ എല്ലാ കൃത്യങ്ങളും നിർവ്വഹിച്ച യേശു, കുരിശു സംഭവത്തിന്ന് ശേഷം തേജോമയരൂപിയായ ആത്മീയ ശരീരമായി മാറി എന്ന വാദം എങ്ങിനെ ശരിയാവും?. മാത്രവുമല്ല അങ്ങിനെയായിരുന്നുവെങ്കിൽ വീണ്ടും അറസ്റ്റ് ചെയ്യപ്പെട്ടേക്കുമെന്ന് കരുതിയോ മരണത്തെ ഓർത്തോ അദ്ദേഹത്തിന്ന് തെല്ലും ഭയപ്പെടേണ്ട കാര്യമില്ലായിരുന്നു. ശത്രുക്കളുടെ മുന്നിൽ പ്രത്യക്ഷപ്പെട്ട് താൻ മരണത്തിന്ന് ശേഷം ഉയിർത്തെഴുന്നേറ്റ ആത്മീയ ശരീരമാണെന്നും നിങ്ങൾക്കെന്നെ ഒന്നും ചെയ്യാൻ കഴിയുകയില്ലെന്നും നിർഭയനായി ആളുകളുടെ മുമ്പിൽ പരസ്യമായി പ്രഖ്യാപിക്കാമായിരുന്നു. അങ്ങിനെ കുടുതൽ പേരെ തന്നിൽ വിശ്വസിപ്പിക്കാനും അദ്ദേഹത്തിന്ന് സാധിച്ചേനേ ഇതിനെല്ലാം വിരുദ്ധമായി രഹസ്യത്തിൽ ഭയപ്പാടോടെ ശിഷ്യന്മാരെ സന്ദർശിക്കുകയാണ് യേശു ചെയ്തത്.

കശ്മീരിലും അഫ്ഘാനിസ്ഥാ നിലുമുള്ള മുസ്‌ലിംകൾ ചരിത്രപരമായും നരവംശപരമായും പുരാതന ഇസ്‌റായേൽ വംശത്തിൽ പെട്ടവരാണെന്ന അനിഷേധ്യമായ അനേകം തെളിവുകൾ പുറത്ത് വന്നുകൊണ്ടിരിക്കുന്നു. യേശുവിന്റെ ഭാരത പര്യടനത്തെ പറ്റി നിരവധി ചരിത്ര പണ്ഡിതന്മാൻ സാക്ഷ്യം വഹിച്ചിട്ടുണ്ട്.

ദിവംഗതനാവുകയും ചെയ്തു. വിശുദ്ധ ഖുർആൻ ഈ വസ്തുത ഖണ്ഡിതമായി പ്രഖ്യാപിക്കുന്നു: **'നാം ഈസബ്നു മർയമിനേയും അദ്ദേഹത്തിന്റെ മാതാവിനെയും ഒരു അടയാളമാക്കിയിരിക്കുന്നു. നാം അവർക്ക് രണ്ട് പേർക്കും നിവാസ യോഗ്യവും ഒഴുകുന്ന വെള്ളമുള്ളതുമായ ഒരു ഉയർന്ന പ്രദേശത്ത് (കശ്മീർ) അഭയം നൽകി'(23:51)** അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകനായ **ഹദ്റത്ത് അഹ്മദ് (അ)** തന്റെ ***'മസീഹ് ഹിന്ദുസ്ഥാൻ മെ'*** (യേശു മിശിഹാ ഇന്ത്യയിൽ) എന്ന ഗ്രന്ഥത്തിൽ ബൗദ്ധ ഹിന്ദു പുരണങ്ങളും പുരാതന അറബി ഗ്രന്ഥങ്ങളും കശ്മീരിന്റെ ചരിത്രവും ഉദ്ദരിച്ചു കൊണ്ട് സന്നിഗ്ദതകളും നിഗൂഢതകളും നിറഞ്ഞ യേശുവിന്റെ യഥാർത്ഥ ചരിത്രം അനാവരണം ചെയ്ത് എഴുതിയ ഈ ഗ്രന്ഥം മതവിശ്വാസികൾക്കെന്നപോലെ ചരിത്രാന്വേഷകർക്കും ഒരു പാഠ പുസ്തകമാണ്.

കശ്മീരിലും അഫ്ഘാനിസ്ഥാനിലുമുള്ള മുസ്‌ലിംകൾ ചരിത്രപരമായും നരവംശപരമായും പുരാതന ഇസ്‌റായേൽ വംശത്തിൽ പെട്ടവരാണെന്ന അനിഷേധ്യമായ അനേകം തെളിവുകൾ പുറത്ത് വന്നുകൊണ്ടിരിക്കുന്നു. യേശുവിന്റെ ഭാരത പര്യടനത്തെ പറ്റി നിരവധി ചരിത്ര പണ്ഡിതന്മാൻ സാക്ഷ്യം വഹിച്ചിട്ടുണ്ട്. ചരിത്രകാരനും കശ്മീർകാരനും കൂടിയായ നമ്മുടെ പ്രധാനമന്ത്രി പണ്ടിറ്റ് ജവഹർലാൽ നെഹ്റുവിന്റെ അഭിപ്രായം മാത്രം ഇവിടെ രേഖപ്പെടുത്താം **'മദ്ധ്യേഷ്യയിലെല്ലായിടത്തും കശ്മീരിലും ലഡാക്കിലും തിബത്തിലും അവക്ക് വടക്ക് വശത്തുള്ള പ്രദേശങ്ങളിൽ പോലും യേശു അഥവാ ഈസാ സഞ്ചരിച്ചിരുന്നുവെന്ന ബലമായ വിശ്വാസം നിലനിന്നു വരുന്നു. അദ്ദേഹം ഇന്ത്യയും സന്ദർശിക്കുകയുണ്ടായിയെന്ന് ചിലർ വിശ്വസിക്കുന്നു.... എന്നാൽ അദ്ദേഹം അങ്ങിനെ ചെയ്തിരിക്കാമെന്നതിൽ അസംഭവ്യമായിട്ടൊന്നും തന്നെയില്ല.'**(Glimpses Of World History. p. 130)

ആകാശത്ത് ഇപ്പോഴും ജീവിച്ചിരിക്കുന്നുവെന്നും അവസാന കാലത്ത് ഭൂമിയിലേക്ക് അവരോഹിയാവുമെന്നും ക്രിസ്ത്യാനികളും മുസ്‌ലിംകളും വിശ്വസിക്കുന്ന യേശു വിജയശ്രീലാളിതനായി തന്റെ ദിവ്യദൗത്യം പൂർത്തിയാക്കി 120-ാം വയസ്സിൽ ദിവംഗതനാവുകയാണുണ്ടായത്. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് അഹ്മദ്(അ) ഈ സത്യം വേദ ഗ്രന്ഥങ്ങളും ചരിത്ര ഗ്രന്ഥങ്ങളും നിരത്തി തെളിയിക്കുക മാത്രമല്ല ചെയ്തത്, മുഴുവൻ അക്കാദമിക്ക് ലോകത്തിന്റെയും ശാസ്ത്ര വിജ്ഞാനങ്ങളുടേയും മുമ്പിൽ ഈ പ്രശ്നത്തിന്ന് ശാശ്വതവും സമൂർത്തവുമായ തെളിവായി കാശ്മീരിലെ യേശുവിന്റെ കല്ലറ സമർപ്പിച്ചിരിക്കുകയാണ്. യേശുവിന്റെ വിഷയത്തിൽ ഇതിൽപ്പരം എന്ത് തെളിവാണ് ഇനി വേണ്ടത്. അശ്രദ്ധ നടിച്ചും അവഗണിച്ചും ഒരു ജ്വലിക്കുന്ന സത്യത്തെ എത്രനാൾ ഇങ്ങിനെ അന്ധവിശ്വാസത്തിലും അജ്ഞതയിലും മൂടിവെക്കാൻ സാധിക്കും? ദൈവത്തിന്ന് വേണ്ടി നിസ്തുല ത്യാഗങ്ങൾ വരിച്ച മഹാനായ യേശുവിന്റെ തന്നെ ഒരു വചനം ഉദ്ധരിച്ച് കൊണ്ട് ഈ ലേഖനം ഉപസംഹരിക്കട്ടെ

**'നിങ്ങൾ സത്യം അറിയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും.' (യോഹ:8:32)**




# ഏകദൈവ വിശ്വാസവും സാർവ്വജനീന മാനവ ഐക്യവും

മനുഷ്യന്ന് ദൈവ സാമീപ്യം കരസ്ഥമാക്കാനും ലോകത്ത് ശാന്തിയും സമാധാനവും പുലരാനുമാണ് സാർവ്വജനീനമായി പ്രവാചകന്മാരെ ദൈവം അയച്ചുകൊണ്ടിരുന്നത്. മതഗ്രന്ഥങ്ങളിൽ രേഖപ്പെട്ടുകിടക്കുന്ന ഏകദൈവ തത്വങ്ങളുടെയും മാനവൈക്യത്തിന്റെയും മൂല്യങ്ങൾ കോർത്തിണക്കി ലോകത്ത് വീണ്ടും മനുഷ്യരാശിക്ക് ഐക്യപ്പെടാനും വിശ്വസമാധാനം സ്ഥാപിക്കാനും ആത്മീയവും ധാർമികവുമായ പുരോഗതി സംജാതമാക്കാനും സാധിക്കും. ആ വഴിക്കുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ ശ്രമം ആഗോളതലത്തിൽ പുരോഗമിക്കുകയാണ്.

**മൗലാനാ മുഹമ്മദ് ഉമർ (മർഹൂം), കോഴിക്കോട്**

പ്രക്ഷുബ്ദവും സംഘർഷാത്മകവുമായ ഒരു കാലഘട്ടത്തിലൂടെയാണ് ലോകം നടന്നു നീങ്ങുന്നത്. യുദ്ധഭീഷണികളും യുദ്ധഭേരിയും നാലുഭാഗത്തു നിന്നും മുഴങ്ങുകയാണ്. ആസന്നമായ സമൂലനാശത്തിന്റെ ഒരു മൂന്നാം ലോക മഹായുദ്ധം സമീപസ്ഥമാകുകയാണോ എന്ന ഭീതിയാണ് ലോകസംഭവങ്ങളെ നിരീക്ഷിക്കുന്ന ഏതൊരാൾക്കും ബോദ്ധ്യമാവുക. പാകിസ്താൻ, അഫ്ഗാനിസ്ഥാൻ, ഇറാൻ, ഇറാഖ്, ഫലസ്തീൻ, സൗദി അറേബ്യ, ഗൾഫ് നാടുകൾ എന്നീ ഏഷ്യൻ മുസ്‌ലിം രാജ്യങ്ങളിൽ മാത്രമല്ല. യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും മറ്റു ഏഷ്യൻ രാജ്യങ്ങളിലും ആഫ്രിക്കൻ ഭൂഖണ്ഡത്തിലും വൻശക്തികൾ തമ്മിലും ഈ സംഘർഷം പടരുകയാണ്. രണ്ടാം ലോക മഹായുദ്ധം മൂലം ലോകത്തിന്ന് അനുഭവിക്കേണ്ടിവന്ന കെടുതികളുടെ എത്രയോ ഇരട്ടി നാശങ്ങൾ വരുത്തിവക്കാവുന്ന് ന്യൂക്ലിയർ ആയുധങ്ങളുമായാണ് ലോകം യുദ്ധ സംഘർഷങ്ങളിലേക്ക് നീങ്ങുന്നത് എന്നത് ആസന്നമായ ഈ ഭീഷണിയെ ശതഗുണീഭവിപ്പിക്കുകയാണ്. ഈ അവസ്ഥക്ക് ഒരു കാരണം മനുഷ്യൻ ഈ ലോകത്ത് ചെയ്യുന്ന അക്രമണങ്ങൾക്കും അത്യാചാരങ്ങൾക്കും ഹിംസകൾക്കും മരണ ശേഷം ഉണ്ടാവുന്ന ദൈവികമായ ശിക്ഷാരക്ഷകളെ സംബന്ധിച്ചുള്ള വിശ്വാസമില്ലായ്മയാണ്.

ദൈവത്തിലുള്ള ഉറച്ച് വിശ്വാസത്തിന്റേയും ഭയഭക്തിയുടെയും ദൈവവുമായുള്ള ബന്ധത്തിന്റെയും അഭാവം കാരണം ഇത്തരം ഭീകരമായ ഒരു ദുരവസ്ഥ വരുമ്പോഴാണ് ദൈവം ഒരു പരിഷ്കർത്താവിനെ അയക്കുന്നത്. ഈ കാലത്ത് ഹദ്റത്ത് നബി(സ) യുടെ വാഗ്ദത്തം പ്രകാരം വാഗ്ദത്ത മഹ്ദിയും മസീഹുമായി ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) നിയുക്തനായി. അദ്ദേഹം ഇപ്രകാരം അരുൾ ചെയ്തു.

**'അവൻ എന്നെ ഇക്കാലത്തേക്ക് വാഗ്ദത്ത മസീഹായി അയച്ചു അവനല്ലാതെ ഒരു ദൈവവുമില്ല. ആകാശത്തിലുമില്ല ഭൂമിയിലുമില്ല. അവനെ വിശ്വസിക്കാത്തവൻ ഭാഗ്യഹീനനും നിസ്സഹായനുമാണ്. ....**

**സർവ്വശക്തനായ ഒരു ദൈവം ഉണ്ടെന്ന് ഇനിയും അറിഞ്ഞിട്ടില്ലാത്തവൻ എത്രമാത്രം നിർഭാഗ്യവാനാണ്. നമ്മുടെ സ്വർഗ്ഗം നമ്മുടെ ദൈവമത്രെ. നമ്മുടെ ഉന്നതമായ ആത്മാനുഭൂതി നമ്മുടെ ദൈവത്തിലാവുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ അവനെ കണ്ടെത്തിയിരിക്കുന്നു. എല്ലാ സൗന്ദര്യങ്ങളും അവനിൽ കണ്ടെത്തിയിരിക്കുന്നു. ജീവൻ നഷ്ടപ്പെട്ടാലും സ്വന്തമാക്കേണ്ട സ്വത്താണ് അവൻ. ജീവനും സർവ്വസ്വവും നഷ്ടപ്പെട്ടാലും ലഭ്യമാവൂ എന്ന് വന്നാലും വില കൊടുത്ത് വാങ്ങേണ്ട രത്നമാവുന്നു അത്.**

**അല്ലയോ ഹതഭാഗ്യരെ, ഈ നീർധാരയിലേക്ക് ഓടി വരുവീൻ അത് നിങ്ങളെ വയർ നിറയെ കുടിപ്പിക്കും നിങ്ങളെ രക്ഷിക്കുന്ന**

ജീവസ്രോതസ്സാണത്.

ഞാൻ എന്തുചെയ്യാനാണ്. ഈ സന്തോഷവാർത്ത ഹൃദയങ്ങളിൽ കുടിയിരുത്താൻ ഞാൻ എന്താണ് ചെയ്യേണ്ടത്? ഇതാ നിങ്ങളുടെ ദൈവം എന്ന് ഏത് ചെണ്ട കൊട്ടിയാണ് ഞാൻ വിളംബരം ചെയ്യേണ്ടത്! ലോകം കേൾക്കുമാറാകാൻ, ലോകരുടെ കാത് കേൾപ്പിക്കുവാൻ ഏത് ഔഷധം കൊണ്ടാണ് ഞാൻ ചികിത്സിക്കേണ്ടത്! നിങ്ങൾ ദൈവത്തിന്റേതായി തീരുമെങ്കിൽ ദൈവം നിങ്ങളുടെത് തന്നെയാണ്. നിങ്ങൾ ഉറങ്ങുമ്പോൾ നിങ്ങൾക്ക് വേണ്ടി അവൻ ഉണർന്നിരിക്കും. നിങ്ങൾ ശത്രുവിനെ കുറിച്ച് അശ്രദ്ധനാവുമ്പോൾ അവൻ ശത്രുവിനെ നോക്കിപ്പാർക്കും. നിങ്ങളുടെ ശത്രുവിന്റെ ആസൂത്രണങ്ങളെ അവൻ തകർത്തുകളയും .........അല്ലയോ ദൈവാന്വേഷികളെ! ചെവി തുറന്ന് കേൾക്കുവീൻ. യഖീൻ അഥവാ ദൈവവിശ്വാസം പോലെ മറ്റൊന്നും ഇല്ല. ദൈവത്തിലുള്ള പൊതു വിശ്വാസം ഒന്ന് മാത്രമാണ് പാപങ്ങളിൽ നിന്ന് മുക്തി നൽകുന്നത്. ദൈവത്തിലുള്ള ദൃഢവിശ്വാസം ഒന്ന് മാത്രമാണ് പാപങ്ങളിൽ നിന്ന് മുക്തി നൽകിയത്. സത്കർമ്മങ്ങൾ ചെയ്യാനുള്ള ശക്തിപകരുതുന്നതും ദൃഢ വിശ്വാസം തന്നെയാണ്. ദൈവത്തിന്റെ പ്രേമിയും സത്യസന്ദരും ആക്കി തീർക്കുന്നതും ദൃഢവിശ്വാസം തന്നെയാൻ. ദൈവത്തിന്റെ പ്രേമിയും സത്യസന്ധനും ആക്കി തീർക്കുന്നതും ദൃഢവിശ്വാസം തന്നെയാണ് ദൈവത്തിലുള്ള ദൃഢവിശ്വാസം കൂടാതെ നിങ്ങൾക്ക് പാപം ഉപേക്ഷിക്കാൻ പറ്റുമോ? സംശയ രഹിതമായ വെളിച്ചമില്ലാതെ ഇന്ദ്രിയാശകളിൽ നിന്ന് വിട്ടുനിൽക്കാൻ പറ്റുമോ? ദൃഢവിശ്വാസമില്ലാതെ എന്തെങ്കിലും സമാധാനം നിങ്ങൾക്ക് പ്രാപിക്കാൻ കഴിയുമോ? ദൃഢവിശ്വാസമില്ലാതെ യഥാർത്ഥമായ സന്തോഷം നിങ്ങൾക്ക് കൈവരിക്കാൻ സാധിക്കുമോ? **(നമ്മുടെ അദ്ധ്യാപനങ്ങൾ-ഹദ്റത്ത് അഹ്മദ് (അ))**

വിശുദ്ധ ഖുർആനിലേയും ഇതര മതഗ്രന്ഥങ്ങളിലെ അദ്ധ്യാപനങ്ങളെക്കുറിച്ചും നിഷ്പക്ഷമായ രീതിയിൽ അപഗ്രഥനം ചെയ്യുകയാണെങ്കിൽ സകല മതങ്ങളുടെയും അസ്ഥിവാരം ദൃഢമായ ഏകദൈവ വിശ്വാസത്തിൽ അധിഷ്ഠിതമാണെന്ന് കാണാവുന്നതാണ്. ഇവിടെ ക്രൈസ്തവ ഹൈന്ദവ ഇസ്ലാമിക ഗ്രന്ഥങ്ങളുടെ ഏകദൈവ വിശ്വാസത്തെ പറ്റിയുള്ള ചില അദ്ധ്യാപനങ്ങളെക്കുറിച്ച് വിവരിക്കുകയാണ്.

ക്രൈസ്തവ വേദഗ്രന്ഥമായ ബൈബിളിന്റെ പഴയനിയമവും പുതിയനിയമവും പാരായണം ചെയ്യുകയാണെങ്കിൽ ക്രൈസ്തവ വിശ്വസത്തിന്റെ അടിത്തറ ഏകദൈവ വിശ്വാസത്തിൽ പണിതതാണെന്ന് കാണാവുന്നതാണ്. പഴയനിയമം പറയുന്നത് നോക്കുക

*'ഇസ്റായേലേ കേൾക്കുക. യഹോവ നമ്മുടെ ദൈവമാകുന്നു. യഹോവ ഏകൻ തന്നെ. നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടെയും സ്നേഹിക്കണം' (ആവർത്തനം 6:4-5).* ബൈബിൾ വീണ്ടും പറയുന്നു *'യഹോവ തന്നെ ദൈവം. അവനല്ലാതെ മറ്റ് ദൈവമില്ല എന്ന് നീ അറിയേണ്ടത് തന്നെ അവൻ നിനക്ക്* ബുദ്ധിയുപദേശി **ക്കേണ്ടതിന്ന് ആകാശത്ത് നിന്ന് നിന്റെ ശബ്ദം നിന്നെ കേൾപ്പിച്ചു. .........ആകയാൽ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും യഹോവ തന്നെ ദൈവം. മറ്റൊരുത്തനും ഇല്ല എന്ന് നീ ഇന്ന് അറിഞ്ഞ് മനസ്സിലാക്കി വെച്ചുകൊൾക' (ആവ: 4: 35-39) വീണ്ടും പറയുന്നു 'കർത്താവായ യഹോവയേ നീ വലിയവനാകുന്നു.'(അല്ലാഹു അക്ബർ) നിന്നെ പോലെ ഒരുത്തനും ഇല്ല. (ലംയകൂനല്ലാഹു കുഫുവൻ അഹദ് - വിശുദ്ധ ഖുർആൻ) ഞങ്ങൾ സ്വന്തം ചെവികൊണ്ട് കേട്ടതൊക്കെയും ഓർത്താൽ നീയല്ലാതെ ഒരു ദൈവവും ഇല്ല. (2 ശമുവേൽ 7: 22) ബൈബിൾ വീണ്ടും പറയുന്നു: 'ഇസ്രായേലിന്റെ ദൈവമായ യഹോവായല്ലാതെ നിന്റെ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും യാതൊരു ദൈവവുമില്ല.' (1രാജാക്കന്മാർ 8:23) ഇസ്റായേലിന്റെ ദൈവമായ യഹോവയായ ദൈവം വാഴ്ത്തപ്പെടുമാറാകട്ടെ, ഭൂമി മുഴുവൻ അവന്റെ മഹത്വം കൊണ്ട് നിറയുമാറാകട്ടെ. (ആമീൻ) (ആവർത്തനം:72:18)**

ഇനി പുതിയ നിയമത്തിലെ അദ്ധ്യാപനം എന്താണെന്ന് നോക്കുക. **'ഏകസത്യ ദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവേയും അറിയുന്നത്തന്നെ നിത്യജീവനാകുന്നു'(യോഹന്നാൻ 17:3)**

**'ലോകത്തിൽ വിഗ്രഹങ്ങൾ ഏതുമില്ല എന്നും ഏകദൈവമല്ലാതെ ദൈവമില്ല എന്നും നാം അറിയുന്നു. പല ദേവന്മാരും പല കർത്താക്കന്മാരും ഉണ്ട് എന്ന് പറഞ്ഞുവല്ലോ എന്നാൽ ആകാശത്തിലോ ഭൂമിയിലോ ദേവന്മാർ എന്ന് പേരുള്ളവർ ഉണ്ടെന്ന് വരികിലു പിതാവായ ഏകദൈവമെ നമുക്കുള്ളു. അവൻ സകലത്തിന്നും കാരനഭൂതനും നാം അവന്നായി ജീവിക്കേണ്ടതും ആകുന്നു. പിതാവായ ഏക ദൈവമേ നമുക്കുള്ളൂ. അവൻ സകലത്തിന്നും കാരണ ഭൂതനും നാം അവന്നായി ജീവിക്കേണ്ടതുമാകുന്നു' (1.കൊരിന്ത്യ 8:4-6) 'ലോകവും അതിലുള്ള ഒക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനാക കൊണ്ട് കൈപ്പണിയായ ക്ഷേത്രങ്ങളിൽ വാസം ചെയ്യുന്നില്ല. താൻ എല്ലാവർക്കും ജീവനും സകലവും കൊടുക്കുന്നവൻ ആകയാൽ വല്ലതിന്നും മുട്ടുള്ളവൻ എന്നപോലെ മാനുഷ കൈകളാൽ ശുശ്രൂഷ ആവശ്യപ്പെടുന്നില്ല.' (അപ്പോ: പ്രവർത്തികൾ-17: 24)**

**'ജ്ഞാനികൾ എന്ന് പറഞ്ഞു കൊണ്ട് അവർ മൂഢരായിപ്പോയി അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷമയുള്ള മനുഷ്യൻ, പക്ഷി, നാൽക്കാലി ഇഴജന്തു, ജാതി എന്നിവയുടെ രൂപസാദൃശ്യമുള്ളതാക്കി മാറ്റിക്കളഞ്ഞു.' (റോമർ 1: 21-22) 'ഗുരോ ന്യായപ്രമാണത്തിൽ ഏത് കൽപ്പന വലിയത് എന്ന് ചോദിച്ചു. യേശു അവനോട് നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും കൂടെ സ്നേഹിക്കണം. ഇതാണ് വലിയതും ഒന്നാമത്തേതുമായ കൽപ്പന.'(മത്തായി 22: 36, 37)** പുതിയ നിയമം തുടരുന്നു: 'ചുരുക്കത്തിൽ ബൈബിൾ പഴയ നിയമത്തിലും പുതിയ നിയമത്തിലേയും അദ്ധ്യാപനങ്ങളിൽ നിന്നും ക്രിസ്തു മതത്തിന്റെ അടിസ്ഥാന സിദ്ധാന്തത്തിന്റെ ഏകത്വമാണെന്ന് മനസ്സിലാക്കാം.'

ഇനി ഹൈന്ദവ മതഗ്രന്ഥങ്ങൾ എന്താണ് പറയുന്നതെന്ന് നോക്കാം

ഹദ്റത്ത് ശ്രീകൃഷ്ണൻ ഏക ദൈവത്തിന്റെ അദ്ധ്യാപനങ്ങളാണ് നൽകിയിരുന്നതെന്ന് അദ്ദേഹത്തിന്റെ ഗീതോപദേശങ്ങളിൽ നിന്നും മനസ്സിലാക്കാം.

ഭഗവദ് ഗീതയിൽ ശ്രീ അർജ്ജുനനോട് അദ്ദേഹം ഉപദേശിക്കുകയാണ്.

***'ഹേ അർജ്ജുന! യന്ത്രപ്പാവകളെപ്പോലെ സകല സൃഷ്ടി വർഗ്ഗങ്ങളേയും മായകൊണ്ട് ഭ്രമിപ്പിക്കുന്നവനായ (കർമ്മം ചെയ്യിക്കുന്നവനായ) ഈശ്വരൻ എല്ലാസൃഷ്ടികളുടേയും ഹൃദയത്തിൽ സ്ഥിതി ചെയ്യുന്നു. ഹേ, ഭരതാ എല്ലാ ഭാവം കൊണ്ടും അവനെ ശരണമാക്കി*** **(രക്ഷാസ്ഥാനമാക്കി) നീ പ്രാപിച്ചാലും അവന്റെ പ്രസാദം കൊണ്ട് ഉൽകൃഷ്ടമായ ശാന്തിയേയും നിത്യമായ പരമ പദത്തേയും നീ പ്രാപിക്ക.'(ഭഗവദ് ഗീത-18: 61, 62)**

അതേ ഏകദൈവമായ സർവ്വേശ്വരന്റെ തൃപ്പാദങ്ങളിൽ ശരണം പ്രാപിക്കുന്നവന്ന് നിത്യശാന്തിയും മോക്ഷവും ലഭ്യമാകുന്നതാണെന്ന് ആ പുണ്യാത്മാവ് അരുൾ ചെയ്യുന്നു.

ആ സത്യേക ദൈവത്തിന്റെ ഗുണങ്ങളെ ശ്രീകൃഷ്ണൻ ഇപ്രകാരം പ്രകീർത്തിക്കുന്നു.

**ഗതി ഭർത്താപ്രഭു- സാക്ഷി നിവാസ ശരണ സുഹൃദ**

**പ്രഭവ പ്രളയ സ്ഥാനം നിധാനം ബീജമവ്യയും**

അതായത് **'അവൻ പ്രാപ്യസ്ഥനും ഭരിക്കുന്നവനും എല്ലാം നടത്തുന്നവനും എല്ലാം അറിയുന്നവനും സകലത്തിന്റെയും ഇരിപ്പിടവും പരമാശ്രൃവും ഹിതകാരിയും സൃഷ്ടികർത്താവും സംഹാരകനും ആധാരവും നിക്ഷേപവും നാശമില്ലാത്ത ബീജവും തന്നെയാണ്.' (ഭഗവത് ഗീത 9:18)**

ക്ഷേത്രങ്ങളിലും മന്ദിരങ്ങളിൽ നിന്നും ധാരാളം സാധാരണയായി കേൾക്കാൻ കഴിയുന്ന ഒരു മന്ത്രോച്ചാരണമുണ്ട്

**ഓം ഗുരൂർ ബ്രഹ്മ ഗുരുർവിഷ്ണു**

**ഗുരുദേവാ മഹേശ്വര**

**ഗുരു സാക്ഷാൽ പരബ്രഹ്മം**

**തസ്മൈ ഗുരുവേ നമ:**

അതായത് ബ്രഹ്മാവും വിഷ്ണുവും മഹേശ്വരനും ആത്മീയ ഗുരുക്കളാണ് എന്നാൽ യഥാർത്ഥത്തിലുള്ള നമ്മുടെ സാക്ഷാൽ യജമാനനും ഗുരുവും പരബ്രഹ്മവുമായ പരമേശ്വരനാണ്. ആ ഏക ദൈവത്തിന്റെ തിരു സമക്ഷത്തിങ്കൽ ഞാനിതാ നമ്രശിരസ്ക്കനായി പ്രണമിക്കുന്നു.

ആ ഏക ദൈവത്തിന്റെ നാമങ്ങൾ അസംഖ്യമാണെങ്കിലും അവൻ ഏകനാണെന്നും ഒരു സത്തയുടവനാണ് - **ഏകം സദ് വിപ്രാ ബഹുധാ വദന്തി** അവന്റെ സത്ത ഒന്നാണെങ്കിലും വിവിധ നാമങ്ങളിൽ അവൻ വിളിക്കപ്പെടുന്നു.

വിശുദ്ധ ഖുർആൻ ഇപ്രകാരം അരുൾ ചെയ്യുന്നു.

**വലഹുൽ അസ്മാൽ ഹുസ്നാ (സൂറ ഹശർ)** അവന്ന് സുന്ദരങ്ങളായ നാമങ്ങൾ ഉണ്ട്.

ശ്രീകൃണനും ശ്രീരാമനും ദൈവത്തിന്റെ വരിഷ്ഠദാസന്മാരും ആർഷ ഭാരതത്തെ ധാർമികാപജയത്തിൽ നിന്ന് മോചിപ്പിക്കുവാൻ ദൈവത്താൽ നിയുക്തരായ സത്യ പ്രവാചകന്മാരും ആയിരുന്നു.

എന്നാൽ പിൽക്കാലത്ത് ഇവരെ തന്നെ അനുയായികൾ ദൈവമായി പൂജിക്കാൻ തുടങ്ങുകയാണുണ്ടായത്. ഈ രണ്ടു മഹാത്മാക്കളും തങ്ങൾ ദൈവമാണെന്നോ തങ്ങളുടെ പ്രതിഷ്ഠകൾ സ്ഥാപിക്കണമെന്നോ പഠിപ്പിക്കണമെന്നോ. മറിച്ച് തങ്ങൾ മനുഷ്യർ മാത്രമാണ് എന്നാണ് അവർ പഠിപ്പിച്ചിരുന്നത്. ദൈവ കൽപ്പനയനുസരിച്ച് ഹദത്ത് മുഹമ്മദ് നബി (സ) യും ഞാനൊരു മനുഷ്യൻ മാത്ര്മാണെന്നാണ് പറയുകയുണ്ടായി . ഇതേ പ്രകാരം തന്നെ ശ്രീകൃഷ്നനും ശ്രീരാമനും ശ്രീയേശുവും ദൈവത്തിന്റെ വരിഷ്ഠ ദാസന്മാരായ മനുഷ്യരായിരുന്നു. ശീരാമൻ ഇപ്രകാരം പറയുന്നു.

**'ആത്മാ നാം മാനുഷം മന്യേ രാമം ദശരഥാത്മജ,' (യുദ്ധ കാണ്ഡം 117:1)**

ദശരഥ പുത്രനായ ഒരു മനുഷ്യനാണെന്നല്ലാതെ ഞാൻ എന്നെ കരുതുന്നില്ല ഹദ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹ്(അ) സർവ്വമതങ്ങളേയും സത്യപ്പെടുത്തിക്കൊണ്ട് ഇപ്രകാരം അരുൾ ചെയ്യുന്നു:

**'ഇസ്ലാമിന്ന് മുമ്പുള്ള മതങ്ങളെല്ലാം വ്യാജ സൃഷ്ടികളാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. സർവ്വ ജാതി മതസ്ഥാപകരായ മനുഷ്യരാശിയുടെയും ഒരേയൊരുദൈവമായ സർവ്വാധിനായകൻ സകലരുടേയും പാലകനും എല്ലാവിഭാഗക്കാർക്കും അവരവരുടെ ഭൗതികവും ആത്മീയവുമായ**

**ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സാമഗ്രികൾ സംഭരിച്ചു കൊടുക്കുന്നവനുമായതെന്നാണ് ഞാൻ വിശ്വസിക്കുന്നത് ലോകാരംഭം തൊട്ട് അവൻ തന്റെ ആത്മീയമായ ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സാമഗ്രികൾ സംഭരിച്ചു കൊടുക്കുന്നവനുമാണെന്നത്രെ ഞാൻ വിശ്വസിക്കുന്നത്. ലോകാരംഭം തൊട്ട് അവൻ തന്റെ ആത്മീയമായ പാരിതോഷികങ്ങളും വരപ്രസാദങ്ങളും ഒരേ ജാതിക്കാർക്കല്ലാതെ മറ്റാർക്കാക്കും നൽകിയിട്ടില്ല എന്ന് പറയുന്നത് വാസ്തവമല്ല.**

**ഈ അനുഗ്രഹങ്ങൾ തവണ തവണയായി എല്ലാ ജാതിക്കാർക്കും നൽകപ്പെട്ടിട്ടുണ്ട് എന്നതാണ് വാസ്തവം. ഇത് ആരെയും തൃപ്തിപ്പെടുത്താനോ സന്തോഷിപ്പിക്കാനോ പറയുന്നതല്ല. ശ്രീരാമനും ശ്രീകൃഷ്ണനും ദൈവത്തിന്റെ വരിഷ്ഠ സത്യ ദാസന്മാരും അവനുമായി ദൃഢബന്ധം പുലർത്തിയിട്ടുള്ളവനുമത്രെ ആണെന്ന് എനിക്ക് അവൻ എനിക്ക് വെളിപ്പെടുത്തി തന്നിരിക്കുന്നു. (റിവ്യൂ ഓഫ് റിലീജ്യൻസ്-1904 ഒക്ടോബർ ലക്കം ഭാഗം 374)**

ഇതേ പ്രകാരം ഹദ്റത്ത് ശ്രീകൃഷ്നെ കുറിച്ച് നബി കരീം (സ) അരുൾ ചെയ്യുകയുണ്ടയി: **'കാനഫിൽ ഹിന്ദി നബിയ്യുൻ അസ്‌വദുലൗനി ഇസ്മുഹു കാഹിന'** കാഹിന (കണ്ണൻ) എന്ന് പേരുള്ള കാർവർണ്ണനായ ഒരു നബി ഇന്ത്യയിൽ ഉണ്ടായിരുന്നു.. ഈ പ്രവാചകന്മാർ എല്ലാവരും തന്നെ ലോകത്ത് ശാന്തിയും സമാധാനവും സ്ഥാപിക്കുന്നതിനായിട്ട് അവതീർണ്ണരായവരായിരുന്നു.

ഒരു ഏക ദൈവ വിശ്വാസിക്ക് തന്റെ സ്രഷ്ടാവും പരിപാലകനുമായ ദൈവവുമായി ബന്ധപ്പെടുന്നതിന്ന് സുദൃഢമായ ഏകദൈവ വിശ്വാസം അനിവാര്യമാണ്

ഇസ്‌ലാമികാദ്ധ്യാപനങ്ങളിൽ ദൈവത്തിന്റെ പരിശുദ്ധവും പരിപൂർണ്ണവുമായ ഏകത്വത്തെ കുറിച്ച് വിശദമായും വ്യക്തവുമായും പ്രതിപാതിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ ഏകത്വത്തെ പ്രകീർത്തിച്ചുകൊണ്ട് ഖുർആൻ പറയുന്നു:

**'നീ മുഴുലോകത്തും പ്രഖ്യാപിക്കുക, ദൈവത്തിന്റെ മഹത്വപൂർണ്ണമായ സത്ത ഏകമാണ്. അവൻ ആരുടെയും ആശ്രിതനുമല്ല. എന്നാൽ സകല ലോകവും അവന്റെ ആശ്രിയതത്വത്തിലാണ് ഉള്ളത്. അവൻ ജാതനുമല്ല ജനകനുമല്ല. അവൻ അതുല്യനത്രെ'. (സൂറ: ഇഖ്‌ലാസ്)**

മറ്റൊരിടത്ത് അല്ലാഹു ഖുർആനിൽ പറയുന്നു നിങ്ങൾ നിങ്ങളുടെ പിതാക്കന്മാരെ ഒരുവേള അതിനേക്കാൾ ഉറച്ച രീതിയിൽ അല്ലാഹുവിനെ സ്മരിക്കുക. അഭിമാനിയായ ഒരാളും തന്നെ തന്റെ പിതാവ് ഒന്നിലധികമാണെന്ന് പറയാതിരിക്കുന്നത് പോലെ ഒരുവേള അതിനെക്കാൾ ഉറച്ച രീതിയിൽ രീതിയിൽ അല്ലാഹുവിനെ സ്മരിക്കുക. അഭിമാനിയായ ഒരാളും തന്നെ തന്റെ പിതാവ് ഒന്നിലധികമാണെന്ന് പറയാൻ ഇഷ്ടപ്പെടുന്നില്ല അത് പ്രകാരം മനുഷ്യന്റെ ആത്മാഭിമാനത്തെ തൊട്ടുണർത്തിക്കൊണ്ട് നിങ്ങൾ എപ്രകാരം ഒരു പിതാവ് ഒരേ ഒരാളാണെന്നതിൽ അഭിമാനം കൊള്ളുന്നുവോ അപ്രകാരം തന്നെ നിങ്ങളുടെ സ്രഷ്ടാവും പരിപാലകനുമായ ദൈവം ഏകനാണെന്നും അഭിമാനപൂർവ്വം വിശ്വസിക്കണമെന്ന് വിശുദ്ധ ഖുർആൻ കൽപ്പിക്കുന്നു. ദൈവത്തിന്റെ ഒരു ദിവ്യനാമം 'അസ്സലാം' എന്നാണ്. അതായത് സമാധാന ദായകൻ

നിങ്ങൾ നിങ്ങളുടെ പിതാക്കന്മാരെ ഒരുവേള അതിനേക്കാൾ ഉറച്ച രീതിയിൽ അല്ലാഹു വിനെ സ്മരിക്കുക. അഭിമാനിയായ ഒരാളും തന്നെ തന്റെ പിതാവ് ഒന്നിലധികമാണെന്ന് പറയാതിരിക്കുന്നത് പോലെ ഒരുവേള അതിനെക്കാൾ ഉറച്ച രീതിയിൽ രീതിയിൽ അല്ലാഹുവിനെ സ്മരിക്കുക. അഭിമാനിയായ ഒരാളും തന്നെ തന്റെ പിതാവ് ഒന്നിലധികമാണെന്ന് പറയാൻ ഇഷ്ടപ്പെടുന്നില്ല അത് പ്രകാരം മനുഷ്യന്റെ ആത്മാഭി മാനത്തെ തൊട്ടുണർത്തിക്കൊണ്ട് നിങ്ങൾ എപ്രകാരം ഒരു പിതാവ് ഒരേ ഒരാളാണെന്നതിൽ അഭിമാനം കൊള്ളുന്നുവോ അപ്രകാരം തന്നെ നിങ്ങളുടെ സ്രഷ്ടാവും പരിപാലകനുമായ ദൈവം ഏകനാണെന്നും അഭിമാനപൂർവ്വം വിശ്വസിക്കണമെന്ന് വിശുദ്ധ ഖുർആൻ കൽപ്പിക്കു ന്നു. ദൈവത്തിന്റെ ഒരു ദിവ്യനാമം 'അസ്സലാം' എന്നാണ്. അതായത് സമാധാന ദായകൻ

അല്ലാഹു മറ്റൊരിടത്ത് പറയുന്നു: **'വല്ലാഹു യദുഹു ഇലാ ദാരിസ്സലാം'** (10:26) - അല്ലാഹു ശാന്തിനികേതനത്തിലേക്ക് നിങ്ങളെ ക്ഷണിക്കുന്നു. ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കുക വഴി ലോകത്ത് സ്ഥായിയായ ശാന്തിയും സമാധാനവും സംജാതമാവുന്നു. അത്യന്തം മഹത്വപൂർണ്ണമായ ഈ തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഇസ്‌ലാം എല്ലാ മതവിഭാഗങ്ങളെ

യും അവരുടെ ഏകോപിച്ചുള്ള അടിസ്ഥാന സിദ്ധാന്തമായ തൗഹീദിലേക്കും അതായത് ദൈവത്തിന്റെ ഏകത്വത്തിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു: ***'നീ ഇപ്രകാരം പ്രഖ്യാപിക്കുക അല്ലയോ ഗ്രന്ഥം നൽകപ്പെട്ടവരെ നിങ്ങൾക്കും ഞങ്ങൾക്കും ഇടയിൽ ഏകോപിച്ച് ഒരു അടിസ്ഥാന തത്വത്തിലേക്ക് വരുവീൻ അതായത് നാം ഏകനായ ദൈവത്തെയല്ലാതെ മറ്റാരെയും ആരാധിക്കുന്നതല്ല. അവന്ന് മറ്റാരെയും ഇണയായോ പങ്കുകാരനായോ സങ്കൽപ്പിക്കുകയും ഇല്ല.' (3:65)***

ഏകദൈവവിശ്വാസമെന്ന് കേന്ദ്രബിന്ദുവുമായി മനുഷ്യകുലത്തെ ബന്ധിപ്പിക്കാനും അത് വഴീ അവരെ ഒന്നിപ്പിക്കാനുമാണ് വിവിധകാലങ്ങളിൽ പ്രവാചകന്മാർ അവതരിച്ചു കൊണ്ടിരിക്കുന്നത്. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു: ***'അല്ലാഹുവിനെ മാത്രം ആരാധിക്കുകയും എല്ലാ വിധത്തിലുള്ള ശിർക്കിൽനിന്നും മറ്റുതെറ്റായ കാര്യങ്ങളിൽ നിന്നും അകന്ന് നിൽക്കുകയും ചെയ്യുവീൻ-എന്ന് ഉപദേശിക്കുവാനായി ഓരോ സമുദായത്തിലും പ്രവാചകന്മാരെ നിയോഗിച്ചിരിക്കുന്നു.' (16:37)***

ലോകം ഇന്ന് അഭിമുഖീകരിച്ച് കൊണ്ടിരിക്കുന്ന ഭയാനകമായ ജാതി മതവർഗ്ഗീയ രാഷ്ട്രീയ സ്പർദ്ദകളും അക്രമണങ്ങളും ദുരീകരിക്കാനുതകുന്ന സാരോപദേശങ്ങൾ ആർഷ സംസ്ക്കാരത്തിന്റെ ഈറ്റില്ലമായ ഈ പുണ്യ ഭൂമിയിൽ ദൈവത്താൽ നിയുക്തനായ യുഗപുരുഷൻ ഹദ്റത്ത് അഹ്മദ് (അ) 100 വർഷങ്ങൾക്ക് മുമ്പ് തന്നെ നമുക്ക് താക്കീദ് നൽകുകയുണ്ടായി. ഇന്ത്യൻ ജനതയോട് ആ പുണ്യാതമാവ് ഇപ്രകാരം പറഞ്ഞു:

***'ദൈവം എന്നെ അറിയിച്ചിരിക്കുന്നു. മനുഷ്യൻ അവരുടെ ദുർവൃത്തിയിൽ നിന്നും പിൻവാങ്ങുകയും ദുഷ്കൃത്യങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുകയും ദൈവത്തോട് ക്ഷമ യാജിക്കുകയും ചെയ്യാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ ലോകത്ത് ഭയാനകമായ വിപത്തുകളും നാശങ്ങളും സംഭവിക്കും ഒരു വിപത്ത് അവസാനിക്കുന്നതിന്ന് മുമ്പായി മറ്റൊരു നാശം തുടർന്നുണ്ടാകുന്നതാണ്. ഒടുക്കം മനുഷ്യൻ ഈ വിപത്തുക്കളാൽ സംഭ്രമചിത്തനായി അഹോ! ഇനി എന്താണ് സംഭവിക്കുക എന്ന് ചോദിച്ചു തുടങ്ങും അനേകം ആളുകൾ വിവിധങ്ങളായ ആപത്തുകളിൽ കുടുങ്ങി ഭ്രാന്തു പിടിക്കപെട്ടവനെ പോലെ ആയിതീരും.***

***ആകയാൽ അല്ലയോ നാട്ടുകാരായ സഹോദരങ്ങളെ ആ അഭിശപ്തനാളുകൾ വരുന്നതിന്ന് മുമ്പായി നിങ്ങൾ ജാഗരൂഗരാകുവീൻ. ഹിന്ദുക്കളും മുസ്ലിംകളും തമ്മിൽ സന്ധിചെയ്യട്ടെ ഐക്യത്തിന്ന് തടസ്സമായിരിക്കും വിധം അന്യായം പ്രവർത്തിക്കുന്ന സമുദായം ആ അന്യായത്തെ ഉപേക്ഷിക്കട്ടെ അല്ലാത്ത പക്ഷം അന്യോന്യം സ്പർദ്ദക്കും വൈരത്തിന്നും ആ സമുദായം ഉത്തരവാദിയാവുന്നതാണ്.' (പൈഗാമെ സുൽഹ്)***

ഇന്ന് അഹ്മദീയാ പ്രസ്ഥാനത്തിന്റെ ആത്മീയ നേതാവ് ഹദ്റത്ത് മീർസാ മസ്റൂർ അഹ്മദിന്റെ മഹനീയ നേതൃത്വത്തിൽ ഏകദൈവവിശ്വാസത്തെ പറ്റിയും ആ ഏകത്വ സിദ്ധാന്തത്തിന്റെ ഫലമായി ലോകത്ത് ശാന്തിയും സമാധാനവും സംജാതമാക്കേണ്ടുന്ന ആവശ്യകതയെ പറ്റിയും പാശ്ചാത്യ പൗരസ്ത്യ നാടുകളിലും ആഫ്രിക്കൻ ഏഷ്യൻ നാടുകളിലും പര്യടനം നടത്തിക്കൊണ്ടിരിക്കുകയാണ്. ലോകസമാധാനത്തിന്നായി ദൈവത്തിന്റെ ഏകത്വസിദ്ധാന്തത്തെ പറ്റി ജനങ്ങളെ ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഹദ്റത്ത് റസൂൽ കരീം(സ)ന്റെ മാതൃക പിൻപറ്റി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ അമേരിക്കൻ പ്രസിഡണ്ട്, ബ്രിട്ടീഷ് പ്രധാനമന്ത്രി, ചൈനീസ് പ്രസിഡണ്ട് ജർമൻമൻ ചാൻസലർ, ഫ്രഞ്ച് പ്രസിഡണ്ട്, ബ്രിട്ടീഷ് രാജ്ഞി, ആദരണീയനായ പോപ്പ്, ഇസ്രയേൽ പ്രധാന മന്ത്രി, സഊദി അറേബ്യൻ രാജാവ് തുടങ്ങി ലോകത്തിലെ നിരവധി രാഷ്ട്ര നേതാക്കന്മാർക്ക് ഇസ്ലാമിന്റെ തൗഹീദിലധിഷ്ഠിതമായ യുദ്ധവിരുദ്ധ സമാധാനത്തിന്നും വിശ്വമാനവിക ഐക്യത്തിന്നുമുള്ള സന്ദേശമയക്കുകയും അവരിൽ പലരേയും നേരിൽ കണ്ട് സമാധാന സന്ദേശത്തിന്റെ ഉള്ളടക്കം അറിയിച്ച് ചർച്ചചെയ്യുകയും ചെയ്തു. മാത്രമല്ല ബ്രസ്സൽസിലെ യൂറോപ്യൻ പാർലമെന്റ്, അമേരിക്കയിലെ കേപിറ്റോൾ ഹിൽ, ലണ്ടനിലെ ബ്രിട്ടീഷ് പാർലമെന്റ മുതലായ ജനപ്രാതിനിത്യ സഭകളെയും അദ്ദേഹം ഈ ആവശ്യാർത്ഥം അഭിസംബോധന ചെയ്തു പ്രഭാഷണം നടത്തുകയും ചെയ്തു. ലോകത്ത് ദൈവവിശ്വാസത്തിലധിഷ്ഠിതമായ മാനവ ഐക്യവും ശാന്തിയും കൊണ്ടുവരുവാനുള്ള ഖലീഫത്തുൽ മസീഹിന്റെയും അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെയും ശ്രമങ്ങൾ എത്രയും വേഗം ഫലപ്രാപ്തിയിലെത്തുമാറാകട്ടെ.



# ദിവ്യജ്ഞാനവും ദൈവസംപ്രാപ്തിയും

ദൈവികഗുണങ്ങൾ ആർജ്ജിച്ച് കൊണ്ടാണ് മനുഷ്യൻ ആദ്ധ്യാത്മികമായി അഭിവൃദ്ധിപ്പെടുക

**മഹമൂദ് കൽക്കുളം**

മതങ്ങളുടെ അസ്ഥിവാരമുറപ്പിക്കപ്പെട്ടിരിക്കുന്നത് ദൈവവിശ്വാസത്തിലാണ്. ദൈവവിശ്വാസമാണ് ജീവിതത്തിന്ന് വ്യക്തമായ കാഴ്ചപ്പാടും ദിശാബോധവും നൽകുന്നത്. എന്നാൽ അപൂർണ്ണവും വികലവുമായ വിശ്വാസം സന്മാർഗ്ഗ വ്യതിയാനത്തിലകപ്പെടുത്തുന്നു. അഥവാ ഇസ്‌ലാംമതമുൾക്കൊള്ളുന്ന ഒരാൾ അനിവാര്യമായും ഏറ്റുപറയുന്ന ദൈവത്തിന്റെ ഏകത്വ പ്രഖ്യാപനത്തിൽ അത് കലർപ്പുണ്ടാക്കിതീർക്കുന്നു. തന്മൂലം അയാളുടെ ആത്മീയോന്നമന പാതയിൽ കരിനിഴൽ വീഴ്ത്തുകയും ചെയ്യുന്നു. ഇത് സംബന്ധമായി വാഗ്ദത്ത മസീഹ് പറയുന്നു:

*ഒരുവൻ അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിക്കുന്നതോട്കൂടി അവൻ സൃഷ്ടികളുടെ അവകാശങ്ങൾക്ക് ഹാനി വരുത്താതെ സൂക്ഷിക്കുന്നതിന്ന് ബാദ്ധ്യസ്ഥനായി തീരുന്നു. ഏതൊരുവൻ തന്റെ സഹോദരന്റെ അവകാശത്തെ അപഹരിക്കുകയും അവനോട് വിശ്വാസഭംഗം പ്രവർത്തിക്കുകയും ചെയ്യുന്നുവോ അവൻ* ***'ലാ ഇലാഹാ ഇല്ലല്ലാഹ്'*** *എന്ന തത്വത്തിൽ വിശ്വസിക്കുന്നവനല്ല തന്നെ. ഏക ദൈവത്തിൽ വിശ്വസിക്കുക എന്നതിന്റെ താൽപര്യമാകട്ടെ അസൂയ, പക, ഡംഭ്, പരദൂഷണം, വിശ്വാസവഞ്ചന തുടങ്ങിയ ദോഷങ്ങളിലേക്ക് പ്രേരിപ്പിക്കുന്ന വിഗ്രഹങ്ങളെയെല്ലാം തന്റെ ഹൃദയത്തിൽ നിന്നും അകറ്റിക്കളയണമെന്നതാണ്. ഒരുവൻ അവയെല്ലാം ഹൃദയത്തിൽ നിന്നും തുരത്തി പരിശുദ്ധത പാലിക്കാത്തിടത്തോളം* ***ലാ ഇലാഹ ഇല്ലല്ലാഹ്*** *എന്ന തത്വത്തിൽ വിശ്വസിക്കുന്നുവെന്ന അവന്റെ പ്രസ്താവന ആത്മാർത്ഥമാണെന്ന് വിചാരിച്ചുകൂട. അവൻ ദോഷങ്ങളെയെല്ലാം നിരാകരിക്കാതെ വെറും വായാൽ തന്റെ വിശ്വാസത്തെ പ്രസ്താവിക്കുന്നത് കൊണ്ട് യാതൊരു പ്രയോജനവുമില്ല. തന്റെ വികാരങ്ങൾ പ്രക്ഷുബ്ധമാകുന്ന അവസരത്തിൽ അസൂയയെയും വിദ്വേഷത്തെയും തന്റെ ദൈവങ്ങളാക്കിത്തീർക്കാത്തവരാരോ അവരാണ് കൂട്ടുകാരനില്ലാത്ത ഏകമാത്രനായി ഇരിക്കുന്ന സത്യദൈവത്തിൽ വിശ്വസിക്കുന്നവൻ. പ്ലേഗ് വിഷങ്ങൾ പരത്തുന്ന എലികളെ പോലെ മനുഷ്യന്റെ ഹൃദയത്തെ വിഷപൂർണ്ണമാക്കി തീർക്കുന്ന മിഥ്യാ ദൈവ സങ്കൽപ്പങ്ങളെല്ലാം നശിപ്പിക്കാതെകണ്ട് മനുഷ്യൻ പാവനശീലനായിത്തീരാൻ സാധിക്കുകയില്ല.* (മൽഫൂസാത്ത്)

### ദൈവദൂതന്മാരുടെ ദൗത്യം

വാസ്തവത്തിൽ സുദൃഢമായ ആസ്തിക്യബോധം ആത്മ വിശുദ്ധിയിലേക്കും ആത്മീയോദ്ഗതിയിലേക്കും മനുഷ്യനെ വഴിനയിക്കുകയാണ് ചെയ്യുന്നത്. ദൈവവിശ്വാസം മനുഷ്യ ഹൃദയങ്ങളിൽ സ്ഥാപിച്ചുറപ്പിക്കുന്നത് ദൈവദൂതന്മാരാകുന്നു. അവരുടെ നിയോഗോദ്ദേശ്യവും ഇതുതന്നെയാണ്. അഥവാ മനുഷ്യനെ തങ്ങളുടെ സൃഷ്ടാവുമായി ബന്ധിപ്പിക്കുന്ന കണ്ണികളാണവർ. തങ്ങൾക്ക് നൽകപ്പെടുന്ന സ്വഹവും പ്രകാശമാനവുമായ അഭൗമിക ജ്ഞാനങ്ങൾ മുഖേന അന്ധവും സാങ്കൽപ്പികവുമായ വിശ്വാസങ്ങളിൽ നിന്ന് അവർ ജനങ്ങളെ കരകയറ്റുന്നു. അവർ ഇരുളിൽനിന്നും പ്രകാശത്തിലേക്ക് മാനവകുലത്തെ ആനയിക്കുന്നു. ***'നിങ്ങളെ സർവ്വവിധത്തിലുള്ള അന്ധകാരങ്ങളിൽ നിന്നും മോചിപ്പിച്ച് പ്രകാശത്തിലേക്ക് നയിക്കുന്നതിന്ന് വേണ്ടി തന്റെ ദാസന്ന് സ്പഷ്ടമായ ദൃഷ്ടാന്തങ്ങൾ ഇറക്കിക്കൊടുത്തവനാണവൻ അല്ലാഹു നിങ്ങളോട് തീർച്ചയായും വളരെ കൃപയുള്ളവനും കരുണാമയനുമത്രെ'*** (വി. ഖുർആൻ 57:10)

***നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹു നിങ്ങളുടെ അടുത്തേക്ക് ഒരുൽബോധകനെ ഇറക്കിയിരിക്കുന്നു ഒരു ദൂതനെ, അദ്ദേഹം നിങ്ങൾക്ക് അല്ലാഹുവിന്റെ വ്യക്തമായ ദൃഷ്ടാന്തങ്ങൾ വിവരിച്ചുതരുന്നു. വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്തവരെ എല്ലാവിധ***

***അന്ധകാരങ്ങളിൽനിന്നും മോചിപ്പിച്ച് പ്രകാശത്തിലേക്ക് നയിക്കുന്നതിന്ന് വേണ്ടി. (വി. ഖുർആൻ 65:12)*** പ്രവാചകന്മാരിലൂടെയാണ് ജനഹൃദയങ്ങൾ സംസ്കരിക്കപ്പെടുന്നത്. സമ്പൂർണ്ണമായ ആത്മ സംസ്ക്കരണത്തിൻെ അനിവാര്യ ഫലം ദൈവസാക്ഷാൽക്കാരമാകുന്നു.

## കേവലബുദ്ധി അപര്യാപ്തം

ചുരുക്കത്തിൽ ദിവ്യവെളിപാടുകളുടെ പ്രഭവകേന്ദ്രങ്ങളാകുന്നു ദൈവദൂതന്മാർ. സുബദ്ധവും കുറ്റമറ്റതുമായ ജീവിത വീക്ഷാഗതിയുണ്ടാകുന്നതോടൊപ്പം മനുഷ്യന് സൽപ്പന്താവിലൂടെയുള്ള പ്രയാണത്തിന്ന് വെളിച്ചമെന്നോണം സഹായകരമായിത്തീരുന്നതും ദിവ്യവെളിപാടുകളാകുന്നു. ഈക്കാര്യത്തിൽ തങ്ങളുടെ ബുദ്ധി വൈഭവത്തെ മാത്രം ആശ്രയിക്കുന്നവർ പരാജിതരായിത്തീരുന്നു. യഥാർത്ഥത്തിൽ മനുഷ്യന്റെ കേവല ബുദ്ധിയെ ദീപ്തവും ദോഷമുക്തവുമാക്കുന്നത് ദിവ്യ വെളിപാടുകളാണ്. ഇത് സംബന്ധിച്ച് ചിന്താർഹമായ ഉദാഹരണത്തിലൂടെ വാഗ്ദത്ത മസീഹ് (അ) ഇപ്രകാരം വിശദീകരിക്കുന്നു. കാലോചിതമായും ഹിതാനുസ്തൃതമായും ആകാശത്തിൽ നിന്നും മഴയുണ്ടാകുന്നു എന്നത് പ്രകൃതിയിൽ നാം കണ്ടു വരുന്ന നിയമവ്യവസ്ഥയാണല്ലോ. ഭൂമിയിൽ കാണുമാറാകുന്ന പച്ചളിപ്പിന്നും തഴപ്പിന്നും ആശ്രയമായിരിക്കുന്നത് വർഷജലമാകുന്നു. ആകാശത്ത് നിന്നും മഴയുണ്ടാകുന്നില്ലെങ്കിൽ ക്രമേണ കിണറുകളിൽ വെള്ളം വറ്റിപ്പോകുന്നു. ഇങ്ങിനെ ഭൂമിയിലെ ജലത്തിന്നും വർഷജലത്തിന്നും തമ്മിൽ ഒരു ബന്ധവും ആകർഷണവും ഉണ്ടെന്ന് കാണാം അതുകൊണ്ട് തന്നെയാണ് മഴ പെയ്താൽ കിണറുകളിൽ വെള്ളം പൊങ്ങി വരുന്നത്. എന്തെന്നാൽ ആകാശത്ത് നിന്നുള്ള വർഷജലം ഭൂമിയുടെ അടിയിലെ വെള്ളത്തെ മുകളിലേക്ക് ആകർഷിച്ച് കൊണ്ട് വരുന്നു. ഇത്തരത്തിലുള്ള ഒരാകർഷണവും ബന്ധവുമാണ് ദൈവബോധനത്തിന്നും വിവേകബുദ്ധിക്കും തമ്മിലുള്ളത്. ദൈവിക ബോധനം സ്വർഗ്ഗീയ ജലവും വിവേക ബുദ്ധി ഭൗമിക ജലവുമാണെന്ന് പറയാം. ഭൂമിയിലെ വെള്ളം എപ്പോഴും മഴവെള്ളം കൊണ്ട് നിർമ്മലമാക്കപ്പെടുന്നത്. അതുപോലെ സ്വർഗ്ഗീയമാകുന്ന ദൈവവചനത്തിന്റെ വെളിപാട് നിലച്ചു പോകുന്ന ക്ഷണം ഭൗമിക ജലമാകുന്ന വിവേക ബുദ്ധി ശുഷ്ക്കമായിപ്പോവുന്നതാണ്. ദൈവ വചനത്തിന്റെ സ്വീകർത്താവായ സത്യാത്മാവിന്റെ ആഗമനം കൊണ്ടനുഗ്രഹീതമാകാതെ ഒരു ദീർഘകാലം കഴിഞ്ഞു പോകുന്നതായാൾ വർഷജലത്തിന്റെ അഭാവത്താൽ ഭൂമിയിലെ ജലം വറ്റി മലിനമായി തീരുന്ന പ്രകാരം മനുഷ്യന്റെ ബുദ്ധിയും ജ്ഞാനവും ദുഷിച്ചു പോകുന്നതാണ്. (ഇസ്ലാം മത തത്വജ്ഞാനം)

## ഇസ്ലാമിന്റെ സവിശേഷത

മതങ്ങളുടെ പരമ ലക്ഷ്യമായ ദൈവസംപ്രാപ്തിയുടെ രാജവീഥിയിലേക്ക് ആനയിക്കുന്നത് ഇസ്ലാം മതമാണ്. ഇസ്ലാം ദൈവിക മതമാണെന്നതിൽ പ്രബലമായ സാക്ഷ്യമാണിത്. ദൈവത്തിന്റെ സവിശേഷ ഗുണങ്ങളെ പറ്റി പ്രതിപാദിക്കുന്നതും ഇസ്ലാം മാത്രമാണ്. ദൈവം തന്റെ ദാസന്മാരുമായി ഏതു രൂപത്തിൽ സമ്പർക്കം പുലർത്തുന്നു എന്ന കാതലായ പ്രശ്നത്തിന്ന് ഇസ്ലാം ഉത്തരം നൽകുന്നു. **'റബ്ബുൽ ആലമീൻ'** അഥവാ സർവ്വ പരിപാലകനായ ദൈവം മുഴുവൻ സൃഷ്ടി ജാലങ്ങൾക്കും അവയുടെ സൃഷ്ടിയുദ്ദേശം അർത്ഥപൂർണ്ണമാക്കുന്നതിന്നുതകുന്ന പ്രകൃതിയും ഉപദർശനവും നൽകിയതാണവൻ. മനുഷ്യരാശിയുടെ ആതമീയവും ഭൗതികവുമായ സംരക്ഷണത്തിന്നും അഭിവൃദ്ധിക്കുമുള്ള മാർഗോപാധികളും നിർണ്ണയിച്ചിരിക്കുന്നതും അവനാകുന്നു. ദൈവത്തിന്റെ അറ്റമില്ലാത്ത കാരുണ്യം നിമിത്തം നിലനിൽപ്പിന്നുള്ള സാധന സാമഗ്രികളെല്ലാം തയ്യാറാക്കി വെച്ചതിന്ന് പുറമെ മനുഷ്യൻ തന്റെ അറിവും കഴിവും പരിപോഷിപ്പിക്കുന്നതിന്നും അപാകരഹിതമാക്കുന്നതിന്നു

ദൈവിക ബോധനം സ്വർഗ്ഗീയ ജലവും വിവേക ബുദ്ധി ഭൗമിക ജലവുമാണെന്ന് പറയാം. ഭൂമിയിലെ വെള്ളം എപ്പോഴും മഴവെള്ളം കൊണ്ട് നിർമ്മലമാക്കപ്പെടുന്നത്. അതുപോലെ സ്വർഗ്ഗീയമാകുന്ന ദൈവവചനത്തിന്റെ വെളിപാട് നിലച്ചു പോകുന്ന ക്ഷണം ഭൗമിക ജലമാകുന്ന വിവേക ബുദ്ധി ശുഷ്ക്കമായിപ്പോവുന്നതാണ്. ദൈവ വചനത്തിന്റെ സ്വീകർത്താവായ സത്യാത്മാവിന്റെ ആഗമനം കൊണ്ടനുഗ്രഹീതമാകാതെ ഒരു ദീർഘകാലം കഴിഞ്ഞു പോകുന്നതായാൾ വർഷജലത്തിന്റെ അഭാവത്താൽ ഭൂമിയിലെ ജലം വറ്റി മലിനമായി തീരുന്ന പ്രകാരം മനുഷ്യന്റെ ബുദ്ധിയും ജ്ഞാനവും ദുഷിച്ചു പോകുന്നതാണ്.

(ഇസ്ലാം മത തത്വജ്ഞാനം)

മുള്ള അവസരങ്ങൾ അവൻ തുറന്നിടുകയും ചെയ്തിരിക്കുന്നു. മനുഷ്യന്റെ സൽക്കർമ്മങ്ങളും അദ്ധ്വാനങ്ങളുമൊന്നും ദൈവം പാഴാക്കിക്കളയുന്നില്ല. മറിച്ച് അവ ക്കെല്ലാം അനുയുക്തമായ പ്രതിഫലം അവൻ നൽകുന്നു. ദൈവം സർവ്വശക്തനും സർവ്വജ്ഞനും സർവ്വഗുണ സമ്പൂർണ്ണനും എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാത്തിനെയും നിലനിർത്തുന്നവനുമാണ്. ദാസന്റെ വിലാപങ്ങൾ ശ്രവിക്കുകയും അവരെ സമാശ്വസിപ്പിക്കുകയും ചെയ്യുന്നവനുമാണവൻ. തന്റെ ജനങ്ങളുടെ അർത്ഥനകൾക്ക് അവൻ ഉത്തരം നൽകുന്നു. ഇസ്‌ലാം സമർപ്പിക്കുന്ന ദൈവത്തിന്റെ ചില ഗുണ മഹാത്മ്യങ്ങളാണ് മേൽ വിവരിച്ചത്. വാസ്തവത്തിൽ മനുഷ്യൻ തന്റെ രക്ഷിതാവിന്റെ പ്രീതി കൈവരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും തന്റെ ദാസരോടുള്ള ദൈവത്തിന്റെ സമീപനരീതികളും അവന്റെ സിഫത്തുകളിലൂടെയാണ് അറിയാൻ സാധിക്കുന്നത്.

ദൈവിക ഗുണങ്ങളുടെ സ്വാംശീകരണം ദൈവികഗുണങ്ങൾക്കനുരോധകമായി തന്റെ സ്വഭാവങ്ങളെ രൂപപ്പെടുത്തുമ്പോഴാണ് സൃഷ്ടിയുദ്ദേശം അന്വർത്ഥമാക്കാൻ മനുഷ്യന് സാധിക്കുന്നത്. മനുഷ്യ സൃഷ്ടിപ്പിന്റെ പരമമായ ലക്ഷ്യവും ഇതു തന്നെയാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

അല്ലാഹുവിന്റെ വർണ്ണം പകർത്തുക എന്നതാകുന്നു. അതുപോലെ ദൈവത്തിൽ നിന്നും ഇറക്കപ്പെട്ട മാർഗ്ഗദർശനങ്ങളെ അനുപദം പിന്തുടർന്ന് ജീവിതം നയിക്കുകയും ചെയ്യുക. മനുഷ്യന്റെ നന്മക്കും മോക്ഷത്തിന്നും സർവ്വോപരി ആത്മീയോൽക്കർശത്തിന്നും ഇതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. എന്നാൽ സ്വന്തം ഇഛകൾക്കനുസൃതമായി ചലിക്കുന്നവർ ഒടുവിൽ പരാജയത്തിലും നൈരാശ്യത്തിലുമാണ് അകപ്പെടുന്നത്.

## ലക്ഷ്യപ്രാപ്തി ദിവ്യഗുണ പരിജ്ഞാനത്തിലൂടെ

ദൈവത്തിന്റെ സവിശേഷഗുണങ്ങളെ കുറിച്ചുള്ള അവബോധം, ജീവിതത്തിന്റെ നിഖില മേഖലകളിലും സൂക്ഷ്മത പുലർത്താൻ മനുഷ്യനെ സന്നദ്ധനാക്കുന്നു. തന്റെ നിലനിൽപ്പിന്ന് അനിവാര്യമായ സർവ്വവും കനിഞ്ഞരുളിയവനാണ് ദൈവമെന്ന അറിവ് മനുഷ്യനെ കൃതാർത്ഥനും വിനയാന്വിതനുമാക്കുന്നു. താൻ ചെയ്യുന്ന ചെറിയ പ്രവർത്തിക്കുപോലും അളവറ്റ അനന്തര ഫലമുണ്ടാക്കുന്നവനാണ് ദൈവമെന്ന അറിവ് മനുഷ്യനെ സക്രിയനും കർമ്മോത്സുകനുമാക്കുന്നു. അനുഗ്രഹങ്ങളും വരദാനങ്ങളും നൽകുന്നവൻ ദൈവമാണെന്ന അറിവ്, ഉത്തുംഗപദത്തിലെത്തിയ മനുഷ്യനെ പോലും നമ്രശിരസ്ക്കരനും അഹംഭാവ ചിന്തകൾക്കിടം കിട്ടാത്ത മനസ്സിനുടമയുമാക്കി തീർക്കുന്നു. തന്റെ സൂക്ഷ്മാൽ സൂക്ഷ്മങ്ങളായ ചലനങ്ങൾപോലും വീക്ഷിച്ചുകൊണ്ടിരിക്കുന്ന സർവജ്ഞനാണ് ദൈവമെന്ന അറിവ് മനുഷ്യനെ കപട നാട്യങ്ങളിൽ നിന്ന് വിരക്തനും നിസ്സ്വാർത്ഥനുമാക്കിതീർക്കുന്നു. സകല തരത്തിലുള്ള സന്നിഗ്ദഘട്ടങ്ങളിൽനിന്നും മോചനം നൽകാനുള്ള കഴിവുള്ള സർവ്വശക്തനാണ് ദൈവമെന്ന അറിവ് മനുഷ്യനെ ദൈവത്തിലേക്ക് ചായുന്നവനും സമാധാനചിത്തനുമാക്കി തീർക്കുന്നു. ചുരുക്കത്തിൽ ദൈവിക ഗുണങ്ങളെ സംബന്ധിച്ച അഭിജ്ഞത മനുഷ്യന്റെ ആതമയോദ്ഗതിക്ക് അനുപേക്ഷണീയമാകുന്നു. ദൈവജ്ഞാനത്തിൽ അഭിവൃദ്ധിപ്പെടുന്നതനുസരിച്ച് ദൈവഭയവും സൂക്ഷ്മതയും അധികരിക്കുകയും ചെയ്യുന്നു. വിശുദ്ധ ഖുർആൻ പറയുകയാണ്: ***'അല്ലാഹുവിന്റെ ദാസരിൽ ജ്ഞാനികൾ മാത്രമേ അവനെ ഭയപ്പെടുകയുള്ളൂ'. (35: 29)*** ദൈവിക ഗുണങ്ങളെ സംബന്ധിച്ച അജ്ഞതയും ശരിയായ ഉൾക്കാഴ്ച്ചയില്ലായ്മയുമാണ് പലരും സന്മാർഗ്ഗ പാതയിൽ വ്യതിചലിക്കാനിടയാകുന്നത്. ബനീ ഇസ്റായീല്യരിൽ ദൈവസാമീപ്യത്തിലേക്ക് അടുത്തുകൊണ്ടിരിക്കുന്ന **'ബൽ അംബാആറ '**എന്ന ഒരു വ്യക്തി ഉണ്ടായിരുന്നു. അദ്ദേഹം പിന്നീട് കൃതഘ്നത കാണിക്കുകയും പിശാചിന്റെ കീഴ്പ്പെടുത്തലുകൾക്കടിമപ്പെടുകയും ചെയ്തു. തന്മൂലം സ്വന്തം നാശത്തിലേക്കുള്ള വഴി അദ്ദേഹം സ്വയം ഒരുക്കുകയായിരുന്നു. ഒരു ഗുണപാഠമെന്നോണം ഇയ്യാളുടെ സംഭവം വിശുദ്ധ ഖുർആൻ ഉദ്ധരിക്കുന്നുണ്ട്. ***'നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവനെ നാം ഉയർത്തുമായിരുന്നു എന്നാൽ അവൻ ഭൂമിയിലേക്ക് ചായുകയും സ്വേഛയെ പിൻ പറ്റുകയുമാണുണ്ടായത്.' (വി. ഖുർആൻ: 7:177)*** നബി തിരുമേനി (സ)ക്ക് ഇറങ്ങിക്കൊണ്ടിരുന്ന ദിവ്യവെളിപാടുകൾ രേഖപ്പെടുത്താൻ നിയോഗിക്കപ്പെട്ടിരുന്ന അബ്ദുല്ലാഹിബ്നു അബീ സർഹ് പിശാചിന്റെ ദുഷ്പ്രേരണയിൽ വശംവദനായിക്കൊണ്ട് നബി(സ)ക്ക് ലഭിക്കുന്ന ദിവ്യ വെളിപാടുകളിൽ തന്നെ സന്ദേഹം പ്രകടിപ്പിക്കാൻ തുടങ്ങി. അങ്ങനെ അയാൾ മതനിരാസത്തിലും നാശത്തിലും ചെന്നെത്തുകയുണ്ടായി. തനിക്ക് ലഭിച്ചിരുന്ന ദർശനങ്ങളുടെയും സ്വപ്നങ്ങളുടെയും അടിസ്ഥാനത്തിൽ തന്റെ സ്ഥാനത്തിൽ അഭിമാനം കൊണ്ടിരുന്ന സായി ആലം ദീൻ എന്നു പേരുള്ള ഒരാളെ വാഗ്ദത്ത മസീഹ്(അ) താക്കീദ് ചെയ്യുകയും ഇത് മൂലം ഉണ്ടാകാനിടയുള്ള പതനത്തെക്കുറിച്ചുണർത്തിക്കൊണ്ട് അധികമായ പാപപ്പൊറുതിയിലും പ്രാർത്ഥനയിലും കഴിച്ചു കൂട്ടാൻ നിർദ്ദേശിക്കുകയുമാണുണ്ടായത്. ചുരുക്കത്തിൽ ദൈവത്തിന്റെ മഹത്തായ ഈ ഗുണങ്ങളെയും പ്രവർത്തനങ്ങളെയും സംബന്ധിച്ച അവബോധം, പാവനമായ ദിവ്യസ്മരണിയിലൂടെയുള്ള പ്രയാണത്തിന്ന് മനുഷ്യനെ ഉദ്യുക്തനാക്കുന്നുണ്ട്. ഇതുവഴി അവന്റെ ജീവിതലക്ഷ്യം സഫലമാകുകയും ചെയ്യുന്നു.

# ആദമിന്ന് മുമ്പും മനുഷ്യൻ ജീവിച്ചിരുന്നു

നമ്മുടെ പൂർവ്വ പിതാവായ ആദമിന്ന് മുമ്പ് തന്നെ വിവിധ കാലചക്രങ്ങളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മനുഷ്യ വംശം ആവിർഭവിക്കുകയും നശിക്കുകയും സന്മാർഗം പ്രാപിക്കുകയും അധപതിക്കുകയും പുരോഗമിക്കുകയും ശിഥിലമാവുകയും ചെയ്തിട്ടുണ്ട്. ആ സമൂഹങ്ങളുടെയെല്ലാം ആവിർഭാവഘട്ടത്തിൽ ഓരോ ആദമുമാരും ഉണ്ടായിരുന്നു.

ചൗധരി ഖാലിദ് സൈഫുല്ലാഹ് ഖാൻ, സിഡ്നി

ഡയ്‌ലി ടെലഗ്രാഫ്, ലണ്ടൻ (സിഡ്നി മോണിംങ്ങ് ഹൊറാൾഡിൽ (Sydney Morning Herald) 12 ഫെബ്രവരി 1997 ന്ന് പുന പ്രസിദ്ധീകരിച്ചത്) പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ട് പ്രകാരം മനുഷ്യൻ നിർമ്മിച്ച ഏറ്റവും പുരാതനമായ ഉപകരണങ്ങളുടെ നിർമ്മാണ കാലത്തെക്കാൾ 13,000 വർഷങ്ങൾക്ക് മുമ്പുള്ള 12,500 കാലടികളും ആയിരക്കണക്കിന്ന് പണിയായുധങ്ങളും ചിലിയിൽനിന്നും കണ്ടെടുക്കുകയുണ്ടായി. ഈ സമീപകാലത്തുണ്ടായ ഈ കണ്ടുപിടുത്തത്തിന്റെ അടിസ്ഥാനത്തിൽ അമേരിക്കൻ വൻകരയിൽ എപ്പോൾ എങ്ങനെ മനുഷ്യൻ എത്തിചേർന്നു എന്ന ചില പുതിയ സിദ്ധാന്തങ്ങൾ അവതരിപ്പിക്കുന്നുണ്ട്.

കുറച്ച് മാസങ്ങൾക്ക് മുമ്പ് പ്രത്യക്ഷപ്പെട്ട മറ്റൊരു ഗവേഷണ പ്രകാരം ആസ്ത്രേലിയയിലെ അബോരിജിൽ വർഗ്ഗത്തിൽ പെട്ട മനുഷ്യർ 1400 വർഷങ്ങൾക്ക് മുമ്പ് അമേരിക്കയിൽ താമസിച്ചിരുന്നു എന്നാണ് ശാസ്ത്ര്ജ്ഞന്മാർ അഭിപ്രായപ്പെടുന്നത്. ആസ്റേലിയൻ അബോരിജിനുകൾ ആസ്റേലിയയിൽ 40,000 വർഷത്തോളമായി ജീവിച്ചുവരുന്നു. 176,000 വർഷങ്ങൾക്ക് മുമ്പ് മനുഷ്യൻ അവന്റെ പരിണാമ ചരിത്രത്തിൽ നിവർന്നു നിൽക്കുന്ന ഘട്ടത്തിലെത്തിയതിന്ന് (Homo Erectus Stage) ശേഷം ഉടൻ തന്നെ അവർ എങ്ങനെയോ ആസ്റേലിയയിൽ എത്തിപ്പെട്ടു എന്നാണ് പുരാവസ്തു തെളിവുകൾ പ്രകാരം വിശ്വസിക്കപ്പെടുന്നത്. ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ നിന്നും മനുഷ്യ ജീവൻ ഉദ്ഭവിച്ച് മനുഷ്യ സമൂഹം ലോകത്തിലെ മറ്റു സ്ഥലങ്ങളിലേക്ക് വ്യാപിച്ചു എന്ന് പരക്കെ വിശ്വസിക്കപ്പെടുന്ന സിദ്ധാന്തത്തിന്ന് വിരുദ്ധമായി ആഫ്രിക്ക, മദ്ധ്യേഷ്യ ജാവ, ആസ്റേലിയ എന്നീ വീവിധ കേന്ദ്രങ്ങളിലായിട്ടായിരിക്കണം മനുഷ്യജീവൻ രൂപപ്പെട്ടത്.

ആദമിന്ന് എത്രയോ മുമ്പേ മനുഷ്യൻ ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ താമസിച്ചു വരുന്നതായി പുരാവസ്തു തെളിവുകൾ സാക്ഷ്യം വഹിക്കുന്നു. ആദമാണ് ലോകത്തിലെ ആദ്യമനുഷ്യൻ എന്ന ബൈബിൾ ( ഉൽപ്പത്തി 1;26 മുതൽ 28 വരെ) പ്രസ്താവനക്ക് വിരുദ്ധമാണിത്. ബൈബിളിൽ നിരവധി ശാസ്ത്ര വിരുദ്ധപ്രസ്താവനകളുണ്ട്. ഇത്തരം പ്രസ്താവനകൾ ബൈബിളിന്റെ അനുയായികൾക്ക് ആ ഗ്രന്ഥത്തിന്റെ ആധികാരികതയെക്കുറിച്ചും ദൈവത്തിന്റെ വെളിപാടുകളുടെ അസ്തിത്വത്തെ കുറിച്ചും സംശയങ്ങളുണ്ടാക്കുകയുണ്ടായി. തുടർന്ന് അവരിൽ പലരും നാസ്തിക വാദത്തിലേക്കും ആജ്ഞേയ വാദത്തിലേക്കും തിരിയുകയുണ്ടായി.

എന്നാൽ മനുഷ്യോൽപ്പത്തിയെക്കുറിച്ച് ഖുർആൻ നമുക്ക് മറ്റൊരു കഥയാണ് പറഞ്ഞ് തരുന്നത്. പ്രസ്തുത കണ്ടുപിടുത്തം നടത്തുന്നതിന്ന് എത്രയോ മുമ്പേ **'ആദമിന്ന് മുമ്പ് മനുഷ്യൻ ജീവിച്ചിരുന്നു'** എന്ന് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പൊതുജനസമക്ഷം പറയുകയുണ്ടായി. 1908 മെയ് 12 ന്നും 18 ന്നും പ്രൊഫസർ റേയ്ഗ് എന്ന ഒരു ഇംഗ്ലീഷുകാരനായ ഗോളശാസ്ത്ര പണ്ഡിതൻ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി (അ) നെ ലാഹോറിൽ വെച്ച് സന്ദർശിക്കുകയുണ്ടായി. മറ്റു ചോദ്യങ്ങളോടൊപ്പം

പ്രൊഫ. റേയ്ഗ് വാഗ്ദത്ത മസീഹിനോട് ചില ചോദ്യങ്ങൾ ചോദിച്ചതായി മൽഫൂസാത്ത് വാല്യം 10 പേജ് 353 ലും 426 ലും രേഖപ്പെടുത്തിയിരിക്കുന്നു. ജെഹൂൻ, സിഹൂൻ എന്നീ രാജ്യങ്ങളിലാണ് ആദം എന്ന് വിളിക്കപ്പെടുന്ന ആദ്യ മനുഷ്യൻ ജനിച്ചത് എന്നാണ് ബൈബിളിൽ എഴുതപ്പെട്ടിരിക്കുന്നത്. അമേരിക്ക ആസ്ത്രേലിയ മുതലായ ലോകത്തിലെ വിവിധ ഭാഗങ്ങളിൽ കാണുന്ന മനുഷ്യവർഗ്ഗം എല്ലാം ഒരേ ആദമിൽ നിന്നുള്ള സന്തതി പരമ്പരകളാണോ? ഈ ചോദ്യത്തിന്ന് വാഗ്ദത്ത മസീഹ് നൽകിയ മറുപടി

ആറോ ഏഴോ ആയിരം വർഷങ്ങൾക്ക് മുമ്പ് ആദമിന്റെ ജനനത്തോടെയാണ് ലോകം ഉണ്ടായതെന്നും അതിന്ന് മുമ്പ് യാതൊന്നും ഉണ്ടായിരുന്നില്ല എന്നും ദൈവം ഒരു പ്രവർത്തിയുമില്ലാതെ വെറുതെ ഇരിക്കുകയായിരുന്നു എന്നുമുള്ള ബൈബിൾ അഭിപ്രായത്തെ ഞങ്ങൾ പിന്തുടരുന്നില്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണുന്ന മനുഷ്യ സമുദായം ആ ഒരേയൊരു ആദമിൽ നിന്നുള്ള സന്തതികളാണെന്നും ഞങ്ങൾ അവകാശപ്പെടുന്നില്ല. അതിന് വിരുദ്ധമായി ഞങ്ങളുടെ വിശ്വാസം ഈ ആദം ആദ്യത്തെ ആദം അല്ല എന്നാണ്. അദ്ദേഹത്തിന്ന് മുമ്പ് തന്നെ മനുഷ്യ സമൂഹം ഉണ്ടായിരുന്നതായി ഞങ്ങൾ വിശ്വസിക്കുന്നു. ദൈവം ആദമിനോടു ഞാൻ ഭൂമിയിൽ ഒരു ഖലീഫയെ നിശ്ചയിക്കാൻ പോകുന്നു എന്ന് പറയുന്നതായി ഖുർആൻ സൂചിപ്പിക്കുന്നു. 'ഖലീഫ' എന്നാൽ പിൻഗാമി എന്നാണ് അർത്ഥം ഇത് വ്യക്തമായും സൂചിപ്പിക്കുന്നത് ആദമിന്ന് മുമ്പും മനുഷ്യർ ഉണ്ടായിരുന്നു എന്നാണ്. അതുകൊണ്ട് അമേരിക്കയിലും ആസ്ത്രേലിയായിലും ഉണ്ടായിരുന്ന ഒറിജിനൽ നിവാസികൾ ഈ അവസാനത്തെ ആദമിന്റെ സന്തതികളാണോ അതല്ല മറ്റു ആദംമാരുടെ സന്തതികളാണൊന്നോ പറയാൻ സാധ്യമല്ല. (മൽഫൂസാത്ത്, വാല്യം 10 പേജ് 426)

ഇത് സംബന്ധിച്ച് കൗതുകകരമായ മറ്റൊരു കാര്യം ആദം ജനിച്ച വർഷത്തെ പറ്റിയുള്ള അറിവും ദൈവം ഒരുദർശനത്തിലൂടെ വാഗ്ദത്ത മസീഹിനെ അറിയിച്ചിട്ടുണ്ടായിരുന്നു എന്നതാണ്. വിശുദ്ധ പ്രവാചകന്റെ ദൗത്യത്തിന്ന് മുമ്പ് അതായത് ഖുർആൻ അവതരണം ആരംഭിക്കുന്നതിന്ന് 4598 സൂര്യവർഷം മുമ്പാണ് ആദം ജനിച്ചത് എന്നതായിരുന്നു ആ ദർശനം. റസൂൽ തിരുമേനിയുടെ ദൗത്യത്തിന്റെ ആരംഭം എന്ന് മഹത്തായ ഈ സംഭവം നടന്നത് 20 ആഗസ്ത് 610 ലാണ്. ഇത് ചന്ദ്രമാസഗണനയിൽ റമദാൻ മാസം 24 ന്നാണ്. *(ഈ വർഷം 2017 ആണല്ലോ അപ്പോൾ ആദം ജനിച്ചത് 6005 വർഷങ്ങൾക്ക് മുമ്പാണ്. വിവ:)*.

മാത്രമല്ല പൊടിമണ്ണിൽ നിന്നും സൃഷ്ടിക്കുക എന്നത് ആദമിന്ന് മാത്രമുള്ള പ്രത്യേകതയല്ല. യേശു അടക്കം മാനവരാശി ആകമാനം സൃഷ്ടിക്കപ്പെട്ടത് ഇത്പോലെ പൊടിമണ്ണിൽ നിന്നാണെന്ന് ഖുർആൻ വ്യക്തമാക്കുന്നു. ഇത് എന്ന ബൈബിൾ വാക്യത്തിന്ന് വിരുദ്ധമാണ്. ഖുർആൻ പറയുന്നു: 'അല്ലാഹുവിന്റെ പക്കൽ ഈസായുടെ സ്ഥിതി ആദമിന്റെ സ്ഥിതി പോലെ തന്നെയാണ്. അദ്ദേഹത്തെ അവൻ മണ്ണിൽ നിന്ന് സൃഷ്ടിച്ചു പിന്നെ അദ്ദേഹത്തോട് ഉണ്ടാവുക എന്നു പറഞ്ഞു. അപ്പോൾ അദ്ദേഹം ഉണ്ടായിത്തീർന്നു.' (ഇമ്രാൻ 3:60) 'നിങ്ങളെ അവൻ മണ്ണിൽ നിന്നും സൃഷ്ടിച്ചു അപ്പോൾ നിങ്ങളതാ ഭൂമിയിൽ വ്യാപിക്കുന്ന മനുഷ്യരായി തീർന്നിരിക്കുന്നു. ഇത് അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്.'(അർറൂം 30: 21)

മേൽ പറഞ്ഞ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളെ ഖുർആൻ ശരിവെക്കുന്നു. അതായത് മനുഷ്യൻ ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ പരന്നത് മനുഷ്യ പരിണാമത്തിന്റെ പ്രാരംഭ വികാസ ദശയിലായിരിക്കണം. മനുഷ്യവംശത്തിന്റെ പരിണാമ വൃക്ഷം ഒരേ താഴ്വേരിൽ നിന്ന് പടർന്ന് പന്തലിക്കുകയും ശാഖകളും ഉപശാഖകളുമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പരക്കുകയും ചെയ്തു. മനുഷ്യ സൃഷ്ടിക്ക് ശേഷം അവന്ന് ശരിയായ രൂപം നൽകുകയും വ്യക്തമായ മാർഗ്ഗനിർദ്ദേശവും നൽകി. (ത്വാഹാ 20:51) പരിണാമ പ്രകിയയുടെ ഫലമായി മനുഷ്യന്ന് ശാരീരികമായും ബുദ്ധിപരമായും സാമൂഹികമായും ആത്മീയമായും പക്വതവന്നതിന്ന് ശേഷമാണ് ദൈവത്തിൽ നിന്നുള്ള മാർഗ്ഗദർനം സ്വീകരിക്കാനും മനസ്സിലാക്കാനും സാദ്ധ്യമായത്. പിന്നീട് ദൈവം തന്റെ പ്രതിനിധിയായി (ഖലീഫ) ഓരോ ആദമിനെ ഓരോ ശാഖക്കും ഉപശാഖക്കും നിശ്ചയച്ചയക്കുകയും ചെയ്തു. മനുഷ്യ സമൂഹത്തെയാകമാനം അഭിസംബോധന ചെയ്യാൻ അയക്കപ്പെട്ട പ്രവാചകൻ മുഹമ്മദ് നബി (സ) മാത്രമാണ്. 'ആദം' എന്ന നാമം ആദമിന്റെ മക്കളെയും മനുഷ്യ വംശത്തെയും വിശേഷിപ്പിക്കാൻ ആലങ്കാരികമായി ഖുർആൻ ഉപയോഗിക്കുന്ന ഒരു പദമാണ്.

ആറ് സഹസ്രസഹാബ്ദങ്ങൾക്ക് മുമ്പ് ഭൂമുഖത്ത് പ്രത്യക്ഷപ്പെട്ട ഈ ആദമിന് മുമ്പ് തന്നെ മനുഷ്യ വംശത്തിന്റെ ശാഖകളും ഉപശാഖകളും വിവിധ കാലചക്രങ്ങൾക്കുള്ളിൽ ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ ഉത്ഥാനം ചെയ്യുകയും അധപതിക്കുകയും പുരോഗമിക്കുകയും നശിക്കുകയും സന്മാർഗ്ഗം പ്രാപിക്കുകയും ദുർമാർഗികളാവുകയും ചെയ്തിട്ടുണ്ട്.

*വിവ: എ.എം*

www.alislam.org

ഭാഗം - 38

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### ഖലീഫ അവ്വലിനെ കുറിച്ചുള്ള മറ്റു ചില സാക്ഷ്യങ്ങൾ

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ കുതിരപ്പുറത്തു നിന്നു വീണു പരിക്കേറ്റതായി ഹദ്റത്ത് മസീഹ് മൗഊദ്(അ) വർഷങ്ങൾക്കു മുമ്പ് ദർശനത്തിൽ കണ്ടിരുന്നുവല്ലോ. മസീഹ് മൗഊദി(അ)ന്റെ കാലശേഷം ആ പ്രവചനം അതുപോലെ തന്നെ പൂർത്തിയായി. ഈ സംഭവത്തിനു ഏകദേശം രണ്ടു രണ്ടരവർഷം മുമ്പ് പ്രസിദ്ധീകരിച്ച ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ മറ്റൊരു ഇൽഹാം ഇപ്രകാരമായിരുന്നു. ദുബാരഹ് സിന്തഗി, മൻസൂഖ് ശുദ സിന്തഗി (വീണ്ടും ജീവിതം, ദുർബലപ്പെടുത്തിയ ജീവിതം) ഈ ഇൽഹാമും ഖലീഫത്തുൽ മസീഹ് അവ്വലിൽ പൂർത്തിയായി. വാർദ്ധക്യകാലത്തു തലയ്ക്കു പറ്റിയ അതിഗുരുതരമായ മുറിവ് അത്ഭുതകരമായ നിലയിൽ സുഖപ്പെട്ടു. ആ അപകടത്തെ തുടർന്നു മരിച്ചു പോകുമെന്നു തന്നെ എല്ലാവരും ഭയപ്പെട്ടിരുന്നുവെങ്കിലും അല്ലാഹു അസാധാരണമായ നിലയിൽ വീണ്ടും ജീവിതം നൽകി അനുഗ്രഹിച്ചു. മറ്റൊന്നു ഡോക്റ്റർ അബ്ദുൽ ഹക്കീം പട്ട്യാലവിയെ പോലുള്ള ചില ശത്രുക്കൾ ഇത്രാം തീയതി ഹുദൂർ മരിക്കുമെന്നു പ്രവചിച്ചിട്ടുണ്ടായിരുന്നു. ആ പ്രവചനങ്ങളെല്ലാം തന്നെ കളവായി ഭവിച്ചു. ഒരിക്കൽ ഹദ്റത്ത് നബി കരീം(സ) ഉമർ ഖത്ത്വാബി(റ)നോടു പറഞ്ഞു നിന്റെ സന്താന പരമ്പരയിൽ നിന്നും ഒരാൾ അവസാനനാളിലെ മസീഹിന്റെ പ്രധാന സഹായായിട്ടുണ്ടാകും. (ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ ഹദ്റത്ത് ഉമർ ഖത്ത്വാബി(റ)ന്റെ 36-ാം വംശ പരമ്പരയിലെ പുണ്യാത്മാവാണ്. വിശദമായ വംശാവലി പട്ടിക ഈ ലേഖനത്തിന്റെ ആരംഭത്തിൽ ഒന്നാം ഭാഗം തന്നെ ചേർത്തിട്ടുണ്ടായിരുന്നു.) തുടർന്നു അല്ലാഹുവിന്റെ റസൂൽ(സ) ഉമർ ഖത്ത്വാബി(റ)നു ആ സഹായിയുടെ ഒരു അടയാളം പറഞ്ഞു കൊടുത്തു. അവന്റെ മുഖത്തോ അല്ലെങ്കിൽ തലയുടെ ഏതെങ്കിലും ഭാഗത്തോ അതിമാരകമായ മുറിവേൽക്കും ആ മുറിവിന്റെ ആഴം എല്ലു വരെ ചെന്നെത്തും.

ഹദ്റത്ത് മുഹിയുദ്ദീൻ ഇബ്നു അറബി റഹ്മത്തുല്ലാഹി അലൈഹിയുടെ പ്രവചനപ്രകാരം അവസാന നാളിൽ വരാൻ പോകുന്ന മഹ്ദിയുടെ ഒരു പ്രധാന സഹായി ഹാഫിസ് ഖുർആൻ ആയിരിക്കും. മഹ്ദിയുടെ മന്ത്രിമാർ എല്ലാവരും അനറബികളായിരിക്കും. അവരിൽ ആരും തന്നെ അറബിവംശജർ ഉണ്ടായിരിക്കുകയില്ല. പക്ഷേ അവർ അറബി സംസാരിക്കും. പ്രധാന സഹായി ഒരിക്കൽ പോലും അല്ലാഹുവിനെ ധിക്കരിക്കാത്തയാളായിരിക്കും. ചില പ്രവചനങ്ങളിൽ മസീഹിന്റെ ഒരു പ്രധാന സഹായി കശ്മീരിൽ നിന്നും വരുമെന്നു പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ ബൈഅത്തു ചെയ്യുവാനായി കശ്മീരിൽ നിന്നായിരുന്നു ഖാദിയാനിൽ വന്നത്.

### ഹുദൂറിന്റെ പരമമായ ഹൃദയാഭിലാഷം

അപകടം പിണഞ്ഞു രോഗിയായി കിടക്കുന്ന ഹദ്റത്ത് ഖലീഫത്തുൽ മസീഹിനോടു ഒരു ദിവസം ഡോക്ടർ മിർസാ യഅ്ഖൂബ് ബേഗ് സാഹിബ് ഹുസൂറിന്റെ മനസ്സിൽ

വല്ല ആഗ്രഹവും ഉണ്ടെങ്കിൽ പറയണമെന്നു അപേക്ഷിക്കുകയുണ്ടായി. അങ്ങനെ വല്ലതും ഉണ്ടെങ്കിൽ ഞങ്ങളത് പൂർത്തിയാക്കാൻ ബാധ്യസ്ഥരാണെന്ന നിലക്കാണു വളരെ ആദരവോടും സ്നേഹത്തോടും ആത്മാർഥതയോടും കൂടി ചോദിച്ചത്. ഹുദൂർ വളരെ വികാരഭരിതനായി ഗദ്ഗദത്തോടെ പറഞ്ഞു എന്റെ ഹൃദയം എപ്പോഴും ഒരേ ഒരു കാര്യം മാത്രമാണു ആഗ്രഹിക്കുന്നത്. അല്ലാഹു തആലാ എന്നോട് തൃപ്തിപ്പെടണമേ എന്നാണത്. നിങ്ങൾ അനുസരണമുള്ളവരും ഭിന്നിച്ചു കൊണ്ട് ശണ്ഠ കൂടുന്നവരുമായിരിക്കരുതെന്നുമാണു എനിക്കുള്ള മറ്റൊരാഗ്രഹം. എന്നിട്ട് പറഞ്ഞു ദുനിയാവിലെ അനുഗ്രഹങ്ങൾ കൊണ്ട് എന്റെ മനസ്സു നിറഞ്ഞു കഴിഞ്ഞു. ഇനി ഒരു ആഗ്രഹവും ബാക്കിയില്ല. ഞാൻ മരിച്ചാൽ എന്റെ നാഥനായ അല്ലാഹു എന്നോടു തൃപ്തിപ്പെട്ടാൽ മതിയായിരുന്നു. ഞാൻ ഈ ദുനിയാവിൽ നിന്നു വളരെയേറെ സമ്പാദിച്ചു കുറേ തിന്നു കുറേ കൊടുത്തു ഇനി ഒരാഗ്രഹവും ബാക്കിയില്ല. ആരോഗ്യത്തിനു വേണ്ടി ചിലപ്പോൾ ദുആ ചെയ്യാറുണ്ട്. ആരോഗ്യമില്ലാത്തതു കൊണ്ട് ഈമാൻ നഷ്ടപ്പെട്ടു പോകുമോ എന്ന പരിഭ്രമത്തിലാണത് ചെയ്യുന്നത്.

പിന്നീട് വളരെ ഹൃദയവേദനയോടെ

اللهم ارض عني اللهم ارض عني
اللهم ارض عني

അല്ലാഹുവേ നീ എന്നിൽ തൃപ്തിപ്പെടേണമേ, അല്ലാഹുവേ നീ എന്നിൽ തൃപ്തിപ്പെടേണമേ എന്നു ചൊല്ലിക്കൊണ്ടിരുന്നു. എന്നിട്ടു അരുൾ ചെയ്തു ഈ ദുനിയാവ് ഒന്നുമല്ല എന്നു മനസ്സിലാക്കണം. ജമാഅത്തിലുള്ളവർക്കിടയിൽ ഭിന്നിപ്പുണ്ടാകരുതെന്നും എല്ലാവരും ഐക്യത്തോടും ഒരുമയൊടും സൗഹൃദത്തോടും കൂടിയായിരിക്കണമെന്നുമാണ് എപ്പോഴും തന്നെ എന്റെ ഹൃദയാഭിലാഷം. അങ്ങനെയാണെങ്കിൽ ഞാൻ തൃപ്തനാണ്. എനിക്കിപ്പോൾ പൂർണമായി സുജൂദ് ചെയ്യാൻ സാധിക്കുന്നില്ല. എന്നാലും സുജൂദിന്റെ അവസ്ഥയിൽ ഞാൻ നിങ്ങൾക്കു വേണ്ടി ദുആ ചെയ്യാറുണ്ട്. ഞാൻ നിങ്ങളുടെ നന്മയ്ക്കു വേണ്ടി ധാരാളമായി ദുആ ചെയ്യാറുണ്ട്. എനിക്കു ഒന്നിലും ഒരു തരത്തിലുള്ള ആർത്തിയുമില്ല. എന്റെ യജമാനനായ അല്ലാഹു എനിക്കു രഹസ്യമായി ധാരാളം നൽകാറുണ്ട്. അവനെനിക്കു ആവശ്യത്തിലും കൂടുതലാണു നൽകിയത്. നിങ്ങൾ കലഹിക്കരുത് ഭിന്നിക്കരുത്. എങ്കിൽ അല്ലാഹു നിങ്ങൾക്കു അനുഗ്രഹത്തിനു മേൽ അനുഗ്രഹം നൽകും അതിലൂടെ നിങ്ങൾക്കുള്ള ആദരവും ബഹുമാനവും ബാക്കി നിൽക്കും അല്ലാത്തപക്ഷം ഒന്നും ബാക്കിയുണ്ടാവില്ല.

പിന്നീട് പറഞ്ഞു ഞാൻ ആരോടെങ്കിലും വല്ലതും കൽപിച്ചിട്ടുണ്ടെങ്കിൽ അതെന്റെ വ്യക്തിപരമായ കാര്യത്തിനു വേണ്ടിയായി

ഞാൻ ആരോടെങ്കിലും വല്ലതും കൽപിച്ചിട്ടുണ്ടെങ്കിൽ അതെന്റെ വ്യക്തിപരമായ കാര്യത്തിനുവേണ്ടിയായിരുന്നില്ല. അല്ലാഹുവിന്റെ കൽപനയാണെന്നു മനസ്സിലാക്കിയാണു ഞാനത് ചെയ്തത്. അതായത് നമസ്ക്കാരം അതിന്റെ നിബന്ധനകളോടുകൂടി അനുഷ്ഠിക്കുവിൻ. അതൊരിക്കലും ഉപേക്ഷിക്കരുത്. അല്ലാഹുവിന്റെ തഖ്‌വാ കൈകൊള്ളുവിൻ, ദുആ ചെയ്തു കൊണ്ടിരിക്കുവിൻ, കലഹിക്കരുത് മുതലായവ. കലഹം കൊണ്ട് എപ്പോഴും നഷ്ടം മാത്രമേ ഉണ്ടാവുകയുള്ളു. കലഹവും ശണ്ഠയും ഉണ്ടാവുകയാണെങ്കിൽ തന്നെ നിങ്ങൾ മൗനം പാലിക്കുകയും അതിൽ നിന്നു വിട്ടു നിൽക്കുകയുമാണു വേണ്ടത്. തങ്ങളുടെ ശത്രുക്കൾക്കു വേണ്ടിയും ദുആ ചെയ്യേണ്ടതാണു. എന്നിട്ടു പറഞ്ഞു ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർ റസൂലുല്ലാഹ് എന്ന കലിമ എപ്പോഴും ഉരുവിട്ടു കൊണ്ടിരിക്കുവിൻ. ഖുർആൻ ധാരാളമായി പാരായണം ചെയ്യുകയും അല്ലാഹുവിന്റെ വിധി വിലക്കു കളനുസരിച്ചു ജീവിതം ചിട്ടപ്പെടുത്തുകയും ചെയ്യുവിൻ. ഹുസൂർ ഇതു പറഞ്ഞു നിർത്തിയപ്പോൾ ഇതു ഹുസൂറിന്റെ വസിയ്യത്താണെന്നു എഴുതിക്കോട്ടെയെന്നു ഡോക്ടർ യഅ്ഖൂബ് ബേഗ് സാഹിബ് ചോദിച്ചു. അപ്പോൾ അതെ അങ്ങനെ എഴുതിക്കോളൂ എന്നു ഹുസൂർ മറുപടി പറയുകയുണ്ടായി.

രുന്നില്ല. അല്ലാഹുവിന്റെ കൽപന യാണെന്നു മനസ്സിലാക്കിയാണു ഞാനത് ചെയ്തത്. അതായത് നമസ്ക്കാരം അതിന്റെ നിബന്ധനക ളോടു കൂടി അനുഷ്ഠിക്കുവിൻ. അതൊരിക്കലും ഉപേക്ഷിക്കരുത്. അല്ലാഹുവിന്റെ തഖ്‌വാ കൈകൊ ള്ളുവിൻ, ദുആ ചെയ്തു കൊണ്ടിരി ക്കുവിൻ കലഹിക്കരുത് മുതലായ വ. കലഹം കൊണ്ട് എപ്പോഴും നഷ്ടം മാത്രമേ ഉണ്ടാവുകയുള്ളു. കലഹവും ശണ്ഠയും ഉണ്ടാവുക യാണെങ്കിൽ തന്നെ നിങ്ങൾ മൗനം പാലിക്കുകയും അതിൽ നിന്നു വിട്ടു നിൽക്കുകയുമാണു വേണ്ടത്. തങ്ങളുടെ ശത്രുക്കൾക്കു വേണ്ടി യും ദുആ ചെയ്യേണ്ടതാണു. എന്നിട്ടു പറഞ്ഞു ലാഇലാഹ ഇല്ലലാഹ് മുഹമ്മദുർ റസൂലുല്ലാഹ് എന്ന കലിമ എപ്പോഴും ഉരുവിട്ടു കൊണ്ടിരിക്കുവിൻ. ഖുർആൻ ധാരാളമായി പാരായണം ചെയ്യുക യും അല്ലാഹുവിന്റെ വിധി വിലക്കു കളനുസരിച്ചു ജീവിതം ചിട്ടപ്പെടു ത്തുകയും ചെയ്യുവിൻ. ഹുസൂർ ഇതു പറഞ്ഞു നിർത്തിയപ്പോൾ ഇതു ഹുസൂറിന്റെ വസിയ്യത്താ ണെന്നു എഴുതിക്കോട്ടെയെന്നു ഡോക്ടർ യഅ്ഖൂബ് ബേഗ് സാഹിബ് ചോദിച്ചു. അപ്പോൾ അതെ അങ്ങനെ എഴുതിക്കോളൂ എന്നു ഹുസൂർ മറുപടി പറയുക യുണ്ടായി. മറ്റൊരവസരത്തിൽ ഹുസൂർ പറഞ്ഞു ചുരുങ്ങിയ വാക്കുകകളിൽ എന്റെ ഏറ്റവും വലിയ ആഗ്രഹം ഖുർആൻ മുഴുലോകത്തിന്റേയും നിയമസം ഹിതയായത്തീരണമെന്നും ഭരണ പരമായ എല്ലാ കാര്യങ്ങളും അതനുസരിച്ചായിരിക്കണമെന്നുമാണ്. (ബദർ. 1911 ഏപ്രിൽ 27 പേജ് 1 കോളം 1)

ഒരിക്കൽ ഹദ്റത്ത് ശേഖ് ഇർഫാൻ അലി സാഹിബ്(റ) ഹുദൂറിനോട് പറഞ്ഞു ഹുദൂറിനു പറ്റിയ ഈ അപകടവും തുടർന്നു ള്ള വേദനയും അസുഖങ്ങളും എല്ലാം തന്നെ ഞങ്ങളെയെല്ലാം അഗാധ ദു:ഖത്തിലാഴ്ത്തിയിരിക്കു കയാണ്. എന്നാൽ ഇതിലൂടെ മഹത്തായ ഒരു ദൈവിക ദൃഷ്ടാ ന്തം പൂർത്തിയായി എന്നതിൽ സന്തോഷവുമുണ്ട്. അപ്പോൾ ഹുദൂർ പറഞ്ഞു ഇത് ഇത്ര മഹത്തായ ഒരു ദൃഷ്ടാന്തമല്ലായിരു ന്നുവെങ്കിൽ ഹദ്റത്ത് സാഹിബിനു ഇത്രയേറെ വർഷങ്ങൾക്കു മുമ്പ് അല്ലാഹു കാണിച്ചു കൊടുക്കുകയി ല്ലായിരുന്നുവല്ലോ?

ഹുദൂർ രോഗഗ്രസ്ഥനായി കിടപ്പിലായ അവസരത്തിൽ ഹുസൂ റിനു അച്ചാർ കഴിക്കണമെന്നു വലിയ ആഗ്രഹമുണ്ടായി. അതറി ഞ്ഞ നമ്മുടെ ജമാഅത്തിലെ സഹോദരന്മാരിൽ ചിലർ പലതരം അച്ചാർ ഉണ്ടാക്കി കൊണ്ടു വന്നു ഹുദൂറിനു മുന്നിൽ നിരത്തി. അതു കണ്ടപ്പോൾ ഹുദൂർ പറഞ്ഞു എനിക്കു വേണ്ടി എന്റെ അല്ലാഹു എല്ലാം തന്നെ തയ്യാറാക്കിയിട്ടുണ്ട്. ഞാൻ ഏതൊരു വസ്തു ആഗ്രഹി ച്ചാലും അല്ലാഹു എനിക്കു വേണ്ടി അതു സജ്ജമാക്കുന്നു. അവനെ ന്തൊരു കാരുണ്യവാനും കൃപാലു വുമാണ്.

മറ്റൊരവസരത്തിൽ അക്ബർ ശാഹ് ഖാൻ സാഹിബ് നജീബ് ആബാദി ഹുദൂറിനെ കാണാനായി വന്നപ്പോൾ ഹുദൂറിനോട് പറഞ്ഞു ഇന്നത്തെ യോഗത്തിൽ ഹുദൂറിന്റെ മകൻ അബ്ദുൽ ഹൈയ് സാഹിബ് തഖ്‌വയെ കുറിച്ചു വളരെ നല്ലൊരു പ്രസംഗം ചെയ്യുകയുണ്ടായി. അതു കേട്ടയുടനെ എഴുന്നേറ്റു ഇരുന്നു എന്നിട്ടു സജദ ശുക്കർ ചെയ്ത് ദീഘമായി ദുആ ചെയ്തു കൊണ്ടിരുന്നു. അതിനു ശേഷം ഹുദൂർ പറഞ്ഞു എനിക്കു ബലഹീനത നിമിത്തം എഴുന്നേറ്റിരി ക്കാൻ വയ്യ. പക്ഷേ, അക്ബർ ശാഹ് ഖാൻ കേൾപിച്ച സന്തോഷവാർത്ത കാരണം ഞാൻ എഴുന്നേറ്റിരുന്നു പോയി.

## ഭാവി ഖലീഫയും വസീയത്തും

കുതിരപ്പുറത്തു നിന്നു വീണു അവശനും രോഗഗ്രസ്തനുമായ പ്പോൾ താൻ പെട്ടെന്നു മരിച്ചു പോകുമോ എന്നു ഹുദൂർ സംശയി ച്ചിരുന്നു. അങ്ങനെയാണെങ്കിൽ അല്ലാഹുവിനാൽ സ്ഥാപിതമായ ഈ ജമാഅത്തിൽ സ്ഥാപിത തൽപരരും അധികാരമോഹികളു മായ ഒരു കൂട്ടം ആളുകളിൽ നിന്നും ജമാഅത്തിനെ രക്ഷിച്ചു ജമാഅത്തിൽ ഐക്യവും സ്നേഹ വും പരസ്പര ധാരണയും നില നിർത്തേണ്ടത് അത്യാവശ്യമാണെ ന്നും ഖിലാഫത്ത് വ്യവസ്ഥിതി തുടർന്നു പോകേണ്ടത് അനിവാര്യ മാണെന്നും ഹുദൂർ ദൃഢമായി വിശ്വസിച്ചിരുന്നു. അതിനാൽ ഹുദൂർ അപകടം പിണഞ്ഞു ഒന്നു രണ്ടു ദിവസത്തിനകം തന്നെ ജമാഅത്തിലെ ചിലരെ വിളിച്ചു ചേർത്തു കൊണ്ട് പറഞ്ഞു. നോക്കൂ ഞാനിപ്പോൾ ശരിയായ ബോധത്തിലാണുള്ളത്. എന്റെ ഓർമശക്തിയും നശിച്ചിട്ടില്ല. ഞാൻ നിങ്ങൾക്കായി ഒരു വസിയ്യത്ത് എഴുതാൻ ആഗ്രഹിക്കുന്നു. നിങ്ങൾ എന്നെ ചികിത്സിക്കുന്ന ഡോക്ടർമാരേയും നവാബ് ഖാൻ സാഹിബിനേയും, സാഹിബ് സാദാ മിയാ മഹ്മൂദ് അഹ്മദ് സാഹിബി നേയും മറ്റു സഹോദരങ്ങളേയും വിളിച്ചു കൂടിയാലോചിച്ചു കൊള്ളു. എന്നാൽ ജമാഅത്തിലെ സഹോദര ന്മാർ അതു സംബന്ധിച്ചു ഹുദൂറി നു മറുപടി ഒന്നും നൽകിയില്ല. ഹുദൂർ ഈ കാര്യം തന്നെ വീണ്ടും ചോദിക്കുകയാണെങ്കിൽ ഹുദൂറി ന്റെ ആരോഗ്യം മെച്ചപ്പെട്ടു കൊണ്ടിരിക്കുകയാണെന്നും പുരോ ഗതിയുണ്ടെന്നും ആശങ്കപ്പെടേണ്ട തില്ലെന്നും പറയുന്നതോടൊപ്പം ബാക്കി കാര്യങ്ങൾ ഹുദൂറിന്റെ തീരുമാനപ്രകാരം ചെയ്യാമെന്നും ഹുദൂറിനോടു പറയാൻ തീരുമാനി ച്ചു.

എന്നാൽ ഏതാനും ദിവസ ങ്ങൾക്കകം ഹുദൂറിന്റെ അസുഖ വും അവശതയും വർദ്ധിക്കുകയും ആരോഗ്യം പെട്ടെന്നു ക്ഷയിക്കുക യും ചെയ്തപ്പോൾ ഹുദൂർ ഏറെ ക്കുറേ അർദ്ധരാത്രി കടലാസ്സും

പേനയും ആവശ്യപ്പെടുകയും എനിക്കു ചിലത് എഴുതാനുണ്ടെന്നു പറയുകയും ചെയ്തു. പേനയും കടലാസ്സും കൊണ്ടു വന്നപ്പോൾ ഹുദൂർ തന്റെ വളരെയടുത്ത ശിഷ്യനായ ശേഖ് തൈമൂർ സാഹിബ് എം.എ മാത്രം അവിടെ മുറിയിൽ നിർത്തി ബാക്കിയെല്ലാവരോടും മുറിയിൽ നിന്നും പുറത്തു പോകാൻ കൽപിച്ചു. അതിനു ശേഷം ഒരു കടലാസ്സിൽ ഹുദൂർ സ്വന്തമായി ചിലത് എഴുതി. താഴെ ഒപ്പിട്ടു. പിന്നീട് അതൊരു കവറിലിട്ടു ഒട്ടിച്ചു. മറ്റൊരു കടലാസ്സിലും ചിലത് എഴുതിയ ശേഷം അതിനു താഴെ തൈമൂർ സാഹിബിനെ കൊണ്ടും ചിലത് എഴുതിച്ചു. ശേഷം ഹുദൂർ അതിലും ഒപ്പു വച്ചു. പിന്നീടു അതും ഒരു കവറിലിട്ടു ഒട്ടിച്ച ശേഷം രണ്ടു കവറും തൈമൂർ സാഹിബിനെ ഏൽപിച്ചിട്ടു പറഞ്ഞു ഇതിൽ ഞാനൊരാളുടെ പേരെഴുതിയിട്ടുണ്ട്. ഞാൻ മരിച്ചാൽ അദ്ദേഹത്തിന്റെ കൈയിൽ ബൈഅത്തു ചെയ്യണം.

ഈ വസിയ്യത്ത് എന്തായിരുന്നു? മൗലവി മുഹമ്മദ് അലി സാഹിബ് ഹഖീഖത്തെ ഇഖ്തിലാഫ് (ഭിന്നിപ്പിന്റെ യാഥാർഥ്യം) എന്ന തന്റെ പുസ്തകത്തിൽ എഴുതുകയാണ് ഖലീഫത്തുൽ മസീഹ് തന്റെ ആദ്യരോഗാവസ്ഥയിൽ ഒരു വസീയ്യത്ത് എഴുതി തന്റെ ഒരു വിശ്വസ്തനെ ഏൽപിച്ചിട്ടുണ്ടായിരുന്നു. എനിക്കു ലഭിച്ച വളരെ വിശ്വാസയോഗ്യമായ വിവരമനുസരിച്ചു അതിൽ തനിക്കു ശേഷം ഖലീഫയാകുന്നതിനായി മിയാ സാഹിബിന്റെ പേര് നിർദേശിച്ചിട്ടുണ്ടായിരുന്നു. പിന്നീട് ആ കവറുകൾ ഒട്ടിച്ച അവസ്ഥയിൽ തന്നെ നശിപ്പിക്കുകയുണ്ടായി.

ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് നിവേദനം ചെയ്യുന്നു. ഹുദൂർ രാത്രി വളരെ വൈകിയാണു കടലാസ്സും പേനയും ആവശ്യപ്പെട്ടത്. ഒരു കടലാസ്സിൽ രണ്ട് വാക്കുകൾ മാത്രമാണു എഴുതിയിരുന്നത്. ഖലീഫ മഹ്മ്മൂദ്. ആ കടലാസ്സ് ഒരു കവറിലിട്ട് സൂക്ഷിക്കാനായി തന്റെ ഒരു ശിഷ്യനെ ഏൽപിക്കുകയും തന്റെ മരണശേഷം മാത്രമേ അതു തുറക്കാൻ പാടുള്ളു എന്നു നിർദേശിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ആ ശിഷ്യൻ മുഖേന ആ കടലാസ്സിലെ ഉള്ളടക്കം പലരും അറിഞ്ഞിരുന്നു. പിന്നീട് ഹുദൂറിന്റെ അസുഖം ഭേദമാവുകയും ആരോഗ്യം വീണ്ടെടുക്കുകയും ചെയ്തപ്പോൾ ഹുദൂർ ആ കവർ തിരിച്ചു വാങ്ങി നശിപ്പിച്ചു. അന്നു വസിയ്യത്ത് എഴുതാൻ ഉപയോഗിച്ച പ്രസ്തുത പേന വിനീതന്റെ കയ്യിൽ ഇപ്പോഴും ഭദ്രമായി ഇരിപ്പുണ്ട്. ഹുദൂർ 1914ൽ തന്റെ മരണത്തിനു മുമ്പ് ഇത്തരത്തിലുള്ള ഒരു വസിയ്യത്ത് എഴുതിയിട്ടുണ്ടായിരുന്നില്ല. അതിനു ശേഖ് തൈമൂർ സാഹിബ് പറയുന്ന കാരണം ആദ്യഘട്ടത്തിൽ ജമാഅത്തിലുള്ളവർ ഹദ്റത്ത് സാഹിബ് സാദാ സാഹിബിനെ വേണ്ടവിധം മനസ്സിലാക്കിയിരുന്നില്ല. പക്ഷേ, പിന്നീട് ജമാഅത്ത് മിയാ സാഹിബിനെ വേണ്ട വിധം മനസ്സിലാക്കിയെന്നു ഹുദൂറിനു ബോദ്ധ്യം വന്നതു കൊണ്ടാണ് അത്തരത്തിൽ ഒരു വസിയ്യത്ത് എഴുതാതിരുന്നത്.

സാഹിബ് സാദാ മിയാ മഹ്മൂദ് അഹ്മദ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ പിൻഗാമിയാകണമെന്നും ഖലീഫയായി തെരഞ്ഞെടുക്കപ്പെടണമെന്നുമായിരുന്നു എന്റെ ഇച്ഛയെന്നും ആ ഒരു ഉദ്ദേശ്യത്തിലാണു അദ്ദേഹത്തിന്റെ പഠനകാര്യത്തിൽ ഞാൻ വളരെയധികം ശ്രദ്ധ കാണിച്ചതെന്നും ഹുസൂർ ഖലീഫത്തുൽ മസീഹായി തെരഞ്ഞെടുക്കപ്പെട്ട ശേഷം ചെയ്ത ആദ്യ ഖുത്തുബയിൽ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അല്ലാഹുവിന്റെ ഇംഗിതം മറ്റൊന്നാവുകയും ഹുസൂറിനെ തന്നെഖിലാഫത്തിന്റെ മേലങ്കി അണിയിക്കുകയും ചെയ്തപ്പോൾ ഹുസൂറിന്റെ ദൃഷ്ടി ഭാവി ഖലീഫയായി സാഹിബ് സാദാ മിയാ മഹ്മൂദ് അഹ്മദ് സാഹിബിൽ പതിയാൻ തുടങ്ങി. ഖലീഫയായിരുന്നിട്ടും ഹുസൂർ മിയാ സാഹിബിനോടു ഒരു പ്രത്യേക ആദരവു ബഹുമാനവും കാണിച്ചിരുന്നു.

ആരോഗ്യം വീണ്ടെടുത്ത ശേഷം വസിയ്യത്തെഴുതിയ കവറുകൾ നശിപ്പിച്ചെങ്കിലും ഹുദൂർ തന്റെ മരണം വരെ പല രീതിയിൽ തനിക്കു ശേഷം മിയാ മഹ്മ്മൂദ് സാഹിബ് ഖലീഫയായിരിക്കുമെന്നു ജമാഅത്തിൽ വെളിപ്പെടുത്താറുണ്ടായിരുന്നു. ഒരിക്കൽ ഖാസി റഹ്മത്തുല്ലാഹ് സാഹിബ് താൻ കണ്ട ഒരു സ്വപ്നം ഹുസൂറിനെ എഴുതി അറിയിച്ചപ്പോൾ അതിന്റെ മറുപടിയിൽ മിയാ മഹ്മ്മൂദ് അഹ്മദ് സാഹിബ് തനിക്കു ശേഷം ഖലീഫയായിരിക്കുമെന്നു അദ്ദേഹത്തെ എഴുതി അറിയിക്കുകയുണ്ടായി. ഹുദൂർ പറയുകയാണ് മഹ്മ്മൂദിനെ കുറിച്ചു എനിക്കു മുമ്പിൽ എത്ര തന്നെ ആവലാതികളും പരാതികളും ബോധിപ്പിച്ചാലും ഞാനതിനു വില കൽപിക്കാറില്ല. കാരണം ഞാൻ മഹ്മ്മൂദിൽ കാണുന്നത് ഈ പരാതി ബോധിപ്പിക്കുന്നവർ കാണാറില്ല. ഈ ചെറുപ്പക്കാരൻ ഒരു വലിയ മഹാനായിത്തീരും. അവനെ കൊണ്ട് അല്ലാഹു അതിമഹത്തായ പല കാര്യങ്ങളും ചെയ്യിക്കും.

1912 ഡിസംബർ ഒന്നാം തിയ്യതി അസർ നമസ്ക്കാരാനന്തരം ഖുർആൻ ദറസിൽ സൂറ അഅ്റാഫിലെ

وَلَقَدْ أَخَذْنَا آلَ فِرْعَوْنَ بِالسِّنِينَ وَنَقْصٍ
مِنَ الثَّمَرَاتِ لَعَلَّهُمْ يَذَّكَّرُونَ

(ഖുർആൻ 7: 131) എന്ന ആയത്തിന്റെ തഫ്സീർ വിവരിച്ചു കൊണ്ട് ഹുദൂർ പറഞ്ഞു ഹദ്റത്ത് മൂസ്സാ (അ)ന്റെ ജനത യ്ക്കു അല്ലാഹു അതിമഹത്തായ വിജയങ്ങൾ നൽകുമെന്നു വാഗ്ദാനം നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ജനങ്ങൾ കാണിച്ച അനുസരണക്കേടു നിമിത്തം ആ വാഗ്ദാനം പൂർത്തിയാകുന്നത്

നാൽപതു വർഷം അല്ലാഹു വൈകിച്ചു. ഇതു പോലെ ഹദ്റത്ത് മസീഹ് മൗഊദി(അ)നോടും അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ട്. തീർച്ചയായും അതു പൂർത്തിയാവുക തന്നെ ചെയ്യും. എന്നാൽ നിങ്ങളുടെ അവിനയസ്വഭാവവും ധിക്കാരവും നിമിത്തം അല്ലാഹു അതു താമസിപ്പിച്ചിരിക്കുകയാണ്. ഇൻശാ അല്ലാഹ് ഇന്നു മുതൽ മുപ്പത് വർഷങ്ങൾക്കു ശേഷം 1944ൽ ഹദ്റത്ത് മസീഹ് മൗഊദി (അ)ന്റെ വാഗ്ദത്ത പുത്രനെ കുറിച്ചുള്ള പ്രവചനം അതായത് രണ്ടാം ശക്തി പ്രഭാവം വെളിപ്പെടുകയും അദ്ദേഹത്തിലൂടെ ജമാഅത്തിന്റെ വിജയങ്ങളുടെ അടഞ്ഞു കിടക്കുന്ന വാതിലുകൾ തുറക്കപ്പെടുമെന്നു തന്നേയാണു ഞാൻ പ്രതീക്ഷിക്കുന്നത് എന്നു പറയുകയുണ്ടായി. ആ വാഗ്ദത്ത പുത്രൻ ഞാൻ തന്നേയാണെന്നു അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നുവെന്നു 1944ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്ലിഹ് മൗഊദ്(റ) പ്രഖ്യാപിക്കുകയുണ്ടായി.

1913 സെപ്തംബർ 8-ാം തീയതി ഹദ്റത്ത് പീർ മൻസൂർ മുഹമ്മദ് സാഹിബ് ഹുസൂറിന്റെ സന്നിധിയിൽ വന്നു. സംസാരമദ്ധ്യേ, അദ്ദേഹം പറഞ്ഞു ഹദ്റത്ത് മസീഹ് മൗഊദി (അ)ന്റെ വിജ്ഞാപനങ്ങൾ വായിച്ചതിലൂടെ വാഗ്ദത്ത പുത്രൻ ഹദ്റത്ത് മിയാ സാഹിബ് തന്നേയാണെന്നാണു എനിക്കു മനസ്സിലാകുന്നത് എന്നു പറയുകയുണ്ടായി. അതു കേട്ടപ്പോൾ ഹുദൂർ പറഞ്ഞു നമുക്കത് വളരെ മുമ്പു തന്നെ അറിയാമായിരുന്നു. നാം ഹദ്റത്ത് മിയാ സാഹിബിനെ ഏതു രീതിയിലാണു കാണുന്നതെന്നും എത്ര ആദരവോടെയാണു അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തുന്നതെന്നും നിങ്ങൾ കണ്ടിട്ടില്ലേ? അതൊക്കെ തന്നെ മിയാ സാഹിബിൽ ഒരു ഭാവി പരിഷ്കർത്താവിനെ കണ്ടെത്തിയതിനാലാണ്. ഒരിക്കൽ മസ്ജിദ് മുബാറക്കിൽ നമസ്ക്കാരശേഷം ഒരാൾ ഹുദൂറിന്റെ അടുക്കൽ വന്നു ഹസ്തദാനം ചെയ്തു. അപ്പോൾ ഹുദൂർ അദ്ദേഹത്തോടു പറഞ്ഞു മിയാ സാഹിബിനോടും ഹസ്തദാനം ചെയ്തോളൂ. കാരണം നമുക്കു ശേഷം അദ്ദേഹത്തിന്റെ കയ്യിൽ നിങ്ങൾക്കു ബൈഅത്തു ചെയ്യേണ്ടി വന്നേക്കാം. ഹുദൂറിന്റെ അടുക്കൽ വന്നു ഖുർആൻ പഠിക്കാറുണ്ടായിരുന്ന ഹദ്റത്ത് മിർസാ ബശിർ അഹ്മദ് സാഹിബിനോട് എന്റെ ജീവിതകാലത്തു ഖുർആൻ പഠനം മുഴുവിക്കാൻ സാധിച്ചില്ലെങ്കിൽ ബാക്കി മിയാ സാഹിബിന്റെ അടുക്കൽ ചെന്നു പഠിച്ചാൽ മതിയെന്നു നിർദേശിച്ചിരുന്നു.

1914 ജനുവരി 8-ാം തീയതി ഹുദൂർ ഹദീസ് ഗ്രന്ഥമായ മസ്നദ് അഹ്മദ് ബിൻ ഹംബലിന്റെ ക്ലാസ്സ് എടുക്കുകയായിരുന്നു. ക്ലാസ്സിൽ ധാരാളം പേർ ഉണ്ട്. ആ അവസരത്തിൽ ഹുദൂർ പറഞ്ഞു മസ്നദ് അഹ്മദ് ബിൻ ഹംബൽ ഹദീസ് ഗ്രന്ഥങ്ങളിൽ വളരെ വിശ്വാസയോഗ്യമായ ഗ്രന്ഥമാണു. അതിനു ബുഖാരിയുടെ സ്ഥാനമുണ്ട്. എന്നാൽ വ്യസനകരമെന്നു പറയട്ടെ ഇമാം അഹ്മദ് ബിൻ ഹംബലിന്റെ മകനും ഒരു ശിഷ്യനും മുഖേന ചില അവിശ്വസനീയ റിവായത്തുകൾ ഇതിൽ ചേർന്നു പോയിട്ടുണ്ട്. അത്തരത്തിലുള്ള റിവായത്തുകളെ മാറ്റി മൂലഗ്രന്ഥത്തെ അതേപടി നിലനിർത്തണമെന്നു ഞാൻ വളരെയധികം ആഗ്രഹിച്ചിരുന്നു. ദു:ഖകരമെന്നു പറയട്ടെ ആ ജോലി വേണ്ടവിധം എനിക്കു പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. അല്ലാഹു സഹായിച്ചാൽ മിയാ സാഹിബിന്റെ കാലത്തു അതു പൂർത്തിയാകും. ഇത്തരം സംഭവങ്ങളിൽ നിന്നെല്ലാം തന്നെ ഹുദൂർ തന്റെ വഫാത്തിനു ശേഷം ഖിലാഫത്തു വ്യവസ്ഥിതി തുടരുമെന്നും ഹദ്റത്ത് മിയാ സാഹിബ് രണ്ടാം ഖലിഫയായി തെരഞ്ഞെടുക്കപ്പെടുമെന്നും അല്ലാഹു നൽകിയ അറിവനുസരിച്ചു മനസ്സിലാക്കിയിരുന്നു എന്നു നമുക്കു പറയുവാൻ സാധിക്കും.

ഹുസൂർ ഖാദിയാനിൽ നിന്നും പുറത്തു പോകുമ്പോൾ മിയാ സാഹിബിനെ അമീർ മുഖാമിയായി (പ്രാദേശിക അമീറായി) നിശ്ചയിച്ചിരുന്നു. മറ്റു പല കമ്മിറ്റികളുടേയും ചുമതല സാഹിബ് സാദാ സാഹിബിനു നൽകിയിരുന്നു. ഹുസൂർ കുതിരപ്പുറത്തു നിന്നും വീണ ശേഷം നമസ്ക്കാരത്തിൽ ഇമാമായി നിശ്ചയിച്ചതും ഹദ്റത്ത് മിർസാ മഹ്മൂദ് അഹ്മദ് സാഹിബിനെ തന്നേയായിരുന്നു. ഈ അവസരത്തിൽ ഹുസൂറിനെ കാണാനായി ഒരിക്കൽ ഹദ്റത്ത് മിയാ സാഹിബ് വന്നപ്പോൾ അദ്ദേഹത്തോടു തന്റെ തലയിൽ കൈ വച്ചു ദുആ ചെയ്യുവാനായി ഹുസൂർ ആവശ്യപ്പെടുകയുണ്ടായി. അപ്രകാരം മിയാ സാഹിബ് ഹുസൂറിന്റെ തലയിൽ കൈ വച്ചു ദുആ ചെയ്തു. ഇതിൽ നിന്നും മിയാസാഹിബിനോടു എത്രമാത്രം ഹുദൂർ ആദരവു പ്രകടിപ്പിച്ചിരുന്നുവെന്ന് നമുക്കു മനസ്സിലാക്കാം. ഹുസൂറിന്റെ അവസാനകാല രോഗാവസ്ഥയിലും ഹുസൂർ മിയാ സാഹിബിനെ തന്നെയായിരുന്നു ഇമാമുസ്വലാത്തായി നിശ്ചയിച്ചിരുന്നത്. ഈ കാര്യത്തിൽ പതിഞ്ഞ സ്വരത്തിൽ ജമാഅത്തിൽ പലരും ആക്ഷേപം ഉന്നയിച്ചിരുന്നു. ഒരിക്കൽ ഹദ്റത്ത് ഹാഫിസ് റോശൻ അലി സാഹിബിനോടു മൗലവി മുഹമ്മദ് അലി സാഹിബ് പറഞ്ഞു താങ്കൾക്കു ഖലീഫത്തുൽ മസീഹുമായി നല്ല ബന്ധമാണുള്ളത്. അതുകൊണ്ട് ജമാഅത്തിൽ വലിയ വലിയ ആലിമീങ്ങളും പണ്ഡിതരും ഉള്ളപ്പോൾ മിയാ സാഹിബിനെ ഇമാമുസ്സ്വലാത്താക്കുന്നത് ഉചിതമല്ലെന്നു എന്റെ പേരു പറയാതെ ഹുസൂറിനോടു പറയണമെന്നു ആവശ്യപ്പെടുകയുണ്ടായി. ഹദ്റത്ത് റോശൻ അലി സാഹിബ് പറയുകയാണ് ഞാൻ ഈ സന്ദേശം അദ്ദേഹത്തിന്റെ പേരു പറയാ

തെ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ സന്നിധിയിൽ അവതരിപ്പിച്ചു. അപ്പോൾ ഹുസൂർ പറഞ്ഞു إِنَّ أَكْرَمَكُمْ عِندَ اللَّهِ أَتْقَاكُمْ (തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ വച്ചേറ്റവും ബഹുമാന്യൻ, നിങ്ങളിൽ വച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു ? ഖുർആൻ 49:14 ) തുടർന്നു ഹുദൂർ പറഞ്ഞു, മിയാ മഹ്മൂദിനെ പോലെയുള്ള ഒരു മുത്ത്ഖിയെ എനിക്കു വേറെ കാണാനാവുന്നില്ല അതു കൊണ്ടാണു ഞാനങ്ങനെ ചെയ്യുന്നത്. ശേഷം സ്വയം തന്നെ പറഞ്ഞു നമസ്ക്കരിപ്പിക്കാനായി മൗലവി മുഹമ്മദ് അലി സാഹിബിനെ നിശ്ചയിക്കണമെന്നാണോ താങ്കൾ പറയുന്നത്?

ഒരിക്കൽ ഹുദൂർ ജുമുഅ ഖുതുബ നൽകിക്കൊണ്ട് പറഞ്ഞു ഞാനിന്നു നിങ്ങളുടെ മുന്നിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നു. അതു നിങ്ങൾക്കു മുന്നിൽ പറയാതിരിക്കാൻ ഞാൻ വളരെ ശ്രമിച്ചിട്ടും എനിക്കാവുന്നില്ല. ഞാൻ ഹദ്റത്ത് ഖ്വാജാ സുലൈമാൻ റഹ്മത്തുല്ലാഹി അലൈഹിയെ കണ്ടിട്ടുണ്ട്. അദ്ദേഹത്തിനു ഖുർആൻ മജീദുമായി അഗാധബന്ധമാണുണ്ടായിരുന്നത്. എനിക്കു അദ്ദേഹത്തോടു വലിയ സ്നേഹമായിരുന്നു. അദ്ദേഹം തന്റെ ഇരുപത്തിരണ്ടാമത്തെ വയസ്സിലാണു ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടത്. എഴുപത്തിയെട്ടു വയസ്സു വരെ അദ്ദേഹം ആ സ്ഥാനത്തു തുടർന്നു. ഞാനീ കാര്യം ഒരു പ്രത്യേക ഉദ്ദേശ്യം മുൻ നിർത്തി നിങ്ങളുടെ നന്മയ്ക്കു വേണ്ടിയാണു പറയുന്നത്. ഇവിടേയും ഹുദൂർ ഹദ്റത്ത് മിയാ സാഹിബിന്റെ ഖിലാഫത്തിനെ കുറിച്ചാണു വ്യംഗ്യമായി സൂചിപ്പിക്കുന്നത് എന്നത് വ്യക്തമാണ്. ഹുദൂർ വിവരിച്ച ഈ കാര്യത്തിന്റെ അർഥം ഹദ്റത്ത് മിയാ സാഹിബ് കൃത്യം തന്റെ ഇരുപത്തി രണ്ടാമത്തെ വയസ്സിൽ ജമാഅത്തിന്റെ രണ്ടാം ഖലീഫയായി തെരഞ്ഞെടുക്കപ്പെടുമെന്നും എഴുപത്തെട്ടു വയസ്സു വരെ തുടരുമെന്നുമാണെന്നു ധരിക്കരുത്. ഹദ്റത്ത് മിയാ സാഹിബ് ഖ്വാജാ സുലൈമാൻ റഹ്മത്തുല്ലാഹി അലൈഹിയെ പോലെ ചെറിയ വയസ്സിൽ ഖലീഫയായി അദ്ദേഹത്തെ പോലെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദീർഘകാലം ഖലീഫയായി തുടരും എന്നു മാത്രമേ ഹുദൂർ പറഞ്ഞതിനു അർഥമുള്ളു. ഇത്തരത്തിലുള്ള അനേകം സംഭവങ്ങളിലൂടെ തനിക്കു ശേഷം അടുത്ത ഖലീഫ ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബായിരിക്കുമെന്നു ഹുദൂർ ദൃഢമായി വിശ്വസിക്കുകയും പല രീതിയിലും ഭാവത്തിലും അതു ജമാഅത്തിൽ പറയുകയും തന്റെ ആ അഭിപ്രായവും പ്രതീക്ഷയും പ്രകടിപ്പിക്കുകയും ചെയ്തിരുന്നു.

## ഹുദൂറിന്റെ അസുഖവും ഖിലാഫത്ത് വിരോധികളുടെ ചെയ്തികളും

ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് വിവരിക്കുകയാണ് 1910 ന്റെ അവസാനത്തിൽ ഹുദൂർ കുതിരപ്പുറത്തു നിന്നും വീണതിനാൽ ഏതാനും ദിവസം ഹുദൂറുന്റെ സ്ഥിതി അതീവ ഗുരുതരമായിരുന്നു. ആ അവസരത്തിൽ ഹുദൂർ തന്നെ ഡോക്റ്റർ മിർസാ യഅ്ഖൂബ് ബേഗ് സാഹിബിനെ വിളിച്ചിട്ടു പറഞ്ഞു എനിക്കു അൽപം പോലും മരണഭയമില്ല. എന്റെ ചികിത്സകനെന്ന നിലയിൽ താങ്കൾ എന്റെ ആരോഗ്യനില ആശങ്കാകുലമാണെന്നു കാണുന്നുവെങ്കിൽ ആ കാര്യം എന്നോടു തുറന്നു പറയാൻ മടിക്കരുത്. കാരണം എന്റെ ആരോഗ്യനില ശരിയല്ലെങ്കിൽ എനിക്കു ജമാഅത്തിനു ചില വസിയ്യത്ത് എഴുതി നൽകാനുണ്ട്. ജമാഅത്തിനുള്ള ഹുദൂറിന്റെ അവസാന നിർദേശങ്ങൾ എന്ന നിലയിൽ ഹുദൂർ എഴുതുന്നത് ഖിലാഫത്തു നിഷേധികളെ സംബന്ധിച്ചിടത്തോളം അഭികാമ്യമല്ല. അതവർക്കു ദോഷം ചെയ്യും. അതിനാൽ ഡോക്റ്റർ മിർസാ യഅ്ഖൂബ് ബേഗ് സാഹിബ് പറഞ്ഞു അത്തരത്തിൽ താങ്കളുടെ ആരോഗ്യ സ്ഥിതി മോശമായിട്ടൊന്നുമില്ല. അങ്ങനെ വല്ലതും ഉണ്ടെങ്കിൽ താങ്കളെ അറിയിക്കാതിരിക്കില്ല.

ഹദ്റത്ത് മിയാ സാഹിബ് തുടർന്നു പറയുകയാണ് ഡോക്റ്റർ മിർസാ യഅ്ഖൂബ് ബേഗ് സാഹിബ് ഹുദൂറിന്റെ അടുക്കൽ നിന്നും ഇറങ്ങിയ ഉടനെ ഖിലാഫത്തു വിരുദ്ധരുമായി ഒരു കൂടിയാലോചന നടത്തി. അതിനു ശേഷം ഡോക്റ്റർ യഅ്ഖൂബ് ബേഗ് സാഹിബ് ഉച്ച നേരത്തു എന്റെ അടുക്കൽ വന്നിട്ടു പറഞ്ഞു ഒരു കാര്യം ആലോചിക്കാനുണ്ടായിരുന്നു. അതിനാൽ താങ്കൾ ഉടനെ മൗലവി മുഹമ്മദ് അലി സാഹിബിന്റെ വീട്ടിൽ എത്തിച്ചേരണം. അവർ എന്റെ മാതാമഹൻ ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബിനേയും വിളിച്ചിട്ടുണ്ടായിരുന്നു. ഞാൻ എത്തിയപ്പോൾ മൗലവി മുഹമ്മദലി സാഹിബും ഖ്വാജ കമാലുദ്ദീൻ സാഹിബും മൗലവി സദ്റുദ്ദീൻ സാഹിബും മറ്റു ചിലരും അവിടെ സന്നിഹിതരായിരുന്നു. ഖ്വാജാ സാഹിബ് സംസാരത്തിനു തുടക്കം കുറിച്ചു കൊണ്ട് പറഞ്ഞു താങ്കളെ വിളിപ്പിക്കാൻ കാരണം മൗലവി സാഹിബിന്റെ ആരോഗ്യം വളരെ മോശമായിരിക്കുകയാണ്. ക്ഷീണവും ബലഹീനതയും വർദ്ധിച്ചിരിക്കുന്നു. അവർ ഖലീഫത്തുൽ മസീഹിനെ കുറിച്ചു മൗലവി സാഹിബ് എന്നാണു പറയാറ്. അവരുടെ ദൃഷ്ടിയിൽ ഹുദൂർ ഇനി അധിക കാലം ജീവിച്ചിരിക്കില്ല. തലയ്ക്കു പറ്റിയ മുറിവ് കാരണം ഹുദൂർ അത്രമാത്രം അവശനാണു. എന്നാൽ ഹുദൂർ തന്റെ ആരോഗ്യ കാര്യം നേരിട്ടു ഡോക്റ്റർ മിർസാ യഅ്ഖൂബ് ബേഗ് സാഹിബിനോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ആരോഗ്യം മോശമല്ലെന്നും പേടി

ക്കാനൊന്നുമില്ലെന്നുമായിരുന്നു. ഇപ്പോൾ അവർ വട്ടം കൂടി ആരോഗ്യം മോശമാണെന്നു പറയുന്നു. ഇതൊക്കെ അവരുടെ ഇരട്ടത്താപ്പുകളായിരുന്നു.

തുടർന്നു ഖ്വാജാ സാഹിബ് പറയുകയാണ് ഞങ്ങൾക്കു ഇവിടെ തന്നെ തങ്ങാൻ സാദ്ധ്യമല്ലല്ലോ. എന്തായാലും ഞങ്ങൾക്കു ലാഹോർ തിരിച്ചു പോയേ പറ്റുകയുള്ളു. ഇവിടെ ഫിത്നയും കുഴപ്പങ്ങളും ഇല്ലാതിരിക്കാനായി നമുക്കു ചിലതു തീരുമാനിക്കാനുണ്ട്. അതിനു വേണ്ടിയാണു ഈ ഉച്ച നേരത്തു താങ്കളെ ബുദ്ധിമുട്ടിച്ചത്. ഞങ്ങൾ ആരും തന്നെ ഖിലാഫത്ത് അഗ്രഹിക്കുന്നവരല്ലെന്ന കാര്യം ഞാൻ താങ്കൾക്കു ഉറപ്പു നൽകുന്നു. മൗലവി മുഹമ്മദ് അലി സാഹിബും അങ്ങനെ തന്നേയാണ്. അതുകേട്ടപ്പോൾ മുഹമ്മദ് അലി സാഹിബ് പറഞ്ഞു ആ ആഗ്രഹം ഒരിക്കലും തന്നെ എനിക്കും ഇല്ല. അതിനു ശേഷം ഖ്വാജാ സാഹിബ് തുടർന്നു കൊണ്ട് പറഞ്ഞു ഖിലാഫത്തിനു യോഗ്യനായി ആ സ്ഥാനത്തേയ്ക്കു താങ്കളെയല്ലാതെ മറ്റാരേയും ഞങ്ങൾ കാണുന്നില്ല. ഞങ്ങൾ ആ കാര്യം തീരുമാനിച്ചുറച്ചിരിക്കുകയാണ്. പക്ഷേ, ഞങ്ങൾ ലാഹോറിൽനിന്നും ഇവിടെ തിരിച്ചെത്തുന്നതു വരെ ഖിലാഫത്തിന്റെ കാര്യത്തിൽ താങ്കൾ അന്തിമതീരുമാനം കൈകൊള്ളരുത്. ഈ കാര്യത്തിൽ കാണിക്കുന്ന ധൃതിയും തിടുക്കവും ജമാഅത്തിൽ വല്ല കുഴപ്പവും ഉണ്ടാക്കുമോ എന്നാണു ഞങ്ങളുടെ ഭയം.

അവരെന്തൊരു മുനാഫിഖ് തരമാണു കാണിക്കുന്നതെന്നു നോക്കൂ. അപകടം പറ്റി അവശനായ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഏതാനും ദിവസത്തിനകം തന്നെ മരിച്ചു പോകുമെന്നാണു അവർ ധൃഢമായും കരുതുന്നത്. ഈ കൂടിയാലോചന നടക്കുന്നതിനു ഒരു മണിക്കൂർ മുമ്പ് ഇക്കൂട്ടരിൽ പെട്ടവർ തന്നെ ഖലീഫത്തുൽ മസീഹിനോടു നേരിട്ടു ആരോഗ്യ കാര്യത്തിൽ ആശങ്കപ്പെടേണ്ട കാര്യമൊന്നുമില്ലെന്നും വസീയത്തു എഴുതേണ്ട ആവശ്യമില്ലെന്നും പറഞ്ഞിട്ടുണ്ടായിരുന്നു. അവിടെ നിന്നു എഴുന്നേറ്റ ഉടനെ ഭാവി ഖലീഫയെ കുറിച്ചു അവർ ചിന്തിക്കാൻ തുടങ്ങി.

ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് വിവരിക്കുകയാണു ആ കൂടിയാലോചനാവേളയിൽ എന്റെ ഉത്തരവാദിത്തം എന്തായിരിക്കണമെന്നു ഞാൻ ശരിക്കും തിരിച്ചറിഞ്ഞു. സഹാബാക്കളുടെ കീഴ്‌വഴക്കം എന്റെ കൺമുന്നിൽ പ്രത്യക്ഷപ്പെട്ടു. ഒരു ഖലീഫ ജീവിച്ചിരിക്കേ മറ്റൊരു ഖലീഫയെ കുറിച്ചു ആലോചിക്കുന്നത്, അത് നിലവിലുള്ള ഖലീഫയുടെ മരണത്തിനു ശേഷമുള്ള കാര്യമായാലും ശരി അതു പാടില്ലാത്തതും നിഷിദ്ധവുമാണ്. അതിനാൽ ഈ കാര്യത്തിൽ സംസാരിക്കുന്നതു പോലും പാപമാണെന്നാണു ഞാൻ കരുതുന്നതെന്നു അവിടെ കൂടിയിരുന്നവരോട് ഞാൻ പറഞ്ഞു. അവരാരും ഖിലാഫത്തു സ്ഥാനമോഹികളല്ലെന്നും ഞാനാണു ആ സ്ഥാനം മോഹിക്കുന്നതെന്നുമാണു മുകളിൽ ചേർത്ത അവരുടെ സംസാരത്തിലൂടെ മനസ്സിലാകുന്നത്. ഞാനാ കാര്യത്തിൽ അവരോട് വാഗ്വാദത്തിനോ വാക്കുതർക്കത്തിനോ പോയില്ല.

ഖ്വാജാ കമാലുദ്ദീൻ സാഹിബും മൗലവി മുഹമ്മദ് അലി സാഹിബും ഖിലാഫത്തു മോഹികളല്ലെങ്കിൽ ഞങ്ങളെ കാത്തിരിക്കണമെന്നു പറയേണ്ട ആവശ്യമെന്തായിരുന്നു. അവരുടെ ദൃഷ്ടിയിൽ അവർ പറഞ്ഞതു പോലെ സാഹിബ് സാദാ സാഹിബാണു ഖിലാഫത്തിനു യോജിച്ചയാളെങ്കിൽ അവരെ കാത്തിരിക്കേണ്ട ആവശ്യമില്ലല്ലോ. ഞങ്ങൾ ഖിലാഫത്ത് ആഗ്രഹിക്കുന്നില്ലെന്നു അവർ പറഞ്ഞത് മുഖവിലയ്ക്കെടുക്കാൻ സാദ്ധ്യമല്ല. അതു തികച്ചും കളവായിരുന്നുവെന്നും വാക്കു കസർത്തു കളായിരുന്നുവെന്നും പിന്നീടുള്ള സംഭവങ്ങൾ തെളിയിച്ചു. 1914 ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ വിയോഗാനന്തരം ഖിലാഫത്തു സ്ഥാനം ലഭിക്കാതിരുന്നപ്പോൾ അവരെല്ലാം ലാഹോറിൽ പോവുകയും മൗലവി മുഹമ്മദ് അലി സാഹിബിനെ തങ്ങളുടെ സംഘത്തിന്റെ അമീറായി അവരോധിക്കുകയും ചെയ്തിട്ടുണ്ടായിരുന്നുവല്ലോ. (തുടരും)



കുറിപ്പുകൾ

# ഐക്യരാഷ്ട്ര സഭയുടെ ഇസ്‌ലാമോഫോബിയ വിരുദ്ധ ദിനം

മുസാഫിർ



ലോകജനതയെ പ്രതിനിധീകരിക്കുന്ന ആധികാരിക അന്തർദേശീയ സംഘടനയായ ഐക്യരാഷ്ട്ര സഭ, മാർച്ച് 15ന് ഇസ്‌ലാമോഫോബിയ വിരുദ്ധ ദിനമായി ആചരിക്കാൻ ലോകജനതയോട് ആഹ്വാനം ചെയ്യുകയുണ്ടായി. 57 അംഗരാജ്യങ്ങളുള്ള ഓ ഐ സി (Organisation of Islamic Cooperation. OIC) സ്പോൺസർ ചെയ്ത പ്രമേയം ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലിയിൽ അവതരിപ്പിച്ചത് പാകിസ്താന്റെ സ്ഥിരം പ്രതിനിധി മുനീർ അക്രം ആണ് എന്നത് ശ്രദ്ധേയമാണ്. 2019 ൽ പാകിസ്താൻ പ്രധാനമന്ത്രിയായിരുന്ന ഇമ്രാൻ ഖാനാണ് ഈ വിഷയം യു എൻ ജനറൽ അസംബ്ലിയിൽ ഉയർത്തിയത്. ഏതായാലും പാക്കിസ്താനിൽ നിന്നും ഇസ്‌ലാമോഫോബിയക്കെതിരായ നീക്കമുണ്ടാകുന്നത് വിരോധാഭാസമാണെങ്കിലും സ്വാഗതാർഹമാണ്. ലോക സമൂഹത്തിൽ മുസ്‌ലിം അവസ്ഥ പരമദയനീയമാണെന്ന യാഥാർത്ഥ്യം ലോകം തിരിച്ചറിഞ്ഞിരിക്കുന്നു. ഇസ്‌ലാമോഫോബിയ എന്ന പദം തന്നെ അതിന് തെളിവാണ്. ഇസ്‌ലാമിനോടുള്ള അയുക്തികവും അകാരണവുമായ ഭീതി, വെറുപ്പ് വിവേചനം വിദ്വേഷം മുൻവിധി എന്നിവയെല്ലാം ഈ പദം സൂചിപ്പിക്കുന്നു.


പാകിസ്താന്റെ സ്ഥിരം പ്രതിനിധി മുനീർ അക്രം ആണ് ഇസ്‌ലാമോഫോബിയാ വിരുദ്ധ ദിനം (International Day to Combat Islamophobia) ആചരിക്കാനുള്ള പ്രമേയം കഴിഞ്ഞ വർഷം ജനറൽ അസംബ്ലിയിൽ അവതരിപ്പിച്ചത്. യു എൻ പൊതു സഭയിൽ അവതരിപ്പിച്ച പ്രമേയത്തെ 140 രാജ്യങ്ങൾ പിന്തുണയോടെ ഏകകണ്ഠേനയാണ് പ്രമേയം പാസ്സായത്. ഇന്ത്യയും ഫ്രാൻസും യൂറോപ്യൻ യൂണിയനും പ്രമേയത്തെ നിരുപാധികം അനുകൂലിച്ചില്ല. ഇസ്‌ലാമിനും മുസ്‌ലിംകൾക്കും എതിരെ മാത്രമല്ല ലോകത്ത് എല്ലാ മതങ്ങൾക്കെതിരെയും എല്ലാ കാലത്തും അക്രമവും വിവേചനമുണ്ടായിട്ടുണ്ടെന്നും ഇത് ഇസ്‌ലാമിനെ മാത്രം ബാധിക്കുന്ന പ്രശ്നമല്ലെന്നും അവർ ചൂണ്ടിക്കാട്ടി. ബഹുഭൂരിപക്ഷം അംഗരാജ്യങ്ങളും പ്രമേയത്തെ പിന്തുണച്ച് ഏകകണ്ഠേനയാണ് വോട്ട് ചെയ്തത്. ലോകത്തെ നടുക്കിയ 2019 മാർച്ച് 15 ന് ന്യൂസിലാന്റിലെ ക്രൈസ്റ്റ് ചർച്ച് മോസ്കിൽ ക്രിസ്ത്യനിയായ ഒരു വെള്ള വംശീയവാദി നടത്തിയ വെടിവെപ്പിൽ 49 മുസ്‌ലിംകൾ മരിച്ചിരുന്നു. ആ ദിനത്തെ അനുസ്മരിച്ചു കൊണ്ടാണ് ഇസ്‌ലാമോഫോബിയാ വിരുദ്ധ ദിനത്തിന്റെ തീയതി മാർച്ച് 15 ആയി തിര

ഞ്ഞെടുത്തത്.

ഇസ്ലാമോഫോബിയ സംബന്ധിച്ച് ഐക്യരാഷ്ട്ര സഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ലേഖനത്തിൽ മുസ്ലിംകൾക്കെതിരായുള്ള വിദ്വേഷം ദ്രുതവേഗത്തിൽ പരക്കുന്ന ഒരു സാംക്രമിക രോഗം പോലെ വ്യാപിക്കുകയാണെന്നാണ് പറയുന്നത്. 2001 സെപ്തംബർ 11 ന് ഇസ്ലാമിന്റെ പേരിൽ അരങ്ങേറിയ ഭീകരാക്രമണത്തിന് ശേഷം മുസ്ലിംകൾക്കെതിരെ സന്ദേഹങ്ങൾ സുസംഘടിതമായ രീതിയിൽ നിരവധി രാജ്യങ്ങളിൽ പരക്കുകയുണ്ടായി. പ്രാദേശികമായും അന്തർദേശീയവുമായുള്ള നിരവധി സംഘടനകൾ മുസ്ലിംകളെ ലക്ഷ്യം വെച്ച് അസാധാരണമായ അനുപാതതിൽ ഇസ്ലാമിനെതിരെയും മുസ്ലിംകൾക്കെതിരെയുമുള്ള വെറുപ്പ് വംശീയത പോലെ പ്രചരിക്കപ്പെടുന്നു. എല്ലായിടത്തും മുസ്ലിം സാന്നിദ്ധ്യം ഒരു വിപത് സാദ്ധ്യതയാണെന്ന മട്ടിൽ മുസ്ലിംകൾക്കെതിരെ പ്രചാരണം യൂറോപ്യൻ നാടുകളിലും മുസ്ലിം ന്യൂനപക്ഷ രാജ്യങ്ങളിലും പരക്കുകയാണ്. അവിടങ്ങളിൽ സാധനങ്ങൾ, സേവനങ്ങൾ, വിദ്യാഭ്യാസം തൊഴിൽ, താമസം എന്നിവ ലഭിക്കുന്നതിൽ മുസ്ലിംകൾ വിവേചനവും പ്രയാസങ്ങളും അനുഭവിക്കുന്നു. ഇസ്ലാമിന്റെ പരിശുദ്ധ പ്രവാചകനെതിരായി അതിനിശിതമായി നിന്ദിക്കുന്നു. ചില രാജ്യങ്ങളിൽ മുസ്ലിംകളോടുള്ള അപരത്വം കാരണം പൗരത്വവും നിയമപരമായ കുടിയേറ്റവും നിഷേധിക്കപ്പെടുന്നു. ഈ രീതിയിൽ ഇസ്ലാമിക വിരുദ്ധത ലോകത്ത് പരക്കുകയാണെന്ന് യു എൻ വെബ്സൈറ്റിലെ ലേഖനം സൂചിപ്പിക്കുന്നു.

**ഇസ്ലാമോഫോബിയ എന്നത് അമുസ്ലിംകൾ മുസ്ലിംകളോട് കാട്ടുന്ന വിവേചനവും പീഢനവുമാണെന്ന് പറയുമ്പോൾ തന്നെ മുസ്ലിംകൾ സ്വയം വരുത്തിവെച്ച അവസ്ഥായാണിതെന്ന ആത്മ വിമർശനപരമായ പരിശോധനയും പരിഹാരവുമാണ് ഇതിന്ന് ആദ്യം തേടേണ്ടത്. നമ്മുടെ കൊച്ചുകേരള ത്തിലെ നാട്ടിൻ പുറത്ത് പോലും മുസ്ലിം സംഘടനകൾ ചേരിതിരിഞ്ഞ് ബദറിലും ഉഹദിലും കണ്ട പോരാട്ട വീര്യത്തോടെ പരസ്പരം പൊരുതുകയാണ്. ഒരു കക്ഷിയുടെ ഏറ്റവും വലിയ പ്രതിയോഗി മാറ്റാരുമല്ല മറ്റൊരു മുസ്ലിം കക്ഷിയാണ്.**

സോവിയറ്റ് റഷ്യയുടെ പതനത്തിന് ശേഷം അമേരിക്കയുടെ നേതൃത്വത്തിലുള്ള ഏകധ്രുവ ലോകം ഏറേകുറെ അസ്തമിച്ചു. പുതിയ ബഹുധ്രുവ ലോകവ്യവസ്ഥ രൂപപെട്ടു വരികയാണ്. പല വിധ പ്രശ്നങ്ങളാലും വലയുന്ന അമേരിക്കൻ മേധാവിത്വം ലോകത്ത് ഏറെകുറെ ഇല്ലാതായ മട്ടാണ്. അമേരിക്കയുടെയും ഇസ്റയേലിന്റെയും നേതൃത്വത്തിലുള്ള മുസ്ലിം വിരുദ്ധ സമീപനം പഴയത് പോലെ പ്രവർത്തിക്കുന്നില്ല എന്ന അവസ്ഥയുടെ സൂചനകൂടിയാണ് ഈ ഇസ്ലാമോഫോബിയ വിരുദ്ധ ദിനാചരണം. ഡൊണാൾഡ് ട്രമ്പ് അധികാരത്തിലിരുന്നപ്പോൾ ഉള്ളത് പോലെ ഊഷ്മളമല്ല അമേരിക്കാ ഇസ്രയേൽ ബന്ധം. ഉദാഹരണത്തിന് അമേരിക്കയിലെ ഡമോക്രാറ്റിക് പാർട്ടി അംഗവും മിനസോട്ട സ്റ്റേറ്റിൽ ഹൗസ് ഓഫ് റപ്രസന്റേറ്റീവ് ആയി തിരഞ്ഞെടുക്കപ്പെട്ടയാളുമായ ഇൽഹാൻ അബ്ദുല്ലാഹി ഉമർ എന്ന വനിത ഇസ്ലാമോഫോബിയക്കും ഇസ്റയേലിനും എതിരായി ശക്തമായി നിലകൊള്ളുന്ന സ്ത്രീയാണ്. സോമാലിയയിൽ നിന്നുള്ള കുടിയേറ്റക്കാരിയായ ഇവർ ഫലസ്തീനികളോട് അതിക്രമം കാണിക്കുന്ന ഇസ്രയേലീ നയങ്ങളുടെ ശക്തയായ വിമർശകയാണ്. ഹിജാബിൽ പ്രത്യക്ഷപ്പെടുന്ന ഇൽഹാൻ ഒമർ അമേരിക്കയിൽ വൻ സ്വീകാര്യതയാണ് ലഭിക്കുന്നത്. അത്പോലെ മുസ്ലിംകൾക്ക് വേണ്ടി സംസാരിക്കുന്ന വനിതയാണ് ഡമോക്രാറ്റിക്ക് പാർട്ടിയിലെ മിച്ചിഗൺ ഹൗസ് ഓഫ് റപ്രസന്റ



റ്റീവ് റാഷിദാ ഹർബി ത്‌ലായിബ്. ഫലസ്തീനിൽ നിന്നും കുടിയേറിയ അമേരിക്കൻ പൗരയാണവർ. പുതിയ ലോക സാഹചര്യത്തിൽ റഷ്യക്കും ചൈനക്കും മദ്ധ്യപൗരസ്ത്യ ഇസ്‌ലാമിക രാജ്യങ്ങളിൽ താൽപര്യമുണരുകയും ഇസ്‌ലാമിക രാജ്യങ്ങൾ അവരുമായി പലനിലക്കും ബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നു. മുസ്‌ലിം രാജ്യങ്ങളെ പ്രീണിപ്പിക്കുക എന്നത് വൻ രാഷ്ട്രങ്ങൾ നയിക്കുന്ന ലോക ശാക്തിക ബലതന്ത്രത്തിന്റെ ഭാഗമായും നാം കാണേണ്ടതുണ്ട്. അമേരിക്കയും ഇസ്രയേലും നയിച്ച പഴയ ലോക ക്രമത്തിന്റെ രസതന്ത്രത്തിൽ മാറ്റങ്ങളുണ്ടായിട്ടുണ്ട് എന്ന് വേണം മനസ്സിലാക്കാൻ.

ഇസ്‌ലാമോഫോബിയ എന്നത് അമുസ്‌ലിംകൾ മുസ്‌ലിംകളോട് കാട്ടുന്ന വിവേചനവും പീഢനവുമാണെന്ന് പറയുമ്പോൾ തന്നെ മുസ്‌ലിംകൾ സ്വയം വരുത്തിവെച്ച അവസ്ഥായാണിതെന്ന ആത്മവിമർശനപരമായ പരിശോധനയും പരിഹാരവുമാണ് ഇതിന്ന് ആദ്യം തേടേണ്ടത്. നമ്മുടെ കൊച്ചുകേരളത്തിലെ നാട്ടിൻ പുറത്ത് പോലും മുസ്‌ലിം സംഘടനകൾ ചേരിതിരിഞ്ഞ് ബദറിലും ഉഹദിലും കണ്ട പോരാട്ട വീര്യത്തോടെ പരസ്പരം പൊരുതുകയാണ്. ഒരു കക്ഷിയുടെ ഏറ്റവും വലിയ പ്രതിയോഗി മാറ്റാരുമല്ല മറ്റൊരു മുസ്‌ലിം കക്ഷിയാണ്. ആഗോളതലത്തിൽ ഈ അവസ്ഥ വരുത്തിവെച്ചത് അമേരിക്കയോ പാശ്ചാത്യ ശക്തികളോ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളോ യഹൂദരോ ആണോ? സ്വന്തം കുറ്റം കൊണ്ടാണ് ഈ ജീർണ്ണതകളെല്ലാം സംഭവിക്കുന്നത് എന്നാണ് സമുദായം തിരിച്ചറിയേണ്ടത്. അങ്ങനെയുണ്ടാകുന്ന ബലഹീനത മുതലെടുക്കാൻ മറ്റുള്ളവർ കൈനീട്ടുക സ്വാഭാവികം. ആരോഗ്യമുള്ള ശരീരത്തിൽ രോഗാണുബാധ ഏൽക്കില്ല. ശരീരം ബലഹീനമായാൽ പുറമേ നിന്നുള്ള രോഗാണു സംക്രമണം ഉണ്ടാവും എന്ന ലളിത പാഠം മുസ്‌ലിംകൾ മറക്കരുത്. എന്ത്കൊണ്ട് ഖൈറുൽ ഉമ്മത്തായ ഈ ഉമ്മത്ത് എല്ലാ രാജ്യങ്ങളിലും പിന്നോക്കക്കാരും ബലഹീനരുമായി മാറി? എന്തുകൊണ്ട് ഇഷ്ടം പോലെ സമ്പത്തുണ്ടായിട്ടും മദ്ധ്യ പൗരസ്ത്യദേശത്തെ മുസ്‌ലിം രാജ്യങ്ങൾ പശ്ചാത്യ കോഴ്മകളുടെ അടിമ രാജ്യം പോലെ ആയിത്തീർന്നു? ബഹുഭൂരിപക്ഷം മുസ്‌ലിംകളും പട്ടിണിക്കാരും ദരിദ്രരുമായി മാറി.

പരിശുദ്ധ ഇസ്‌ലാം മതത്തെ മറ്റുള്ളവർക്ക് ഒരു ഫോബിയ ആക്കി മാറ്റിയതിൽ മുസ്‌ലിം മത-രാഷ്ട്രീയ നേതൃത്വത്തിന് ഉത്തരവാദിത്വമില്ലേ? സമുദായത്തെ ഈ വിധം രോഗാതുരമാക്കി മാറ്റിയവരെകൊണ്ട് തന്നെ ഈ ആതുരാവസ്ഥ ചികിത്സിച്ചു ഭേദമാക്കാനാകുമോ? ഇങ്ങനെ സമുദായം അധപതിക്കുമ്പോൾ അല്ലാഹുവിന്റെ നടപടി എന്താണ്? ഒരു പരിശുദ്ധാത്മാവിനെ നിയോഗിച്ചയക്കുക എന്നതാണ്. ജീർണ്ണതക്കുള്ള സമ്പൂർണ്ണ പരിഹാരവുമായി റസൂൽ തിരുമേനി (സ) പറഞ്ഞ ദൈവിക പരിഹാര പദ്ധതിയാണ് മസീഹായും മഹ്ദിയായും ഒരു മഹാത്മാവിന്റെ ആവിർഭാവം. മുസ്‌ലിം സമുദായം നൂറ്റാണ്ടുകളായി റസൂൽ തിരുമേനി(സ)യുടെ ഈ സുവിശേഷം സാക്ഷാത്ക്കാരത്തിന്നായി പ്രതീക്ഷയർപ്പിച്ചു കാത്തിരുന്നു. പക്ഷേ അല്ലാഹു വാഗ്ദാനം ചെയ്ത വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ആഗതനായപ്പോൾ യഹൂദർ ഈസാ മസീഹി(അ)നെ നിരാകരിച്ചത് പോലെ അദ്ദേഹം നിരാകരിക്കപ്പെടുകയും ഭത്സിക്കപ്പെടുകയും അദ്ദേഹത്തെ വധിക്കാൻ ശ്രമിക്കുകയുമുണ്ടായി. യഹൂദരാവട്ടെ ആ പീഢിതാവസ്ഥയിൽ നൂറ്റാണ്ടുകളോളം കഴിഞ്ഞു. മസീഹിനെ നിരാകരിച്ച ആ ചരിത്ര പാഠം മുസ്‌ലിംകൾക്ക് വേണ്ടിയുള്ളതായിരുന്നു. അല്ലാഹു അയച്ച വാഗ്ദത്ത മസീഹിനെ എത്രയും വേഗം സ്വീകരിക്കുകയും അല്ലാഹുവിനാൽ സ്ഥാപിതമായ ഖിലാഫത്ത് വ്യവസ്ഥയിൽ അണിനിരക്കുകയും ചെയ്യുന്നുവോ അത്രയും വേഗം റസൂൽ തിരുമേനി(സ)യുടെ പ്രിയപ്പെട്ട ഈ ഉമ്മത്ത് രക്ഷപ്പെടുന്നതാണ്. അല്ലാതെ വർഷം മുഴുവനും ഇസ്‌ലാമോഫോബിയ വിരുദ്ധ ദിനമായി ആചരിച്ചാലും ഈ മുസ്‌ലിം അവസ്ഥക്ക് ഒരു മാറ്റവുമുണ്ടാകില്ല. ഖുർആൻ പറയുന്നു:

**'ഒരു ജനത അവരുടെ ഹൃദയത്തിലുള്ളതിന് അവർ സ്വയം മാറ്റം വരുത്തുന്നത് വരെ അവരുടെ സ്ഥിതിക്ക് അല്ലാഹു മാറ്റം വരുത്തുന്നതല്ല.' (സൂറ: റഅദ്:13:12)**

**അനുസ്മരണം**

# പി. കെ. സുബൈദ സാഹിബ

കൂടാളി ജമാഅത്തിലെ മുൻ ലജ്നാ പ്രസിഡണ്ടും മർഹൂം കുനിയിൽ ബഷീർ സാഹിന്റെ ഭാര്യയുമായ പി. കെ സുബൈദ സാഹിബ (93) 2023 ഫെബ്രവരി 22 ന് വഫാത്തായി. ഇന്നാലില്ലാഹി...... ...കേരളത്തിലെ ആദ്യ അഹ്മദികളിലൊരാളായ സൈനുമാന്റവിട അബുസാഹിബിന്റെ പേരകുട്ടിയും സി എച്ച് ഹുസ്സൻ കുട്ടി സാഹിബിന്റെ മകളുമാണ്. നല്ലൊരു വായനക്കാരിയായിരുന്ന അവർ അതീവ ഭക്തയും മൂസിയുമായിരുന്നു. **മക്കൾ**: പി. കെ റഷീദ് സാഹിബ് പി. കെ സാഹിദ സാഹിബ. അല്ലാഹു മർഹൂമക്ക് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

**- പി. കെ അബ്ദുൾ മാലിക്**



അഹ്മദിയ്യാ മുസ്‌ലിം കമ്മ്യൂണിറ്റി, യു.കെ. സംഘടിപ്പിച്ച 17-ാമത് നാഷ്ണൽ പീസ് സിമ്പോസിയം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അഞ്ചാം ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു....) മുഖ്യപ്രഭാഷണം നടത്തുന്നു.

## അനുസ്മരണം

# കവീം അഹ്മദ്



കാവശേരിയിൽ 2023 ഫെബ്രുവരി 2 ന് വഫാത്തായ കവീം അഹ്മദ് (19 വയസ്സ്) പിതാവ് മർഹും പി എച്ച് യൂസുഫ് സാഹിബ്. മാതാവ് എസ്.എം. ശരീഫ സാഹിബ. സഹോദരങ്ങൾ: വസീം അഹ്മദ്, ഖയ്യിമ നൗരിൻ. ജമാഅത്തിന്റെ സജീവ പ്രവർത്തകനായ ഒരു ഖാദിം ആയിരുന്നു. അല്ലാഹു മഗ്ഫിറത്തും ജന്നത്തും നൽകുമാറാകട്ടെ. - എച്ച്. എസ്.

# വഖ്ഫെ നൗ സംസ്ഥാന ഇജ്തിമ




വഖ്ഫെ നൗ സംസ്ഥാന ഇജ്തിമ 2023 ജനുവരി 28,29 തീയതികളിൽ മലപ്പുറം ജില്ലയിലെ കരുളായിൽ വെച്ച് നടന്നു. വഖ്ഫെ നൗ ഭാരത് ഇൻചാർജ് ശമീം അഹ്മദ് ഗോറി സാഹിബ് ഉദ്ഘാടനം ചെയ്തു. മലപ്പുറം ജില്ലാ അമീർ ടി.കെ. അമീറലി സാഹിബ് അദ്ധ്യക്ഷനായിരുന്നു. ഇജ്തിമ കമ്മിറ്റി ചെയർമാനും എറണാകുളം ജില്ലാ അമീറുമായ ടി.കെ. അബൂബക്കർ സാഹിബ് ആമുഖഭാഷണം നടത്തി. ഇജ്തിമക്ക് ആശംസകൾ അർപ്പിച്ചുകൊണ്ട് വിവിധ ജില്ലാ അമീർമാരായ കെ. അബ്ദുൾ അസീസ് സാഹിബ് (കണ്ണൂർ), കെ.എം. അഹ്മദ് കോയ (കോഴിക്കോട്), എച്ച്. സുലൈമാൻ സാഹിബ് (പാലക്കാട്) എന്നിവർ സംസാരിച്ചു. ഇജ്തിമ കമ്മിറ്റി കൺവീനർ മുസദ്ദിഖ് അഹ്മദ് സാഹിബ് റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

Published on 07.04.2023
Pages 44
Vol: 95 Issue. 04
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly


## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ

*കൂടുതൽ വിവരങ്ങൾക്ക്*

മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഇമെയിൽ sathyadoothan1@gmail.com
**Phone No: 9447086862 (G. Pay)**

ISLAM
INTERNATIONAL
PUBLICATIONS
Scan and pay with any BHIM UPI app
G Pay PhonePe Paytm


Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim